Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മകരം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 ജനവരി 20 | ലക്കം 21

## പ്രേമബദ്ധനായിരുന്ന അഭിഭാഷകൻ പുണ്യവാനായി

(പി. സി. കുര്യൻ ബി. എ., ബി. ടി.)

1947 ജൂൺ 22-ാം തീയതി അപ്രമാദിയായ കത്തോലിക്കാസഭ ബെർണഡൈൻ റിയലിനോ എന്ന ഈശോസഭാ വൈദികനെ പുണ്യവാനെന്നു പ്രഖ്യാപനം ചെയ്യുകയുണ്ടായി. അന്നേക്കു സുമാർ 331 വത്സരം മുൻപ് അവസാനിച്ച അപ്രസിദ്ധമായ ഒരു ജീവിതത്തിലെ വീരോചിതമായ പരിശുദ്ധതാപൗഷ്കല്യത്തിന് ഔദ്യോഗികമായി നൽകിയ അംഗീകരണം മാത്രമായിരുന്നു അത്. ക്രിസ്തീയലോകംപോലും ഈശോസഭയിലെ ഏറ്റവും പഴയ ഈ പുണ്യവാനെപ്പറ്റി വളരെയൊന്നും അറിഞ്ഞിട്ടില്ല. ഇറ്റാലിയനായിരുന്ന ഈ മഹാത്മാവ് സ്വരാജ്യത്തിന്റെ അതിർത്തികൾക്കപ്പുറം ഒരിക്കലും പോയിട്ടില്ലെന്നുമാത്രമല്ല റോമാനഗരംപോലും അദ്ദേഹം ഒരിക്കലേ കണ്ടിട്ടുള്ളു. ദക്ഷിണ ഇറ്റലിയിലെ അപരിഷ്കൃതമായ ഒരു ഗ്രാമത്തിൽ നാല്പത്തിരണ്ട് സുദീർഘവർഷങ്ങൾ അദ്ദേഹം നിസ്തുല്യമായ സേവനമനുഷ്ഠിച്ചു കഴിഞ്ഞുകൂടി. അവിടെ അദ്ദേഹം അദ്ധ്യാപകനും, ഔദ്യോഗിക ഭിക്ഷാദാതാവും, കപ്പൽത്തൊഴിലാളികളുടെ പ്രേഷിതനും, വിവേകിയും ദയാലുവുമായ ആത്മീകപിതാവും, സകലരുടെയും ആത്മസുഹൃത്തുമായിരുന്നു.

ഏകദേശം മുപ്പത്തഞ്ചുവയസ്സുവരെ നിയമജ്ഞൻ, സാഹിത്യകാരൻ, യോദ്ധാവ് എന്നീ നിലകളിൽ കുലീനനായ കഥാനായകൻ സമാർജ്ജിച്ചിരുന്ന അസൂയാവഹമായ നിലയും, അതിനുപരി, സുന്ദരിയായ ഒരു യുവതീരത്നത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന പ്രണയബന്ധവുമോർക്കുമ്പോൾ അദ്ദേഹം സഹിച്ച ത്യാഗത്തിന്റെ മാറ്റ് നമുക്ക് ഏകദേശം ഊഹിക്കാം. അദ്ദേഹത്തിന്റെ പടയാളിയായിരുന്ന പിതാവ് ഒരു നഗരത്തെ പിടിച്ചടക്കുന്നതിലും പൂർണ്ണമായി ഈ യുവതി ബെർണഡൈന്റെ ഹൃദയത്തെ അപഹരിച്ചിരുന്നു. സ്വന്തം സ്മരണാക്കുറിപ്പുകളിൽ ക്ലോറിസ് എന്ന മോഹനനാമമാണ് അദ്ദേഹം അവൾക്കു നൽകിയിരിക്കുന്നത്. ഗ്രീക്കു പുരാണത്തിലെ കുസുമദേവതയുടെ ഈ പേർ, ബെർണഡൈന്റെ ഹൃദയദേവതയുടെ യഥാർത്ഥനാമമോ, അഥവാ വല്ല സമാജത്തിന്റെ അംഗമെന്നനിലയിൽ അവർ സ്വീകരിച്ച വ്യാജസംജ്ഞയോ ആയിരിക്കാം. ഏതായാലും ഈ പുണ്യവാന്റെ ചരിത്രകാരന്മാരിൽ പലരും ക്ലോറിസിനെ തികച്ചും വിഗണിച്ചിരിക്കയാണ്. അദ്ദേഹത്തിന്റെ ജീവിതസുധാകരനിൽ ഈ മമതാബന്ധം ഒരുപക്ഷേ കളങ്കമായിത്തീർന്നേക്കാമെന്നുള്ള യാഥാസ്ഥിതികമനോഭാവമായിരിക്കാം ഇതിനു കാരണം. എന്നാൽ അദ്ദേഹത്തിന്റെ സ്മരണാക്കുറിപ്പുകളുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യുകയായിരിക്കും അത്. "ഗുണവതിയും പരിശുദ്ധയും ആയിരുന്നതോടൊപ്പം അവൾ സുന്ദരിയുമായിരുന്നു; വിവേകത്തിലാകട്ടെ അദ്വിതീയയും" എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. ബെർണഡൈൻ ഇങ്ങനെ തുടരുന്നു: "എന്റെ ഹൃദയാധിനാഥ; അസൂയഭരമായ സ്നേഹാതിരേകമാണ് എനിക്കവളോടുണ്ടായിരുന്നത്. അവളുടെ ആഗ്രഹങ്ങളുടെ പരിപൂർത്തിമാത്രമായിരുന്നു എന്റെ സൗഭാഗ്യം."



സഭയുടെ ആദിമന്താറാണ്ടുകൾ മുതൽ വിശ്വാസികൾ സവിശേഷമായ ഭക്തി പ്രകടിപ്പിച്ചുപോരുന്ന വേദസാക്ഷിണി വിശുദ്ധ ആഗ്നസ്.

തത്വശാസ്ത്രപാനം പൂർത്തിയാക്കി എം. ഏ. ബിരുദം സമ്പാദിച്ചശേഷം വൈദ്യശാസ്ത്രാധ്യയനത്തിനായി ജീവിതം വിനിയോഗിക്കണമെന്ന് 1551-ൽ കഥാപുരുഷൻ തീരുമാനിച്ചു. എന്നാൽ നിയമാദ്ധ്യയനമാണ് അദ്ദേഹത്തിന്റെ അഭിരുചിക്ക് അനുരൂപമായത് എന്ന് ക്ലോറിസിനു അഭിപ്രായമുണ്ടായിരുന്നതുനിമിത്തം അതിനായി അവൾ സ്വപ്രേമഭാജനത്തെ പ്രേരിപ്പിച്ചു. ബെർണഡൈന് അതു ബോദ്ധ്യമായില്ല. നിയമബിരുദസമ്പാദനത്തിന് ബൊളോഞ്ഞാ സർവ്വകലാശാലയിൽ അഞ്ചാറു കൊല്ലത്തെ കഠിനാദ്ധ്വാനം ആവശ്യമായിരുന്നു. തന്നെയുമല്ല രണ്ടുമൂന്നു വർഷമായി വൈദ്യശാസ്ത്രാദ്ധ്യയനത്തിനാവശ്യമായ പ്രാരംഭപാഠങ്ങൾ അദ്ദേഹം പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. എന്നാൽ "പ്രണയബദ്ധനായ ഒരുവനു പ്രയാസമായി ഒന്നുമില്ല" എന്നുള്ള ക്ലോറിസിന്റെ സുശക്തവാദത്തെ ജയിക്കാൻ ബെർണഡൈനു സാധിച്ചില്ല.

ബെർണഡൈൻ കലാവിജ്ഞാനംകൊണ്ട് ആർജ്ജിച്ച പ്രസിദ്ധി സാധാരണ ഒരുവന്റെ തലതിരിക്കാൻ പര്യാപ്തമായ വിധത്തിൽ അത്ര വിപുലമായിരുന്നു. കലാപ്രോത്സാഹനംകൊണ്ട് പ്രഖ്യാതികാംക്ഷിച്ച "എസ്റ്റേ" പ്രഭുക്കൾ അവരുടെ തലസ്ഥാനനഗരമായ ഫെറാറായെ യൂറോപ്പിലെ ഏറ്റം ആധുനികനഗരമാക്കിത്തീർത്ത കാലമായിരുന്നു അത്. പിതാവിന്റെ ആവശ്യങ്ങൾക്കായി കഥാനായകൻ പലപ്പോഴും അവിടം സന്ദർശിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം കൊട്ടാരത്തിലേക്കു ക്ഷണിക്കപ്പെട്ടു; അവിടത്തെ കലാസമിതിയിൽ അദ്ദേഹത്തിന്റെ ഒരു കവിത വായിക്കുന്നതിനും ഇടയായി. വശ്യവചസ്സായ ഈ യുവാവിന്റെ സാമർത്ഥ്യവിശേഷത്താൽ ആകൃഷ്ടമായ രാജസദസ്സ് അദ്ദേഹത്തെ ഭരണാധിപനു പരിചയപ്പെടുത്തിക്കൊടുത്തു. തന്നെയുമല്ല പ്രഭുകുമാരനും ഫെറാറാ മെത്രാനുമായിരുന്ന കർദ്ദിനാൾ "ലൂയി ഡി എസ്റ്റേ"യുടെ ഭവനത്തിൽ അദ്ദേഹത്തിനു സ്വീകരണവും ലഭിച്ചു. ഈ സ്വീകരണം കേവലം ഔപചാരികമായിരുന്നെങ്കിലും അതിന്റെ ഫലമായി ഒരു ഖഡ്ഗം ധരിച്ചുകൊണ്ടു നടക്കുന്നതിനുള്ള അവകാശം ബെർണഡൈനു സംലബ്ധമായി.

നിയമാദ്ധ്യയനത്തിന്റെ അവസാനത്തോടുകൂടിത്തന്നെ അതു പ്രയോഗിക്കുന്നതിനുള്ള ഒരു പരീക്ഷണാവസരം അദ്ദേഹത്തിനു കൈവന്നു. സ്വമാതാവിന്റെ വസ്തുക്കളെ സംബന്ധിക്കുന്ന ഒരു കേസിലായിരുന്നു അത്. കേസ് കോടതിയിൽ വിസ്താരത്തിനു വയ്ക്കാതെ നീട്ടിക്കൊണ്ടുപോകുന്നതിൽ അക്ഷമനായ "ഫ്രാൻസിസ്കോ റിയലിനോ" പുത്രനായ ബെർണഡൈനെ കാര്യസാദ്ധ്യാർത്ഥം ഫെറാറായിലേക്കയച്ചു. പക്ഷേ കേസു വിസ്തരിപ്പിക്കുന്നതിനു ബെർണഡൈനും കഴിഞ്ഞില്ല. അങ്ങനെയിരിക്കെ കേസ് രാജിയായിത്തീരുന്നതി

ന് തീരുമാനിച്ചിരിക്കുന്ന വിവാഹത്തിന് പിതാവിൽനിന്നും കഥാനായകനു കത്തുലഭിച്ചു ഇതിന് മദ്ധ്യസ്ഥനായി വരിക്കപ്പെട്ടതു് "കാർപ്പി" സർവ്വകലാശാലയിൽ പ്രൊഫസറായിരുന്നിട്ടുള്ള ഒരു "ജിയോവാനി ഗാലി"യായിരുന്നു. രാജ്യവ്യവസ്ഥയനുസരിച്ച് നിയമവിധേയമാത്രമായി ആലോചിക്കാതെ അയാൾ സ്വബന്ധുക്കളായ പ്രതികൾക്കനുകൂലമായി കേസ് തീരുമാനംചെയ്തു ഈ വാർത്തയറിഞ്ഞപ്പോൾ ശുദ്ധബുദ്ധിയായ ബെർണദൈൻ വിധിത്തീർപ്പിന്റെ അനീതിയിലും അതിലുപരി സ്വപ്രയത്നങ്ങളുടെ വിഫലതയിലും അത്യന്തം ദുഃഖിതനായിച്ചമഞ്ഞു. കാർപി നഗരത്തിൽവെച്ച് അദ്ദേഹം ഒരിക്കൽ ഗാലിയെ കണ്ടുമുട്ടി തോന്ന്യവാസമായി കേസ് തീരുമാനിക്കാൻ കാരണമെന്തെന്ന് ബെർണദൈൻ ഏററവും മര്യാദയായിത്തന്നെ അയാളോടു ചോദിച്ചു. ന്യായമൊന്നും പറയാനില്ലായിരുന്നതുകൊണ്ട് ഗാലി അദ്ദേഹത്തെ അധിക്ഷേപിക്കാൻ തുടങ്ങി. കോപാന്ധനായ ബെർണദൈനു് എതിരാളിയുടെ നീചോദ്യോതകമായ മുഖഭാവം മാത്രമേ അപ്പോൾ കാണാൻ കഴിഞ്ഞുള്ളൂ. എന്തിനേറെ, അതുവരെ അദ്ദേഹത്തിന് ഒരാഭരണം മാത്രമായിരുന്ന ഖഡ്ഗം നിമിഷംകൊണ്ട് ഗാലിയുടെ മുഖത്തിനുനേരെ പാഞ്ഞു! എങ്കിലും ഗാലിയുടെ ഫാലദേശത്തു പ്രത്യക്ഷമായ രക്തരേഖ ബെർണദൈന്റെ കോപത്തെ നിമജ്ജനംചെയ്തു ആത്മനിയന്ത്രണരാഹിത്യത്തിൽ ലജ്ജിതനായി അദ്ദേഹം വേഗം ഗൃഹത്തിലേക്കു മടങ്ങി; കുറെ ദിവസത്തേക്കു് പുറത്തിറങ്ങുകപോലും ചെയ്തില്ല.

മുറിവു നിസ്സാരമായിരുന്നെങ്കിലും പ്രൊഫസർ ഗാലി നിസ്സാരനായിരുന്നില്ലല്ലോ. പരസ്യമായ അക്രമക്കുററം ബെർണദൈനിൽ ആരോപിക്കപ്പെട്ടു. കർദ്ദിനാൾ ലൂഗിയും കീർത്തിശാലിയായ അൽഫോൺസോകുമാരനും ഭരണാധികാരിയായ "എർകോൾ" പ്രഭുവിനോടു് കാരുണ്യത്തിനുവേണ്ടി യാചിച്ചെങ്കിലും നിയമചക്രത്തിന്റെ ഗതിയെ തടയാൻ അദ്ദേഹം വിസമ്മതിച്ചു. തന്നെയുമല്ല അക്രമങ്ങളും കൊലപാതകവും ഭീജനകമാംവിധം വർദ്ധിച്ചിരുന്ന കാലവുമായിരുന്നു അതു്. ഉടനടിയുള്ള ശിക്ഷമാത്രമായിരുന്നു ഇതിനുള്ള ഏക പ്രതിവിധി. ബെർണദൈന്റെ കൈയ് വെട്ടിക്കളയുന്നതിനും 200 ലിറ പിഴ ഈടാക്കുന്നതിനും ന്യായാധിപൻ വിധി നൽകി. എന്നാൽ ശിക്ഷ നടത്തലിനു ഏതാനും ദിവസത്തെ താമസമുണ്ടായിരുന്നു. അതിനിടയിൽ അദ്ദേഹം ബൊളോഞ്ഞായിലേക്കു കടന്നുകളഞ്ഞു ആ നഗരമാകട്ടെ സ്വരാജ്യരാഷ്ട്രത്തിൽ പെട്ടിരുന്നതുകൊണ്ട് "എസ്റ്റേ" ശാസനങ്ങൾക്കു് അവിടെ പ്രാബല്യമില്ലായിരുന്നുതാനും. അതിനാൽ നിർബാധം നിയമപഠനം തുടരുവാൻ ബെർണദൈനു സാധിച്ചു. അങ്ങനെ കലാബിരുദം സമ്പാദിച്ചു് എട്ടു വർഷം കഴിഞ്ഞപ്പോൾ "ഡോക്ടർ ഓഫ് സിവിൽ ആൻഡ് കാനൻ ലോസ്" എന്ന ഉന്നതബിരുദവും അദ്ദേഹം നേടി.

മദ്ധ്യശതകങ്ങളിലെ യൂറോപ്യൻ ക്രൈസ്തവസർവ്വകലാശാലകളിലെ ബിരുദദാനച്ചടങ്ങുകളുടെ മാഹാത്മ്യവും ഗൗരവവും മനസ്സിലാക്കുന്നതിന് ബെർണദൈന്റെ ബിരുദലബ്ധ്യാവസരത്തിലെ ആഘോഷങ്ങളുടെ വിവരങ്ങൾ നമ്മെ സഹായിക്കാതിരിക്കയില്ല. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും, സഹപാഠികളും ഒരുപക്ഷേ ബന്ധുമിത്രാദികളും സർവ്വോപരി ക്ലോറിസും "സാൻ പീടോ" ഭദ്രാസനദേവാലയത്തിൽ സന്നിഹിതരായിരിക്കെ പ്രൊമോട്ടറിനാൽ അനുഗതനായി കഥാപുരുഷൻ അവിടെ പ്രവേശിച്ചു. മെത്രാന്റെ പ്രതിനിധിയായ ആർച്ചുഡീക്കൻ പ്രധാനഭാഗത്തു് സിംഹാസനത്തിൽ ഉപവിഷ്ടനായി. അദ്ദേഹത്തിന്റെ ഇരുവശത്തുമായി സർവ്വകലാശാലയിലെ നിയമപണ്ഡിതന്മാർ ഔദ്യോഗികവേഷത്തിൽ ആസനസ്ഥരായി. കനകവും പാടലവും ഇടകലർന്ന് ഭാസുരവർണ്ണമായ വേഷവിധാനത്തോടുകൂടി യൂണിവേഴ്സിററി റെക്ടർ ബഹുമാന്യസ്ഥാനത്തു് പ്രത്യക്ഷപ്പെട്ടു. ഉജ്ജ്വലത്തായ ആ സദസ്സിൽ, നിയമപടുക്കളും, കലാകാരന്മാരും, വൈദ്യശാസ്ത്രകോവിദരും, ആദ്ധ്യാത്മികശാസ്ത്രപാരംഗതന്മാരുമായ മഹാന്മാർ ഇരുപതോളം ജനപദങ്ങളെയും പത്തുപന്ത്രണ്ടു വിവിധ ഭാഷകളെയും പ്രതിനിധീകരിച്ചു ആ മഹാസമ്മേളനത്തിൽ, തന്റെ പ്രഥമപ്രഭാഷണം നിർവ്വഹിക്കുന്നതിനായി എഴുന്നേററു് ആർച്ചുഡീക്കനെ അഭിവാദ്യംചെയ്തു സദസ്സിനെ അഭിമുഖീകരിച്ചപ്പോൾ അഗാധജ്ഞാനസമ്പന്നനായ നമ്മുടെ കഥാനായകൻപോലും ഒന്നു പകച്ചുപോയി. എങ്കിലും വാദപ്രതിവാദത്തിന് മുൻകൂട്ടി നിശ്ചയിച്ചിരുന്ന വിഷയത്തെ പരാമർശിച്ചു് നാനാഭാഗത്തുനിന്നും ബെർണദൈന്റെ നേരെ ചോദ്യങ്ങൾ ഉയർന്നു. നാനാമുഖസ്പർശികളായ തർക്കപ്രശ്നങ്ങളെ അദ്ദേഹം പ്രാഭവത്തോടെതന്നെ നേരിട്ടു. ആർച്ചുഡീക്കൻ അടയാളം കൊടുത്തപ്പോൾ ആ മസ്തിഷ്കമല്ലയുദ്ധം അവസാനിച്ചു അനന്തരം അദ്ദേഹം ബെർണദൈൻ റിയലിനോസ്സിക്കു് പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ ബിരുദംനൽകുന്ന പ്രഖ്യാപനം വായിക്കുകയും, മാർപ്പാപ്പായുടെ അധികാരത്തിൽ ലോകത്തിലെ ഏതൊരു സർവ്വകലാശാലയിലും രാഷ്ട്രനിയമവും സഭാനിയമവും അദ്ധ്യാപനം ചെയ്യുന്നതിനുള്ള അവകാശം ദാനം ചെയ്യുകയും ചെയ്തു. ഒരു നിയമപണ്ഡിതൻ നടത്തേണ്ട സത്യപ്രതിജ്ഞ ബെർണദൈൻ നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ പണ്ഡിതസംഘപ്രതിനിധി അദ്ദേഹത്തിന് വിടർത്ത ഒരു പുസ്തകം നൽകുകയും അംഗുലിയിൽ മോതിരമണിയിക്കുകയും, ഡോക്ടർബിരുദോചിതമായ തൊപ്പി ധരിപ്പിച്ചശേഷം "സമാധാനത്തിന്റെ ചുംബനം" നൽകുകയും ചെയ്തു. അനന്തരം നവബിരുദധാരി ഘോഷയാത്രയായി സ്വവസതിയിലേക്കു് ആനയിക്കപ്പെട്ടു.

അടുത്ത ഗ്രീഷ്മകാലം അദ്ദേഹം എങ്ങനെ ചെലവഴിച്ചുവെന്നു നമുക്കറിഞ്ഞുകൂടാ. ഏതായാലും ഉത്തരഇററലിയുടെ തലസ്ഥാനമായ മിലാനിലേക്കു പോകുവാനാണു് അദ്ദേഹം തീർച്ചയാക്കിയിരുന്നതു്. അവിടത്തെ ഗവർണ്ണറായിരുന്ന കർദ്ദിനാൾ മദറൂസ്സോ, ബെർണദൈന്റെ ഉൽക്കർഷത്തിൽ തല്പരനും അദ്ദേഹത്തിന്റെ പിതാവിന്റെ ഒരു സുഹൃത്തുമായിരുന്നതിനാൽ ഒരു ഉയർന്ന ഉദ്യോഗം ലഭിക്കുക നിഷ്പ്രയാസമായിരുന്നത്രേ. ഈ യാത്ര എസ്റ്റേ രാജ്യത്തുകൂടിയത്രേ നിർവ്വഹിക്കേണ്ടിയിരുന്നതു് അവിടത്തെ ശിക്ഷയിൽനിന്നും സൂത്രത്തിൽ രക്ഷനേടിയിരുന്ന ബെർണദൈനു് [illegible] സുകരമായിരുന്നില്ല. എന്നാൽ സഹസ്നേഹിതനും എസ്റ്റേപ്രഭുവിന്റെ ബന്ധുവുമായിരുന്ന സിജിസ്മോണ്ടും പത്നിയും ആയിടയ്ക്കു മിലാനിലേക്കു പോകുവാൻ നിശ്ചയിച്ചിരുന്നതിനാൽ അവരുടെകൂടെ പോകുന്നതിന് ബെർണദൈനെ ക്ഷണിക്കാതിരുന്നില്ല. ഇതുനിമിത്തം അപകടം കൂടാതെ കഴിക്കാമായിരുന്നെന്നുതന്നെയല്ല ഏതാനും ദിവസം "കാർപി"യിൽ താമസിക്കുന്നതിനും സാധിക്കുമായിരുന്നു. അസുഖകരമായ ഒരു സംഭവത്തിന്റെ ഫലമായി ആകസ്മികമായി സ്ഥലം വിടാൻ ഇടയായതുകൊണ്ടുണ്ടായ ആക്ഷേപം പരിഹരിക്കുന്നതിന് ഒരു നിയമബിരുദധാരിയായിട്ടുള്ള പ്രത്യാഗമനം ഏറെക്കുറെ പര്യാപ്തമായിരിക്കുമല്ലോ. സ്വഗൃഹത്തിലെത്തി സുദീർഘനാളത്തെ വേർപാടിനുശേഷം സ്വസഹോദരങ്ങളെ സന്ദർശിക്കുകയെന്നതു് അതിലേറെ ആസ്വാദ്യവുമായിരുന്നു. പക്ഷേ സർവ്വകലാശാലാജീവിതത്തിലെ അവിസ്മരണീയങ്ങളായ ആയിരമായിരം മധുരാനുഭവങ്ങൾ അവിടെനിന്നുള്ള യാത്രപറച്ചിലിനെ [illegible] ക്ലോറിസിനെയും പിരിയേണ്ടിയിരുന്നു. വേർപാടു് കുറച്ചുനാളത്തേക്കു മാത്രമായിരിക്കുമെന്നു് അവർ അന്യോന്യം പറഞ്ഞെങ്കിലും, അതും എത്ര അസഹനീയമായിരുന്നുവെന്നു് അവർക്കേ അറിഞ്ഞുകൂടൂ. അദ്ദേഹം യാത്ര ചെയ്ത വാഹനം സർവ്വകലാശാലാ ഗയിററു കടന്നു പുരോഗമിച്ചപ്പോൾ ഈ വിരഹാനുഭവങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ മഥിച്ചു; തിരോഭവിച്ചുകൊണ്ടിരുന്ന ആ മഹാമന്ദിരത്തിലേക്കു് അദ്ദേഹം അത്യാശാപൂർവ്വം ഒരിക്കൽകൂടി നോക്കി!

ക്ലോറിസിനെ പിന്നെ ഒരിക്കലും അദ്ദേഹം കണ്ടിട്ടില്ല. കാർപി തെരുവീഥിയിൽവെച്ചുണ്ടായ ഖഡ്ഗപ്രയോഗവും, ക്രിസ്ത്യൻസാഹിത്യപഠനത്തിനു അദ്ദേഹം സഹിച്ച ബുദ്ധിമുട്ടും അനന്തരകാലത്തു് ബെർണദൈന്റെ പശ്ചാത്താപത്തിനു കാരണമായിട്ടുണ്ട്. എന്നാൽ ക്ലോറിസിനോടുള്ള സ്വപ്രേമാതിശയത്തെപ്പററി ദുഃഖത്തിന്റെ ഒരു നേരിയ സൂചനപോലും ഉണ്ടായിട്ടില്ല എന്നു അദ്ദേഹത്തിന്റെ ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. അതും അദ്ദേഹത്തിന്റെ പുണ്യപദപ്രാപ്തിക്ക് സഹായകമായേ ഭവിച്ചുള്ളൂ. സംസ്കാരസമ്പത്തിന്റെയും സന്മാർഗ്ഗനിഷ്ഠയുടെയും അനുപമവിലാസം എന്നല്ലാതെ എന്തു പറയട്ടെ പ്രേമബദ്ധനായിരുന്ന ഈ അഭിഭാഷകസിദ്ധൻ നമ്മുടെ ജീവിതസരണിയിൽ ദീപ്തിവിതറുവാൻ ഇടയാകട്ടെ.

# പൗരസ്ത്യലോകം

## ഫുൾട്ടൻ ജെ. ഷീൻ തിരുമനസ്സിലെ നോട്ടത്തിൽ

(Dr. R. A. Thokalat)

ഗുണോൽഭൂതമല്ലാത്ത ഒരു ദോഷത്തിലും ദൈവം സംഗതിയാകുന്നില്ല. ദോഷദൂഷിതമാണ് കമ്മ്യൂണിസം. എങ്കിലും ഈ ദോഷമഹത്വം അതിനെ ഒരു നവ[illegible] നവോത്ഥാനത്തിനുള്ള മാർഗ്ഗമാക്കി രൂപാന്തരപ്പെടുത്തുകയില്ലെന്നു ആരു കണ്ടു? അസംതൃപ്തിയുടെ വർഷർത്തുവിൽ പടർന്നുപിടിക്കുന്ന ജീവനാശം ആരംഭധാമകമായുള്ള അഭിനവാത്മീയ വസന്തകാലത്തിന്റെ കുസുമകശ്മലഞ്ചയത്തോടുകൂടി യാഥാർത്ഥ്യത്തിന്റെ രഹസ്യം ധരിപ്പിക്കുവാൻ പര്യാപ്തമായവിധം അതു ഭൂമുഖത്തു ക്രമപ്പെടുത്തുകതന്നെ ചെയ്യും.

ക്രൈസ്തവചരിത്രത്തിലെ ഈ മൂന്നാം യുഗം നവംനവങ്ങളായ ചില വ്യതിയാനങ്ങളെല്ലാം ജനിപ്പിക്കുന്നതായിരിക്കും. ക്രിസ്തുവിന്റെ സന്ദേശം പാശ്ചാത്യലോകത്തുനിന്നും പൗരസ്ത്യദിക്കിലേക്കെത്തും.

പശ്ചിമലോകത്തിൽ ക്രൂശിക്കപ്പെട്ട സനാതനരക്ഷയുടെ വിശുദ്ധസംഹിതയായ ക്രിസ്തു മൃതിയടഞ്ഞ സമയത്തിനുള്ളിൽ തിരുമേനിയുടെ രക്തം പ്രവഹിക്കുന്ന കരപല്ലവങ്ങൾ ജപ്പാൻജനതയുടെ നേരെ നീട്ടും. [illegible]ന്റെ മുറിവുകളിൽ അവർ അവരുടെ ചെന്താമരപ്പൂക്കളെടുത്തു സമർപ്പിച്ചുകൊണ്ട് അവയെല്ലാം സ്നേഹത്തിന്റെ അടയാളങ്ങളായി മാററുകയും ചെയ്യും. നിത്യരക്ഷകൻ ചൈനയിലേക്കു തന്റെ ചതഞ്ഞുനുറുങ്ങപ്പെട്ട ശരീരത്തെ ആനയിക്കും. അവിടെ മടന്തന്മാരും കുരുടന്മാരും വിശക്കുന്നവരും ക്ഷാമപീഡിതരും ഓടിവന്നു് തിരുദേഹം തലോടുകയും എന്നേക്കുമായി കടന്നുപോയിരിക്കുന്ന കാളരാത്രിയുടെ ചിഹ്നങ്ങളെ ദൃഷ്ടിപഥത്തിലെത്തി[illegible] മറച്ചുകളകയും ചെയ്യും. ഇന്ത്യൻ ജനതയുടെ സമക്ഷം ക്രിസ്തുനാഥൻ തന്റെ [illegible] കാണിക്കുക. ധ്യാനനിഷ്ഠമായ നിർവ്വാണത്തിന് ക്രിസ്തു ശാന്തി പ്രതീക്ഷിച്ചു ഭാരതീയർ തിരുഹൃദയത്തിൽ ലയിച്ചുചേരുവുകയും ഉണ്ടാകും. ആഫ്രിക്കൻജനങ്ങൾക്കായി അപ്രതീക്ഷിതമായ അന്ധകാരത്തിനിടയാക്കിയ മുൾമുടിയാ[illegible] ക്രിസ്തു [illegible] പോകുന്നു. അവരെല്ലാം കൂടി [illegible] മുള്ളുകൾ പിഴുതെടുത്തു [illegible] ഉണ്ടാക്കി അവരുടെ [illegible] വെണ്മയും [illegible] സൗഭഗവും സ്ഫുരിക്കുംവിധം ദിവ്യരക്ഷകന്റെ തിരുശിർഷത്തിന്നലങ്കാരമാക്കിത്തീർക്കും.

ഉച്ചാടനം വേണ്ട ക്രിസ്തുരാജൻ തന്റെ സിംഹാസനത്തിലേക്കു കാൽ [illegible] സംഗതിയായല്ലോ. ദേഷത്തിന്റെ [illegible] അദ്ദേഹം ദേഷത്തെ അനുവദിക്കുന്നു എന്നാൽ രാജ്യങ്ങളെ അദ്ദേഹം കീഴടക്കുകതന്നെ ചെയ്യും.

# പുസ്തകാഭിപ്രായം

## വിശുദ്ധ ജോൺ വിയാനി

[വറുഗീസ് കീളിച്ചിമല. എസ്. എച്ച്. ലീഗ് ആലുവാ പേജ് VIII + 210 വില 1 ക. 4 ണ.]

വൈദികോത്തംസമായ വി. ജോൺ വിയാനിയുടെ ഉത്തേജകമായ ജീവചരിത്രമാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ആർസിലെ വിനീതമായ കൃത്യമണ്ഡലത്തിൽ അദ്ദേഹം നിർവഹിച്ച വിസ്മയാവഹമായ കാര്യങ്ങൾ വൈദികനും അവൈദികനും വിശുദ്ധിയുടെ വഴിത്താരയിൽ നടക്കുന്നതിനു് ഒരുപോലെ പ്രചോദനം നൽകുന്നവയാണ്. ഏതൽകാരണത്താൽ പ്രകൃതഗ്രന്ഥം രചിച്ച റവ. വറുഗീസ് കീളിച്ചിമല അവർകൾ തികച്ചും അഭിനന്ദനാർഹനായിരിക്കുന്നു. സുന്ദരമായ ഭാഷയിൽ ഗ്രന്ഥം രചിക്കുന്നതിനു തൽകർത്താവു് ശ്രമിച്ചിട്ടുണ്ടെങ്കിലും, "സഹൃദയനിൽ കവിത വിതറുക", "ആദ്ധ്യാത്മികപ്രബുദ്ധത ഉണർത്തുക" മുതലായ ചില പ്രയോഗങ്ങൾ എല്ലാവർക്കും രുചിക്കുമെന്നു തോന്നുന്നില്ല. ഇകാരത്തിനു ശേഷം പലതിടങ്ങളിലും "ക്ക" ഇരട്ടിച്ചിട്ടുണ്ട്. ഉദാ: ധ്യാനിക്കുക, പാലിപ്പിക്കുക, സൂക്ഷിക്കുക. അച്ചടിപ്പിക്കു "ക്ക" എന്നുമാത്രം അടിച്ചാൽ മതിയായിരിക്കുന്നു. ഇത്തരം അല്പമായ ചില ന്യൂനതകൾ ഉണ്ടെന്നിരുന്നാലും, ഗ്രന്ഥം പ്രചുരപ്രചാരം അർഹിക്കുന്ന ഒന്നാണെന്നു നിസ്സംശയം പറയാവുന്നതത്രെ. P. I. J.

## വിയാനിയുടെ സന്ദേശം

[പ്രസാധകർ: എസ്. എച്ച്. ലീഗ് ആലുവാ, നോർത്ത്. പേജ് XII + 252. വില 1 ക. 10 ണ]

"The Spirit of the Cure of Ars" എന്ന വിശ്രുതവിഖ്യാതഗ്രന്ഥത്തിന്റെ മനോഹരമായ ഒരു വിവർത്തനമാണിതു്. പരിഭാഷയുടെ നേതൃത്വം വഹിച്ച റവ. ഫാദർ ജോൺ കുന്നപ്പള്ളി അവർകളെ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

വൈദികം അവൈദികഭേദമെന്യേ എല്ലാവരും കുതൂഹലിക്കുന്ന ഈ കൃതി വായിച്ചിരിക്കേണ്ടതാണ്. വൈദികരെ സംബന്ധിച്ചിടത്തോളം പ്രസംഗിക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്യേണ്ടതു എങ്ങനെയെന്നു പഠിക്കുന്നതിനു് പ്രകൃതഗ്രന്ഥം വായിച്ചാൽ മതി. വി. ജോൺ വിയാനി ലോകപ്രസിദ്ധനായ ഒരു പണ്ഡിതനല്ലായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ ദിവ്യപ്രകാശം മുഖേന [illegible] അദ്ദേഹത്തിനുണ്ടായിരുന്നു. [illegible] അദ്ദേഹം ഉപയോഗിച്ചിരുന്ന ഉദാഹരണങ്ങൾ അനുഭവത്തിൽനിന്നു പെറുക്കിയെടുത്തവയാണ്. സുവിശേഷഗ്രന്ഥത്തിൽ കാണുന്നതരത്തിലുള്ള, ചമല്ക്കാരപൂർണ്ണങ്ങളും അർത്ഥസമ്പുഷ്ടങ്ങളുമായ അന്യാപദേശങ്ങൾ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെ ആപാദചൂഡം മനോഹരമാക്കിയിരിക്കുന്നു. അവയിലെ ഓരോ വാക്കും ശ്രോതാക്കളുടെ ഹൃദയങ്ങളിലേക്കു ആഞ്ഞുകയറിയിരിക്കണം.

വൈദികർക്കെന്നതുപോലെ അത്മായർക്കും ഈ ഗ്രന്ഥം വളരെ പ്രയോജനപ്രദമാണ്. മൗലികമായ വിശ്വാസസത്യങ്ങളെപ്പററിയും പ്രധാനപ്പെട്ട പുണ്യങ്ങൾ, ദുർഗ്ഗുണങ്ങൾ എന്നിവയെപ്പററിയും വിശുദ്ധൻ ചെയ്ത പല പ്രസംഗങ്ങളും ഇതിലടങ്ങിയിരിപ്പുണ്ട്. ഈ ഗ്രന്ഥം വായിക്കുന്ന ഏതൊരുവനും ആദ്ധ്യാത്മികജീവിതത്തിൽ ഒരടി മുന്നോട്ടുവയ്ക്കാതിരിക്കുകയില്ല. ആകയാൽ Tolle et lege—എടുത്തു വായിക്കുക—എന്നാണു് നിരൂപകനു് എല്ലാവരെയും ശക്തിയുക്തം ഉപദേശിപ്പിക്കുവാനുള്ളതു്. P. I. J.

# ചിക്കാഗോയിലെ കത്തോലിക്കാജീവിതം

(റവ. ജേക്കബ്ബ് കാലായിൽ, അമേരിക്ക)

ഞായറാഴ്ചദിവസം. മദ്ധ്യാഹ്നസമയം 12-15-നു് ആയിരുന്നു അന്നു് എനിക്കു് കുർബാന ചൊല്ലുവാൻ നിശ്ചയിച്ചിരുന്നതു്. പതിവിലധികം താമസിച്ചുപോയതുകൊണ്ടു് അനല്പമായ ക്ഷീണം തോന്നിയിരുന്നു. അല്പം ധൃതിയിൽത്തന്നെ കുർബാന ചൊല്ലിത്തുടങ്ങി കുർബാന ഉൾക്കൊള്ളുന്ന സമയമായപ്പോൾ പിറകിൽ കേൾക്കാം "ഞാൻ പിഴയാളി" കുർബാനയ്ക്കു കൂടുന്ന കുട്ടികൾ പതിവിനു ചൊല്ലിപ്പോയതാണെന്നു വിചാരിച്ചു് അവസാനശുശ്രൂഷയ്ക്കുള്ള വീഞ്ഞിനായി ഞാൻ കാസ നീട്ടി. അപ്പോഴാണു് കാര്യം മനസ്സിലാകുന്നതു്. കുർബാന കൈക്കൊള്ളുവാൻ ആളുണ്ടെന്നു ഒരു കുട്ടി എന്നെ ആംഗ്യംകാണിച്ചു മനസ്സിലാക്കി. വല്ല "പെണ്ണു"ങ്ങളുമായിരിക്കും അതെന്നു എനിക്കു തോന്നിപ്പോയി. നമ്മുടെ ചില പു. സ. ക്കാരുടെ ചെറുകഥകളിലും മറ്റും പൊന്തിനില്ക്കുന്ന ധ്വനി മിക്കവാറും "പെണ്ണു"ങ്ങൾ മാത്രമേ ഈ പരിഷ്കാരകാലത്തു് പള്ളിയിൽ പോകാറുള്ളൂ എന്നാണല്ലോ. തിരിഞ്ഞു നോക്കിയപ്പോൾ കാണാം ഏകദേശം 70-ൽപ്പരം ആളുകൾക്കു നിരന്നു മുട്ടുകുത്താവുന്ന അഴിക്കാൽ നിറയെ കുർബാന കൈക്കൊള്ളുവാൻ ആളുകൾ ഒരുങ്ങിനില്ക്കുന്നതു്. ആദ്യം ഇതെനിക്കു് വിശ്വസിക്കുവാൻപോലും കഴിഞ്ഞില്ല. അന്നു കുർബാന കൈക്കൊണ്ടവർ പ്രായംചെന്നവർ മാത്രമോ പെണ്ണുങ്ങൾ മാത്രമോ അല്ലായിരുന്നു. എല്ലാ പ്രായത്തിലും ഉള്ള സ്ത്രീപുരുഷന്മാർ.

ലൗകികജ്ഞാനത്തിലും ധനസമൃദ്ധിയിലും പരമാവധി പുരോഗമിച്ചിട്ടുള്ള ഈ നാട്ടിൽ പലതും എനിക്കു് അത്ഭുതകരമായി തോന്നിയിട്ടുണ്ടു്. എന്നാൽ മേൽസൂചിപ്പിച്ച കുർബാന കൈക്കൊള്ളലാണു് എന്നെ കൂടുതൽ വിസ്മയിപ്പിച്ചിട്ടുള്ള അത്ഭുതങ്ങളിൽ വലിയ അത്ഭുതം. എങ്കിലും എന്റെ വികാരങ്ങൾ അതേപടി ഞാൻ വെളിപ്പെടുത്തിയില്ല. വി. തോമ്മാശ്ലീഹായുടെ വരവിന്റെ 19-ാം ശതാബ്ദജൂബിലിയും മറ്റും കേമമായി ഘോഷിച്ചു കത്തോലിക്കാചൈതന്യത്തിനു് ദിഗന്തങ്ങളിൽ പ്രശസ്തി ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള കേരളക്കരയിൽ നിന്നാണു് എന്റെ പുറപ്പാടെന്നുള്ള കാര്യം ഞാൻ മറന്നില്ല. മറച്ചുമില്ല. ഞാൻ ഇവിടത്തെ കത്തോലിക്കരുടെ ജീവിതത്തെപ്പറ്റി സൂക്ഷ്മമായി അന്വേഷിച്ചുതുടങ്ങി. കുർബാന കാണുന്നവർ കുർബാന കൈക്കൊള്ളേണ്ടതാണെന്നുള്ള ബോധ്യം ഇന്നാട്ടിലെ കത്തോലിക്കർക്കു് നല്ലവണ്ണമുണ്ടു്. അതനുസരിച്ചു് പ്രവർത്തിക്കുവാൻ അവർ പ്രത്യേകം ശ്രമിക്കുന്നുമുണ്ടു്.

1400 ചതുരശ്രമൈൽ വിസ്തൃതവും 42 ലക്ഷം ജനങ്ങളും ഉള്ള ചിക്കാഗോ (Chicago) അതിരൂപതയിൽ പെട്ടതാണു് ഞാനിപ്പോൾ താമസിക്കുന്ന St. Benedict ഇടവക. ഈ അതിരൂപതയിൽ കത്തോലിക്കരുടെ ജനസംഖ്യ പതിനേഴുലക്ഷത്തോളം വരും. ചിക്കാഗോ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഈ ഇടവകയിൽ 2000 കത്തോലിക്കാ കുടുംബങ്ങളുണ്ടു്. 6 വൈദികരാണു് ഇടവകയ്ക്കുള്ള ജോലികൾ നടത്തുന്നതു്. പള്ളിയിലെ കപ്യാർജോലിയും രണ്ടുസ്കൂളുകളിലെ അദ്ധ്യാപനവും നടത്തുന്നതു് 47 അംഗങ്ങളുള്ള ഒരു സന്യാസിനീസമൂഹമാണു് ഈ അതിരൂപതയിലുള്ള 400 ഇടവകകളിലും ഇതുപോലെ കന്യാസ്ത്രീകളുടെ സഹായം കിട്ടുന്നുണ്ടു്. മിക്കവാറും ഇതുതന്നെ ആയിരിക്കും അമേരിക്കയിൽ ആകമാനം ഉള്ള സ്ഥിതിയെന്നു് ഊഹിക്കാവുന്നതാണു്.

ഈ ഇടവക ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി ഒരു പള്ളിയിലും ഒരു കപ്പേളയിലും രാവിലെ 6 മണിമുതൽ 12-45 വരെ തുടർച്ചയായി ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും കുർബാന അർപ്പിക്കപ്പെടുന്നു. ഇവിടെയുള്ള എല്ലാവൈദികരും രണ്ടു കുർബാനവീതം ചൊല്ലേണ്ടിവരുന്നുണ്ടു്. എല്ലാ കുർബാനയ്ക്കും 15 മിനിട്ടിൽ കവിയാത്തുള്ള പ്രസംഗവും ഉണ്ടായിരിക്കും. ഇക്കൊല്ലം അതിരൂപത ഒട്ടുക്കു പത്തു പ്രമാണങ്ങളെ സംബന്ധിച്ചു പ്രസംഗിച്ചുകൊള്ളണമെന്നാണു് നിർദ്ദേശം. സഹായാർത്ഥം ഒരു പ്രസംഗസംഗ്രഹം അച്ചടിച്ചു എല്ലാ വൈദികർക്കും രൂപതാദ്ധ്യക്ഷൻ നൽകിയിട്ടുണ്ടു്. ഇടദിവസങ്ങളിൽ രാവിലെ 6 മുതൽ 8-30 വരെ തുടർച്ചയായി വി. കുർബാന ഉണ്ടായിരിക്കും. ഈ കുർബാനകളിലൊക്കെ ധാരാളം ആളുകൾ കുർബാന കാണുവാനും കൈക്കൊള്ളുവാനുമുണ്ടു്. രാ-

## നോട്ടീസ്

നാട്ടകാണിക്കുള്ള 15-ാംലക്കം സത്യദീപം പത്രക്കെട്ടു ബസ്സിൽവച്ചു നഷ്ടപ്പെട്ടുപോയതിനാൽ വരിക്കാർക്കു ലഭിക്കാതെ പോയതിൽ നിർവ്യാജം ഖേദിക്കുന്നു.

മാനേജർ

വിലെയുള്ള കുർബാനകളിൽ കുർബാന എഴുന്നെള്ളിച്ചുകൊടുക്കുവാനായി ഒന്നിലധികം വൈദികർ സഹായിച്ചുകൊണ്ടിരിക്കുന്നു. പന്ത്രണ്ടേകാലിനു് ആരംഭിക്കുന്ന അവസാനകുർബാനയ്ക്കുപോലും ധാരാളം ആളുകൾ കുർബാന കൈക്കൊള്ളുവാൻ ഉണ്ടെന്നു അറിയുമ്പോൾ ഇവിടത്തെ കത്തോലിക്കാചൈതന്യം ഊഹ്യമാണല്ലോ.

എല്ലാ ശനിയാഴ്ചയും ഉച്ചകഴിഞ്ഞു രണ്ടുതവണയായി മൂന്നരമണിക്കൂർ ഇവിടെയുള്ള എല്ലാ വൈദികരും കുമ്പസാരക്കൂട്ടിൽ ഉണ്ടായിരിക്കണമെന്നാണു് നിയമം. അതു് അക്ഷരാർത്ഥം പാലിക്കപ്പെടുന്നുമുണ്ടു്. വിഷമം കൂടാതെ ഇരിക്കുവാനുള്ള സജ്ജീകരണങ്ങൾ കുമ്പസാരക്കൂട്ടിൽ ഏർപ്പെടുത്തിയിട്ടുണ്ടാവും. ഇതിനകം ഞായറാഴ്ചദിവസങ്ങളിൽ രണ്ടു കുർബാനവീതവും—അതും താമസിച്ചു്—ചൊല്ലിയിട്ടുള്ളതുകൊണ്ടും കുമ്പസാരത്തിനു പതിവായി സഹായിക്കുന്നതുകൊണ്ടും നേരിട്ടുള്ള അനുഭവത്തിൽനിന്നാണു് ഞാൻ ഇതെഴുതുന്നതു്. ക്രിസ്തുമസിനു് 8000 ത്തിൽ താഴെ കുർബാനകൈക്കൊള്ളലുണ്ടായിരുന്നു. ക്രിസ്തുമസ്സു് കഴിഞ്ഞുവന്ന ഞായറാഴ്ചയും അവസാന കുർബാനയ്ക്കുപോലും ധാരാളം പേർ കുർബാന കൈക്കൊള്ളുവാനുണ്ടായിരുന്നു എന്നു പറയുമ്പോൾ "നല്ല മാർപ്പീള മൂന്നുപ്രാവശ്യം പള്ളിയിൽ പോയാൽ മതി"യെന്നു പറഞ്ഞുനടക്കുന്ന വിദ്വാന്മാർ എന്തുപറയുമായിരിക്കും!

കുർബാന കൈക്കൊള്ളുവാൻ ധാരാളം ആളുകൾ സമീപിക്കുന്നതു കാണുമ്പോൾ നട്ടുച്ചവരെ കുർബാനചൊല്ലുവാൻ കാത്തുനിന്നതുകൊണ്ടുള്ള ക്ഷീണം താനെ മാറിപ്പോകുകയോ മറന്നുപോകുകയോ ചെയ്യുന്നു എന്നുള്ള കാര്യംകൂടി ഇത്തരുണത്തിൽ വെളിപ്പെടുത്തിക്കൊള്ളട്ടെ. നേരെമറിച്ചു് നമ്മുടെ നാട്ടിൽ "ഉച്ച"ക്കുർബാന ചൊല്ലുമ്പോൾ—അതു് പത്തുമണിയായാൽ കവിയേണ്ടിവരികയില്ല—കിട്ടുന്ന അനുഭവം എന്താണു്? ഒരു കൂട്ടം സുഖലോലുപന്മാർ "മണ്ണുണ്ണിമരപ്പാവ"കളെപ്പോലെ ഓരോ മൂലയിലും മുക്കിലും വളഞ്ഞുകൂടി ഇരിക്കുന്ന കാഴ്ച. കുർബാന കൈക്കൊള്ളുന്ന സമയമാകുമ്പോൾ "വാക്കൗട്ടി"ന്റെ ശബ്ദം. അവസാനാശീർവ്വാദത്തിനു തിരിയുമ്പോൾ അതർഹിക്കുന്ന ദൃശ്യം ചിലർമാത്രം. ശരീരം തളർന്നും മനസ്സിടിഞ്ഞുമാണു് കുർബാനചൊല്ലുന്ന വൈദികൻ ബലിപീഠത്തിൽനിന്നു പിരിയുന്നതു്. ഇതാരുടെ കുറ്റമായിരിക്കാം!

---

ബ്ര. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. മേലിലും വേണ്ട സഹായങ്ങൾ ഉണ്ടാകുവാൻ അപേക്ഷ.

എ. ജെ. ജോൺ,
കരുനാഗപ്പള്ളി

---

പാഠോച്ചാരണരീതിയിൽ നിന്നും "ഞാൻ പിഴയാളി", "മുഴുവൻ തോറ്റത്തിൻ പ്രകരണം" ഇവ ചൊല്ലുന്നതിൽനിന്നും ഇവിടത്തെ ആളുകളുടെ വേദപാഠത്തെപ്പറ്റി അന്വേഷിച്ചറിയുവാൻ എനിക്കു് ജിജ്ഞാസയുണ്ടായി. മതപാഠനം വളരെ ശ്രദ്ധാപൂർവ്വം നടത്തപ്പെടുന്നുണ്ടു്. കുഞ്ഞുങ്ങൾപോലും മതകാര്യത്തിൽ നല്ല അറിവുള്ളവരായി കാണപ്പെടുന്നു. ഇവിടത്തെ കത്തോലിക്കർ വളരെ ത്യാഗം ചെയ്താണു് സ്കൂളുകൾ നടത്തുന്നതു്. മതപാഠനം അതിപ്രധാനവിഷയമാണു്. തത്വം പഠിപ്പിക്കുന്നതോടൊപ്പം അതനുസരിച്ചു് ജീവിക്കുവാനുള്ള പരിശീലനവും നൽകപ്പെടുന്നു. ക്രിസ്തുസിന്റെ ഒരുക്കമായി എല്ലാ ക്ലാസ്സുമുറികളിലും മനോഹരമായ "പുൽക്കൂടു്" ഉണ്ടാക്കി കുട്ടികളെ ഈശോയുടെ മനുഷ്യാവതാരത്തെ സംബന്ധിച്ചുള്ള സംഗതികൾ മനസ്സിലാക്കുക പതിവാണു്. ഇങ്ങനെ ആണ്ടുവട്ടം വരുന്ന എല്ലാ തിരുനാളുകളിലും അവ സംബന്ധിച്ചുള്ള ദിവ്യരഹസ്യങ്ങളും അതതു കാലങ്ങളിൽ കുട്ടികളെ മനസ്സിലാക്കിക്കൊണ്ടിരിക്കും. നോമ്പുകാലത്തു് ത്യാഗം പരിശീലിപ്പിക്കുന്നതിനുവേണ്ടി അവർക്കായി "Children's mite box" (ശിശുക്കളുടെ ലഘുനിക്ഷേപം) എന്ന പേരിൽ ഒരു പെട്ടി സൂക്ഷിച്ചിരിക്കും. കുഞ്ഞുങ്ങൾക്കു് "ചോക്കളേറ്റു്" തുടങ്ങിയ പലഹാരങ്ങളും മറ്റും വാങ്ങുവാൻ കൊടുക്കുന്ന പണത്തിൽ ഒരംശം ത്യാഗം ചെയ്യണമെന്നു് അവരെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. അങ്ങനെ ഈ ഇടവകയിൽ 1952-ൽ കിട്ടിയ തുക ആയിരത്തിലധികം ഡോളറാണു്. ഇവിടത്തെ സ്കൂൾകുട്ടികളിൽനിന്നു് 1952-ൽ ഞായറാഴ്ചപ്പിരിവായി നാലായിരത്തിലധികം ഡോളർ കിട്ടി. പ്രായംചെന്നവരിൽ നിന്നുള്ള പിരിവു് 96000 ത്തിൽ അധികം വന്നു. ഈ നാട്ടിലെ അഭ്യസ്തവിദ്യരും സ്വാതന്ത്ര്യശീലരുമായ ജനങ്ങളുടെ മതബോധത്തിന്റെ ശരിയായ പ്രകടനമാണു് ഈ തുകയിൽ കാണുന്നതെന്നു് വിചാരിക്കാം. ഇത്രയും ഒരു ഇടവകയിൽ എനിക്കു അനുഭവപ്പെട്ട സംഗതികളിൽ ചിലതു മാത്രമാണു്.

40-ൽപ്പരം സിനിമാതീയേറ്ററുകളുള്ള ചിക്കാഗോ നഗരത്തിന്റെ മദ്ധ്യേ ഒരു പ്രധാനതെരുവിൽ ഇക്കഴിഞ്ഞ സെപ്റ്റംബർമാസത്തിൽ ഒരു പള്ളി പണിതു. 40ലക്ഷം ഡോളറാണു് അതിന്റെ ആകെ ചിലവു്. ഒരു ഇടദിവസം ഒന്നരമണിക്കു ഞാൻ ഈ ദേവാലയത്തിൽ പോയി. ശില്പകലയുടെ ആലയമെന്നു ആരും സമ്മതിക്കുന്ന ആ ദൈവഭവനത്തിൽ ആ അസമയത്തും 200-ൽപ്പരം ആളുകൾ ഉണ്ടായിരുന്നു. പലരും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നു. ചിലർ "സ്ലീബാപാത" കഴിക്കുന്നു. കുമ്പസാരക്കൂടിനു ഇരുവശങ്ങളിലും ആളുകൾ അവരുടെ സമയംനോക്കി കാത്തുനില്ക്കുന്നു. മൂന്നാംനിലയിൽ സദാ ആരാധന നടക്കുന്നുണ്ടു്. ഒരാഴ്ചയിൽ 50000 ആളുകൾ ആ പള്ളി സന്ദർശിക്കുന്നുണ്ടെന്നു് ഇവിടത്തെ പ്രധാനദിനപ്പത്രത്തിൽ ഞാൻ വായിച്ചു. ആ ദേവാലയത്തിന്റെ നിശ്ശബ്ദതയാണു് ആരേയും സ്പർശിക്കുന്ന ഒരു സംഗതി. ആൾത്തിരക്കും ബഹളവും പുറത്തു്. അകത്തോ എന്നാൽ പരിപൂർണ്ണ നിശ്ശബ്ദത. അതു് അലൗകികമായ ഒരു പ്രതീതിയാണു് ഉളവാക്കുന്നതു്.

ഈ പട്ടണത്തിലെ പൊതുവായനശാലകളിലും ദേവാലയങ്ങളിലും കാണപ്പെടുന്ന നിശ്ശബ്ദത പ്രത്യേകം സ്മരണീയമാണു്. സങ്കീർത്തിയിൽ കുർബാനയ്ക്കു കൂടുവാൻ വരുന്ന കുട്ടികൾ പാലിക്കുന്ന നിശ്ശബ്ദതയും ഒന്നു പ്രത്യേകംതന്നെ. ഇതിനു തക്കകാരണമുണ്ടു്. മറ്റുള്ളവർക്കു യാതൊരുതരത്തിലും അസുഖം നേരിടാത്തവിധത്തിൽ പെരുമാറണമെന്നുള്ള ഒരു ധാരണ ചെറുപ്പംമുതൽ കുട്ടികളിൽ വളർത്തിക്കൊണ്ടാണിരിക്കുന്നതു്. എന്തെങ്കിലും അപമര്യാദയായി പ്രവർത്തിക്കുന്നതിനു തുടങ്ങുമ്പോൾ ഇവിടെ സാധാരണ പറയാറുള്ള കഠിനവാക്കു "Behave yourself" (മര്യാദയായി പെരുമാറുക) എന്നതാണു്. ഇങ്ങനെ മറ്റുള്ളവരെക്കൊണ്ടു പറയിപ്പിക്കുവാൻ ഇടയാകുന്നതുതന്നെ വലിയ പോരായ്മയായി കരുതപ്പെടുന്നു.

ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനലക്ഷ്യം കുട്ടികളിൽ സാമൂഹ്യബോധം ഉളവാക്കുകയാണു്. അതനുസരിച്ചുള്ള പരിപാടികളും പരിശീലനവും ഉണ്ടു്. ഓരോരുത്തർക്കുമുള്ള അവകാശങ്ങൾ പരിരക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ അവകാശങ്ങളെ സംരക്ഷിക്കുവാനുള്ള ചുമതലയും ഉണ്ടെന്നു പ്രായേണ എല്ലാവരും ധരിക്കുന്നതായിട്ടാണു് അനുഭവത്തിൽ കാണുന്നതു്. ഈ കാരണത്താലാണു് ആളുകൾ പ്രാർത്ഥിക്കുകയോ, വായിക്കുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ മേൽപ്പറഞ്ഞവിധം പരിപൂർണ്ണനിശ്ശബ്ദത പാലിക്കുവാൻ എല്ലാവരും സഹകരിക്കുന്നതു്.

കുർബാന കാണുന്നവർ കുർബാന കൈക്കൊള്ളുകകൂടി ചെയ്യണമെന്നുള്ള വിചാരവും അതനുസരിച്ചുള്ള പ്രവൃത്തിയും അനുഭവത്തിൽ കണ്ടതുകൊണ്ടാണു് ഞാൻ ഇത്രയും എഴുതുവാൻ ഇടയായതു്. പരിശുദ്ധ കുർബാനയെപ്പറ്റി അല്പമെങ്കിലും അറിവുള്ളവർ ഈ പതിവിനെ ആദരിക്കാതിരിക്കയില്ല. ഒരു കത്തോലിക്കൻ നിവൃത്തിയുണ്ടെങ്കിൽ ഒരു കുർബാന കാണുവാനുള്ള അവസരം നഷ്ടപ്പെടുത്തരുതെന്നും കുർബാന കൈക്കൊള്ളത്തക്കവിധത്തിൽ ജീവിക്കേണ്ടതാണെന്നും കത്തോലിക്കാമതത്തെപ്പറ്റി മനസ്സിലാക്കിയിട്ടുള്ളവർ സമ്മതിക്കണം. ഇതനുസരിച്ചു പ്രവർത്തിക്കുവാൻ ഇപ്പോൾ പ. സിംഹാസനത്തിൽനിന്നു, കുർബാന കൈക്കൊള്ളുന്നതിനുവേണ്ട ഉപവാസത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ വളരെ സഹായിക്കുന്നതാണല്ലോ.

ആദ്യകുർബാന കൈക്കൊള്ളുന്നതിനായി അപ്പനും അമ്മയുംകൂടി കുട്ടിയെ അൾത്താരയുടെ സമീപം കൊണ്ടുപോകുകയും മൂന്നു വൈദികരിൽനിന്നു് ഒരേ സമയത്തു മൂന്നുപേരുംകുർബാന സ്വീകരിക്കുകയും ചെയ്യുന്ന പതിവു് ഇവിടെയുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

ഈ നാട്ടിലെ കത്തോലിക്കരുടെ മതചൈതന്യം വ്യക്തമാക്കുന്ന ഒരു സംഭവംകൂടി പറഞ്ഞുകൊള്ളട്ടെ. ക്രിസ്തുസിനു് ക്ഷണമനുസരിച്ചു ഞാൻ ഒരു വീട്ടിൽ പോയി. എല്ലാവരും ഒരുമിച്ചു ഒരു മേശയ്ക്കു ചുറ്റുമിരുന്നു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ അവിടത്തെ മൂന്നു കുട്ടികൾ എഴുന്നേറ്റു നിലത്തു മുട്ടുകുത്തി കൈ


## സ്കൂളുകൾക്കു്

സാഹിത്യസമാജം, രക്ഷാകർത്തൃദിനം മുതലായ ആഘോഷാവസരങ്ങളിലും, വേദോപദേശപരീക്ഷ സംബന്ധിച്ചും ഉള്ള സമ്മാനദാനത്തിനു പറ്റിയ കത്തോലിക്കാ ഗ്രന്ഥങ്ങൾ, പ്രാർത്ഥനപ്പുസ്തകങ്ങൾ, ബാഡ്ജുകൾ മുതലായവയും പള്ളികൾക്കാവശ്യമുള്ള മെഴുകുതിരി, ലോഹസാമാനങ്ങൾ, കൊന്തരൂപങ്ങൾ മുതലായവയും മിതമായ വിലയ്ക്കു കിട്ടുന്നതാണു്.

മൂക്കന്നൂർ തിരുഹൃദയ അനാഥശാലഡിപ്പോ,
എറണാകുളം 1



## പരസ്യം

"മക്കൾനല്ലവരാകണമെങ്കിൽ" എന്ന പുസ്തകം താഴെപ്പറയുന്ന ഡിപ്പോകളിൽനിന്നു് ലഭിക്കുന്നതാണു്.

1) മദ്ധ്യസ്ഥൻ ബുക്കുഡിപ്പോ ചങ്ങനാശ്ശേരി.
2) സെൻറു് തോമ്മസ് പ്രസ്സ്, പാലാ.
3) കത്തോലിക്കാ മിഷ്യൻ ഡിപ്പോ, കോട്ടയം.
4) എസ്. എച്ച്. ലീഗ്, ആലുവാ സെമ്മിനാരി
5) മിഷ്യൻലീഗ് ആഫീസ് ഭരണങ്ങാനം.
6) സെൻറു് തോമ്മസ് ദേവാലയം, അങ്കമാലി.
7) മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം.
8) ലിറ്റിൽ ഫ്ളവർപ്രസ്സ്, തേവര.
9) മി. കുറിയാക്കോസ് മാമ്മൂട്ടിൽ, വാച്ചുറിപ്പയറർ, കവല, ചങ്ങനാശ്ശേരി.
10) ഐ. എസ്. പ്രസ്സ്, എറണാകുളം.

വിമർശനവീഥി

# ബറിയായെ വിധിച്ച സോവ്യറ്റ് സുപ്രീംകോടതി

സോവ്യറ്റ് യൂണിയനിലെ ജുഡിഷ്യൽഘടനയിൽ 7 തരം കോടതികൾ അടങ്ങിയിട്ടുണ്ട്. 1) യു. എസ്സ്. എസ്സ്. ആറിലെ സുപ്രീംകോടതി. 2) യു. എസ്സ്. എസ്സ്. ആറിലെ സ്പെഷ്യൽകോടതികൾ. 3) യൂണിയൻ റിപ്പബ്ലിക്കുകളിലെ സുപ്രീംകോടതികൾ. 4) ആട്ടോണമസ് റിപ്പബ്ലിക്കുകളിലെ സുപ്രീംകോടതികൾ. 5) ആട്ടോണമസ് റീജനുകളിലേയും നാഷണൽ ഏറിയാകളിലേയും കോടതികൾ. 6) ടെറിട്ടറികളിലേയും റീജനുകളിലേയും കോടതികൾ. 7) ജനങ്ങളുടെ കോടതികൾ. ഇത് ഒടുവിലത്തേതാണ്. ഏറ്റവും താഴേന്നതും അടിസ്ഥാനപരവുമായ ജുഡിഷ്യൽ ഘടകം.

ഈ വിഭജനത്തിന്റെ അടിസ്ഥാനം സോവ്യറ്റ് യൂണിയന്റെ ഘടകങ്ങളാണ്. 1936-ലെ സ്റ്റാലിൻ ഭരണഘടനയനുസരിച്ച് യു. എസ്സ്. എസ്സ്. ആർ. അനേകം ഘടകങ്ങളോടുകൂടിയ ഒരു ഫെഡറേഷൻ ആണ്. 16 യൂണിയൻ റിപ്പബ്ലിക്കുകളും, ഏതാനും ആട്ടോണോമസ് റിപ്പബ്ലിക്കുകളും, ആട്ടോണമസ് റീജനുകളും, നാഷണൽ ഏറിയാകളും ആണ് ഈ ഘടകങ്ങൾ. ഘടകങ്ങളിലെ സുപ്രീംകോടതികൾക്കും മറ്റുകോടതികൾക്കും അതാതു സ്ഥലത്തുമാത്രമേ അധികാരമുള്ളു. നേരെമറിച്ച് യു. എസ്സ്. എസ്സ്. ആറിലെ, അതായതു ഫെഡറേഷന്റെ കേന്ദ്രത്തിലെ സുപ്രീംകോടതിക്ക് സോവ്യറ്റ് യൂണിയനിൽ മുഴുവനും, ഘടകരാജ്യങ്ങൾ സകലതിലും, അധികാരമുണ്ട്. ആ കോടതിയാണ് ബറിയായേയും കൂട്ടരേയും മരണശിക്ഷയ്ക്കു വിധിച്ചതു്.

യു. എസ്സ്. എസ്സ്. ആറിലെ സുപ്രീംകോടതി ഏറ്റവും ഉയർന്ന ജുഡിഷ്യൽ സ്ഥാപനമാണെന്നും അതിലെ ജഡ്ജിമാരെ യു. എസ്സ്. എസ്സ്. ആറിലെ സുപ്രീംസോവ്യറ്റ് 5 കൊല്ലത്തേക്ക് തിരഞ്ഞെടുക്കുകയാണെന്നും ഭരണഘടനയിലെ 105-ാം ആർട്ടിക്കിളിൽ പറയുന്നു. യു. എസ്സ്. എസ്സ്. ആറിലെ സുപ്രീംസോവ്യറ്റ് എന്നു വിളിക്കുന്നതു് സോവ്യറ്റു യൂണിയനിലെ അധോമണ്ഡലവും ഉപരിമണ്ഡലവും ഉൾപ്പെട്ട അവിടത്തെ ഏറ്റവും ഉയർന്ന നിയമസഭയെയാണ്. 1946-ൽ തിരഞ്ഞെടുത്ത സുപ്രീംകോടതിയിൽ ചെയർമനും ഡപ്യൂട്ടി ചെയർമനും ഉൾപ്പെടെ 68 ജഡ്ജിമാരും 25 അസ്സെസ്സർമാരും ഉണ്ടായിരുന്നു. 1951-മാർച്ചിൽ സമ്മേളിച്ച സുപ്രീംസോവ്യറ്റ് തിരഞ്ഞെടുത്ത സുപ്രീംകോടതിയിൽ 79 ജഡ്ജിമാരും 35 അസ്സെസ്സർമാരുമാണ് ഉള്ളതു്. ഒരു ജഡ്ജിക്കു വേണ്ടത്ര യോഗ്യതകൾ ഏവയെന്ന് നിയമം വ്യവസ്ഥാപിച്ചിട്ടില്ല. എങ്കിലും നിയമകാര്യങ്ങളിൽ ഏറ്റവും കുറഞ്ഞതോതിലെങ്കിലും അറിവും പരിചയവും ഇല്ലാത്തവരെ ജഡ്ജിമാരായി തിരഞ്ഞെടുക്കുക സാധാരണമല്ല.

> നിനക്കു ക്രിസ്തു ഉള്ളപ്പോൾ നീ ധനികനാണു; നിനക്കു് അദ്ദേഹം മതിയാകും; മനുഷ്യരെ ആശ്രയിക്കേണ്ട ആവശ്യം നിനക്കുണ്ടാകാതിരിക്കത്തക്കവണ്ണം നിനക്കാവശ്യമുള്ളതു അദ്ദേഹം തരുകയും എല്ലാകാര്യങ്ങളിലും അദ്ദേഹം നിന്റെ വിശ്വസ്ത ധനകാര്യദർശിയായിരിക്കുകയും ചെയ്യും.
>
> —ക്രിസ്ത്വനുകരണം

സുപ്രീംകോടതിയിലെ ചെയർമന് അഖിലയൂണിയനിലെയോ ഏതെങ്കിലും ഘടകത്തിലെയോ ഏതു കോടതിയിൽനിന്നും ഏതു കേസ്സും പിൻവലിച്ച് ഈ സുപ്രീംകോടതിയിലേക്കു മാറ്റുവാൻ അധികാരമുണ്ട്. അങ്ങനെ കീഴ്കോടതികളിൽനിന്നു പിൻവലിക്കപ്പെടുന്ന കേസ്സുകൾ സുപ്രീംകോടതിയിൽ ഫുൾബെഞ്ചു കൂടിയാണു കേൾക്കുന്നതു്. ആ ഫുൾബെഞ്ചിൽ യു. എസ്സ്. എസ്സ്. ആറിലെ പ്രൊക്യൂറേറ്റർ ജനറൽ ഉൾപ്പെട്ടിരിക്കും. നീതിന്യായവകുപ്പുമന്ത്രിക്കും, ഇഷ്ടമുണ്ടെങ്കിൽ, അതിൽ ഉൾപ്പെട്ടിരിക്കാം. രണ്ടുമാസത്തിലൊരിക്കൽ ഫുൾബെഞ്ചുകൂടി സുപ്രീംകോടതി അതിന്റെ അംശങ്ങളുടെ തന്നെ വിധികളും തീരുമാനങ്ങളും ചർച്ചചെയ്യുന്നു. അവയെ സുപ്രീംകോടതിയുടെ ചർച്ചയ്ക്കായി ഹാജരാക്കണമെന്നു ആവശ്യപ്പെടുവാൻ അതിന്റെ ചെയർമനോ പ്രൊക്യൂറേറ്റർ ജനറലിനോ അധികാരമുണ്ട്. മറ്റു കോടതികൾക്ക് സാമാന്യമായ മാർഗ്ഗദർശനം നൽകുന്ന തീരുവേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും സുപ്രീംകോടതിയുടെ ഫുൾബെഞ്ചിനു് അവകാശമുണ്ട്.

### സുപ്രീംകോടതി നിഷ്പക്ഷമല്ല

യു. എസ്സ്. എസ്സ്. ആറിലെ ഏറ്റവും ഉയർന്ന ഈ ജുഡിഷ്യൽസ്ഥാപനത്തിന്റെ കർത്തവ്യങ്ങൾ ഭരണഘടനയിലെ 104-ാം ആർട്ടിക്കിൾ വ്യവസ്ഥചെയ്യുന്നുണ്ട്. "യു. എസ്സ്. എസ്സ്. ആറിലും യൂണിയൻ റിപ്പബ്ലിക്കുകളിലുമുള്ള സകല ജുഡിഷ്യൽ സ്ഥാപനങ്ങളുടെയും ജുഡിഷ്യൽ നടപടികളുടെയും മേൽനോട്ടാധികാരം യു. എസ്സ്. എസ്സ്. ആറിലെ സുപ്രീംകോടതിയെ ഏല്പിച്ചിരിക്കുന്നു." ഈ ചുമതലയനുസരിച്ച്, കീഴ്കോടതിയുടെ വിധിയിന്മേൽ കക്ഷികളാരും അപ്പീൽ കൊടുക്കുന്നില്ലെങ്കിൽത്തന്നെ, ആ വിധി ചർച്ചചെയ്യുവാൻ സുപ്രീംകോടതിക്കു അധികാരമുണ്ട്. തന്മൂലം സുപ്രീംകോടതി നീതിയുടെ കാവൽക്കാരിയായി വർത്തിക്കുന്നുവെന്നാണു ഭാവം. എന്നാൽ ആ പരിശോധന നടത്തുന്ന ഫുൾബെഞ്ചിൽ പ്രൊക്യൂറേറ്റർ ജനറലിനും നീതിന്യായവകുപ്പുമന്ത്രിക്കും സ്ഥാനം അനുവദിച്ചിരിക്കുന്നതു് ഏറ്റവും ആക്ഷേപാർഹമാകുന്നു. നിഷ്പക്ഷമായി കോടതികൾ നീതിനടത്തണമെങ്കിൽ ജുഡിഷ്യറിവകുപ്പും എക്സിക്യൂട്ടീവു് വകുപ്പും തമ്മിൽ പരിപൂർണ്ണമായ വേർപാടുണ്ടായിരിക്കണം. എക്സിക്യൂട്ടീവുദ്യോഗസ്ഥന്മാർക്കു് ജുഡിഷ്യൽ നടപടികളിൽ യാതൊരു സ്ഥാനവും നൽകുവാൻ പാടുള്ളതല്ല. പ്രൊക്യൂറേറ്റർ ജനറലും നീതിന്യായവകുപ്പുമന്ത്രിയും മേലേക്കിടയിലുള്ള എക്സിക്യൂട്ടീവുദ്യോഗസ്ഥന്മാരാണു്. നിയമത്തിന്റെയും നീതിയുടേയും താല്പര്യങ്ങൾ വിസ്മരിച്ചു അവർ എക്സിക്യൂട്ടീവുവകുപ്പിന്റെ താല്പര്യങ്ങൾ പുലർത്തിയെന്നുവരാം. അങ്ങനെയുള്ളവരെ കോടതികളിൽ, പ്രത്യേകിച്ചും സുപ്രീംകോടതിയിൽ ജഡ്ജിമാരുടെ ഗണത്തിൽപ്പെടുവാനും വിചാരണകളിൽ സംബന്ധിക്കുവാനും അനുവദിക്കുന്നതു് നിഷ്പക്ഷമായ നീതിനടത്തിപ്പിനു് ഏറ്റവും ഹാനികരമാകുന്നു.

### സുപ്രീംകോടതി നീതിയുടെ കാവൽക്കാരിയല്ല

പൗരന്മാരുടെ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും നീതിയോടുകൂടി സംരക്ഷിക്കുകയും, അങ്ങനെ രാജ്യത്തു് നീതിയുടെ കാവൽക്കാരിയായിരിക്കുകയും ചെയ്യേണ്ടതു് സർവ്വപ്രധാനമായും സുപ്രീംകോടതിയാകുന്നു. ഭരണാധികാരികളുടെ അനീതികളിൽ നിന്നു പൗരന്മാർക്കു രക്ഷനേടുവാനുള്ള ഏകമാർഗ്ഗം നിഷ്പക്ഷമായ സുപ്രീംകോടതിയത്രെ. എന്നാൽ സോവ്യറ്റ് യൂണിയനിലെ സുപ്രീംകോടതിയിൽ നിന്നു് ഇത്തരം രക്ഷകിട്ടുവാൻ അവിടത്തെ പൗരന്മാർക്കു് സാദ്ധ്യമല്ലതന്നെ. യു. എസ്സ്. എസ്സ്. ആറിലെ ഏറ്റവുമുയർന്ന നിയമനിർമ്മാണസഭയാണല്ലോ സുപ്രീം സോവ്യറ്റ്. ആ സ്ഥാപനം ഏർപ്പെടുത്തുന്ന നിയമങ്ങൾ ഭരണഘടനാവിരുദ്ധങ്ങളാണോയെന്നു പരിശോധിക്കുവാനും, ആണെങ്കിൽ ആ വസ്തുത പ്രഖ്യാപിക്കുവാനും യു. എസ്സ്. എസ്സ്. ആറിലെ സുപ്രീംകോടതിക്കു് അധികാരമില്ല. സുപ്രീംസോവ്യറ്റ് കൊല്ലത്തിൽ ഒന്നോ രണ്ടോ തവണയും, അതും വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രവും സമ്മേളിക്കുന്ന നിയമസഭയാണ്. അതിന്റെ അഭാവത്തിൽ നിയമനിർമ്മാണങ്ങൾ നടത്തുന്നതു് അതു തിരഞ്ഞെടുത്തു നിശ്ചയിച്ചിട്ടുള്ള പ്രസിഡിയം എന്ന സ്ഥാപനമാണ്. പ്രസിഡിയം കൂടെക്കൂടെ സമ്മേളിക്കുന്നു. അതിന്റെ ചെയർമനും സിക്രട്ടറിയും അംഗങ്ങളിലധികവും എല്ലാപ്പോഴും തലസ്ഥാനത്തുള്ളവരും അനുദിനജോലികളിൽ നിയമേന വ്യാപൃതരുമാണ്. വാസ്തവം പറഞ്ഞാൽ പ്രസിഡിയമാണ് സോവ്യറ്റുയൂണിയനിലെ സാക്ഷാത്തായ പരമാധികാരഭരണസമിതി. നിയമനിർമ്മാണസഭയായ സുപ്രീംസോവ്യറ്റിനു് മാർഗ്ഗദർശനം നൽകുന്നതും കേന്ദ്രമായ ഫെഡറൽ യൂണിയനിലെ മന്ത്രിസഭയെ നിയന്ത്രിക്കുന്നതും പ്രസിഡിയമാണ്. ഫെഡറൽ യൂണിയൻ ഗവർമ്മെന്റിന്റെ നിയമനിർമ്മാണവകുപ്പിലും എക്സിക്യൂട്ടീവുവകുപ്പിലും അതിനു് അധികാരം ചെലുത്താം. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും ഉടമ്പടികളുടേയും വിദേശബന്ധങ്ങളുടേയും കാര്യങ്ങളിൽ വിധിനിർണ്ണായകമായ ഭാഗം അതു വഹിക്കുന്നുണ്ട്. സുപ്രീംസോവ്യറ്റിന്റെ സമ്മേളനങ്ങളെ ഇഷ്ടാനുസരണം അതു വിളിച്ചുകൂട്ടുന്നു. സോവ്യറ്റ് രാഷ്ട്രത്തിലെ മൗലികനിയമം ആവശ്യപ്പെടുന്നതിൽ കവിഞ്ഞിട്ടാണ് യഥാർത്ഥത്തിൽ ആ സമ്മേളനങ്ങളെ അതു വിളിച്ചുകൂട്ടിയിട്ടുള്ളതു്. അതു പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ദേശീയപ്രാധാന്യമുള്ള വളരെയധികം വിഷയങ്ങളെ വലയംചെയ്യുന്നവയാണ്. ഉത്തരവുകളിൽ ചിലതു് ഭരണഘടനയിൽ ഭേദഗതിവരുത്താൻ പോലും പര്യാപ്തമായിട്ടുണ്ട്, ഭരണഘടനാഭേദഗതി സുപ്രീംസോവ്യറ്റിന്റെ അധികാരത്തിനു് സംവരണം ചെയ്തിട്ടുള്ളതാണെന്നുവരികിലും. ഭരണഘടന തന്നിൽ നിക്ഷേപിച്ചിട്ടില്ലാത്ത അധികാരങ്ങളും പ്രസിഡിയം ഏറെറടുത്തിട്ടുണ്ട്. സോവ്യറ്റ് യൂണിയനിലെ ഭരണത്തിൽ ഈ പ്രസിഡിയം ഏറെറടുത്തിട്ടുള്ള പരമമായ പ്രാധാന്യത്തിന്റെ അടിസ്ഥാനം മിക്കവാറും കിടക്കുന്നതു്, കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഹൈക്കമാൻറായ പൊളിററു ബ്യൂറോയിലേയും പാർട്ടിയിലെ ഒന്നാംകിടയിലുള്ള മറ്റു സംഘടനകളിലേയും പല അംഗങ്ങളും പ്രസിഡിയത്തിന്റെയും അംഗങ്ങളാണെന്നുള്ള വസ്തുതയിലാണ്. പ്രസിഡിയത്തിനു് 16 വൈസു ചെയർമന്മാർ ഉണ്ട്. അവർ സോവ്യറ്റുയൂണിയന്റെ ഘടകരാജ്യങ്ങളായ 16 യൂണിയൻ റിപ്പബ്ലിക്കിലെ സുപ്രീംസോവ്യറ്റിലെ പ്രസിഡിയത്തിന്റെ ചെയർമന്മാരാണ്. ചുരുക്കിപ്പറഞ്ഞാൽ സോവ്യറ്റുയൂണിയനിലെ പരമാധികാരമുള്ള നിയമനിർമ്മാണസഭയായ സുപ്രീംസോവ്യറ്റ് പ്രസിഡിയത്തിന്റെ കീഴിലാണ്. അപ്രകാരംതന്നെ സോവ്യറ്റുയൂണിയനിലെ പരമാധികാരമുള്ള എക്സിക്യൂട്ടീവുദ്യോഗസ്ഥന്മാരായ മന്ത്രിമാരും പ്രസിഡിയത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ്. ഇങ്ങനെയുള്ള പ്രസിഡിയത്തിന്റെ ഉത്തരവുകളും തീരുമാനങ്ങളും ഭരണഘടനാവിരുദ്ധമാണോ എന്നു പരിശോധിക്കുവാനും, ആണെങ്കിൽ ആ വസ്തുത പ്രഖ്യാപിക്കുവാനും സുപ്രീംകോടതിക്കു് അധികാരമില്ല.

### സുപ്രീംകോടതി മന്ത്രിസഭയുടെ നിയന്ത്രണത്തിൽ

ഭരണയന്ത്രം തിരിക്കുന്ന ഏറ്റവും മുകളിലുള്ള എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരാണല്ലോ മന്ത്രിമാർ. പ്രജായത്താദർശങ്ങൾ തത്വത്തിലും പ്രയോഗത്തിലും സ്വീകരിക്കുന്ന ഗവർമ്മെന്റുകളിൽപ്പോലും മന്ത്രിമാരുടെ അധികാരം വളരെ വിപുലമാണ്. ആ അധികാരം അവർ ചിലപ്പോൾ ദുഷ്പ്രയോഗിച്ചെന്നുവരാം. എന്നാൽ ദുഷ്പ്രയോഗം ചൂണ്ടിക്കാണിക്കുവാനും പ്രതിഷേധിക്കുവാനും തടയുവാനും അത്തരം ഗവർമ്മെന്റുകളിൽ പൊതുജനാഭിപ്രായത്തിനു സ്വാതന്ത്ര്യമുണ്ട്. എന്നിട്ടും അവിടെ സുപ്രീംകോടതികൾ സ്ഥാപിക്ക

---

കൂട്ടിപ്പിടിച്ചുകൊണ്ട് ഏതോ ചൊല്ലുന്നതായികേട്ടു. അതിന്റെ ശേഷം അവർ ഉറങ്ങുവാനായിപ്പോയി. സമയം പകൽ രണ്ടുമണിയായിരുന്നു. അവർ എന്തായിരുന്നു ചെയ്തതെന്നു എനിക്കു മനസ്സിലായില്ല. ഞാൻ ചോദിച്ചു അപ്പോൾ ആ കുഞ്ഞുങ്ങളുടെ അമ്മ പറഞ്ഞു: അവർ ഉപകാരസ്മരണ പറയുകയായിരുന്നു എന്നു്. ഈതരത്തിലാണു കുട്ടികൾക്കു ചെറുപ്പംമുതൽ ലഭിക്കുന്ന പരിശീലനം. ഞാൻ യാത്രപറഞ്ഞപ്പോൾ ആ കുടുംബാംഗങ്ങൾ എല്ലാവരും എന്റെ മുമ്പിൽ മുട്ടുകുത്തിനിന്നുകൊണ്ട് ആശീർവ്വാദത്തിനാവശ്യപ്പെട്ടു ഇതുംഈനാട്ടിലെ ഒരു പതിവാണ്. ആ കുടുംബാംഗങ്ങളുടെ ദൃഷ്ടിയിൽ ഒരു നിസ്സാരയെക്കാൾമെച്ചമല്ലാത്ത എന്റെ മുമ്പിൽ മുട്ടുകുത്തണമെങ്കിൽ അതിനവരെ പ്രേരിപ്പിച്ചതു അവരുടെ മതബോധമല്ലാതെ മറെറന്താണ്. അൽമായരും വൈദികരും വളരെ സൗഹാർദ്ദത്തിലാണ് ഇവിടെ കഴിഞ്ഞുകൂടുന്നതു്. എല്ലാ പൊതുസ്ഥാപനങ്ങളിലും വാഹനങ്ങളിലും വൈദികർക്കു പ്രത്യേക ആനുകൂല്യങ്ങൾ നൽകപ്പെടുന്നുണ്ട്. ഇതിനുള്ള കാരണമായി ഒരാൾ എന്നോടു പറഞ്ഞതു് ഇപ്രകാരമാണ്: ഈനാട്ടിൽ എല്ലാസേവനത്തിനും പണംകിട്ടും. എന്നാൽ വൈദികർ പ്രതിഫലംകൂടാതെ പല കാര്യങ്ങളും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ വൈദികരോടു് ഈ അനുഭാവം കാണിക്കുന്നതു്.

ഈ നാട്ടിലെ കത്തോലിക്കാജീവിതത്തിന്റെ ശോഭനമായ വശമാണ് ഇതത്രയും. പുകച്ചുരണ്ട പുറവും ഇല്ലാതില്ല. അതിനെപ്പററി അടുത്തതിൽ.

---

ഗുണ്ടൂരിലെ വിശുദ്ധ യൗസേപ്പുപിതാവിന്റെ ആശുപത്രിയിൽ കുറെ കൊല്ലങ്ങളായിട്ട നേഴ്സുമാരെ പഠിപ്പിക്കുന്നതിനായി ഒരു സ്കൂൾ നടത്തുന്നുണ്ട്. ഈ നേഴ്സിങ്ങു പഠിക്കുന്ന വിദ്യാർത്ഥികളിൽ മലബാറിൽനിന്നും അനേകംബാലികമാരും കന്യാസ്ത്രീകളും ഉൾപ്പെടുന്നു. ഇവർ എറണാകുളം, ചങ്ങനാശ്ശേരി, തിരുവല്ല, മുതലായ രൂപതകളിൽനിന്നും വരുന്നവരാണ്.

ഈ ട്രെയിനിങ്ങു സ്കൂൾ തുടർന്നുകൊണ്ടു പോകുന്നതിനു ഗവമ്മെണ്ടുനിയമപ്രകാരം പുരുഷന്മാരുടെ ചികിത്സക്കായി ഒരു വാർഡു് ഉടനെ കെട്ടേണ്ടതായി വരുന്നു. ഇതിനു ധാരാളം പണം ആവശ്യമുണ്ട്. പക്ഷേ മൂലധനം ഇല്ലാത്തതിനാൽ നിങ്ങളുടെ ഉദാരധനസഹായത്തെ വിശുദ്ധ യൗസേപ്പുപിതാവിന്റെ മഠത്തിലെ ബ. മദർ സുപ്പീരിയർ നന്ദിപൂർവ്വം സ്വീകരിക്കുന്നതാണ്.

Mother Superior, St. Joseph's Convent, Guntur

## ഏജൻസി അറിയിപ്പ്

പോസ്റ്റൽ നിയമമനുസരിച്ച് ബുധനും വ്യാഴവും ഒഴിച്ചുള്ള ദിവസങ്ങളിൽ തപാൽവഴി സത്യദീപം അയച്ചുതരുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു മന്യ ഏജൻറുമർ പത്രവില നേരത്തെതന്നെ അയച്ചിരിക്കണമെന്നും സംഖ്യ വൈകി അയക്കുന്നവർക്കു് പത്രക്കെട്ട അയയ്ക്കാൻ ഒരാഴ്ച വൈകുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. തപാൽവഴി അല്ലാതെ ബസ്, ബോട്ട്, ട്രെയിൻ എന്നിവ മാർഗ്ഗം പത്രം കിട്ടുന്ന മററു ഏജൻറുമാരും തലേതിങ്കളാഴ്ചക്കുള്ളിൽ ഇവിടെ കിട്ടത്തക്കവണ്ണം സംഖ്യ മുൻപേർ അടയ്ക്കുന്നതു പത്രക്കെട്ടുകൾ കൃത്യമായി അയച്ചുതരുന്നതിനു സഹായകമായിരിക്കുമെന്നും ഓർപ്പിക്കുന്നു.

മാനേജർ, സത്യദീപം

ക്കപ്പെട്ടിരിക്കുന്നു. മന്ത്രിമാരുടെ ഉത്തരവുകളും തീരുമാനങ്ങളും നിയമാനുസൃതങ്ങളാണോ, ഭരണഘടനയ്ക്കു യോജിച്ചതാണോ എന്നൊക്കെ പരിശോധിക്കുന്നതിനും, അല്ലെന്നു കണ്ടാൽ അവയെ അസാധുവാക്കുന്നതിനും സുപ്രീംകോടതിക്കു അധികാരമുണ്ട്. ഇന്ത്യാ യൂണിയനിലെ സംസ്ഥാനങ്ങളിലേയും കേന്ദ്രത്തിലേയും മന്ത്രിമാരുടെ ഉത്തരവുകളെ എത്രയോ പ്രാവശ്യം സംസ്ഥാനഹൈക്കോടതികളും കേന്ദ്രസുപ്രീംകോടതിയും റദ്ദാക്കിയിരിക്കുന്നു! ഉദാഹരണത്തിനു "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകം തിരു-കൊച്ചി മന്ത്രിസഭ നിരോധിച്ചു. അതിനു പരിഹാരം ലഭിക്കാൻ വേണ്ടി കമ്മ്യൂണിസ്റ്റുകാർതന്നെ ഹൈക്കോടതിയിൽ റിറ്റ് ഹർജി ബോധിപ്പിച്ചു. നിരോധനം ശരിയല്ലെന്നുപറഞ്ഞു ഹൈക്കോടതിയിൽനിന്നു വിധിയുണ്ടായി.

കടുത്ത സ്വേച്ഛാധിപത്യാദർശം തത്വത്തിലും പ്രയോഗത്തിലും സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ മന്ത്രിമാരുടെ അധികാരം എത്രയോ അനിയന്ത്രിതമായിരിക്കും? എത്ര വളരെ ദുഷ്പ്രയോഗം അതിന്റെ പ്രയോഗത്തിലുണ്ടായിരിക്കുമെങ്കിലും അതു ചൂണ്ടിക്കാണിക്കാനും അതിനെതിരായി പ്രതിഷേധിക്കുവാനും പൊതുജനാഭിപ്രായത്തിനു യാതൊരു സ്ഥാനവുമില്ല. ജീവനിൽ കൊതിയുള്ളവരാരും എതിരഭിപ്രായം പുറപ്പെടുവിക്കുവാൻ ധൈര്യപ്പെടുകയില്ല. തന്മൂലം മന്ത്രിമാരുടെ അധികാര ദുഷ്പ്രയോഗത്തിൽനിന്നു പൗരന്മാരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നീതിപൂർവ്വം സംരക്ഷിക്കുവാൻ സ്വേച്ഛാധിപത്യരാജ്യങ്ങളിലുള്ള ഏകസ്ഥാപനം സുപ്രീംകോടതിയാകുന്നു. അക്കാരണത്താൽ അവിടങ്ങളിലും സുപ്രീംകോടതികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സോവ്യറ്റ് യൂണിയനിലെ സുപ്രീംകോടതിക്കു മന്ത്രിസഭയുടെ ഉത്തരവുകളും തീരുമാനങ്ങളും അസാധുക്കളാക്കാൻ അധികാരമില്ല. നേരെമറിച്ചു നീതിന്യായവകുപ്പു മന്ത്രിവഴിയായി മന്ത്രിസഭ സുപ്രീംകോടതിയുടെ നടപടികളിന്മേൽ മേൽനോട്ടാധികാരം വഹിക്കുന്നു. അപ്പീൽകേസ്സുകൾ കേൾക്കുമ്പോൾ സുപ്രീംകോടതിയിൽ ശരിക്കുള്ള ജഡ്ജിമാരിലൊരാളായി നടപടികളിൽ സംബന്ധിക്കുവാൻ നീതിന്യായവകുപ്പു മന്ത്രിക്കു അധികാരം നൽകിയിട്ടുണ്ട്. സുപ്രീംകോടതിയുടെ അന്തസ്സിനും നിഷ്പക്ഷതയ്ക്കും ഇതിലധികം ഹാനികരമായ അവസ്ഥ ഉണ്ടാകുവാൻ സാധിക്കുമോ?

ഈ സുപ്രീംകോടതിയാണു ബെറിയായെയും കൂട്ടരെയും ഒരു ക്ഷണത്തിൽ വിസ്തരിച്ചു മരണശിക്ഷയ്ക്കു വിധിച്ചതു! സോവ്യറ്റ് നീതിന്യായവകുപ്പു തൊഴിലാളിവർഗ്ഗസ്വേച്ഛാധിപത്യത്തിന്റെ, അതായതു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ, പ്രധാനവും മൂർച്ചയേറിയതുമായ ആയുധമാണെന്നു നീതിന്യായവകുപ്പു മന്ത്രിയായിരിക്കാവു സമ്മതിച്ചിട്ടുള്ളതു സുപ്രീംകോടതിയുടെ കാര്യത്തിലും ബാധകമാണെന്നു സ്പഷ്ടമാണല്ലോ. ഇത്തരം ഭരണരീതി ഇന്നാട്ടിലും ഏർപ്പെടുത്തുവാനാണു ഇടതുപക്ഷങ്ങളെയെല്ലാം കൂട്ടുപിടിച്ചുകൊണ്ടു കമ്മ്യൂണിസ്റ്റു പാർട്ടി തിരു-കൊച്ചിയിലെ അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ പുറപ്പെട്ടിരിക്കുന്നതു്. ഇന്നാട്ടിലെ ജനങ്ങൾക്കു നീതിയുടെ കണികപോലും ഭരണാധികാരികളിൽനിന്നു ലഭിക്കാതിരിക്കരുതെന്നാഗ്രഹമുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ തിരഞ്ഞെടുപ്പിൽ പരിപൂർണ്ണം തോല്പിക്കുവാൻ അവർ ന്യായമായ സർവ്വവിധേനയും ശ്രമിക്കേണ്ടതാണ്.


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പൂരക്കൽ, പുളിങ്കുന്നു്
3. ” തോമസ് റ്റി. കരിയാളശ്ശേരിൽ, ചമ്പക്കുളം
4. ” ഡോമിനിക്ക് ജോസഫ് കരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. ” മൈക്കൾ എ. കുളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. ” തോമസ് റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. ” മൈക്കൾ ജെ. കുളിവയലിൽ ബി. എസ്സ് സി., കാളകെട്ടി (സെക്രട്ടറി)
8. ” കുഞ്ചെറിയാ റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)


സഭാചരിത്രപംക്തി (13)

# വി. പത്രോസിന്റെ റോമൻ പ്രേഷിതത്വം

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

മുൻലേഖനത്തിൽ വി. പത്രോസിന്റെയും വി. പൗലോസിന്റെയും പ്രേഷിതയത്നങ്ങൾക്കു കേന്ദ്രമായിരുന്ന അവരുടെ രക്തസാക്ഷിത്വത്തെപ്പററി പ്രതിപാദിക്കുകയുണ്ടായി. വി. പൗലോസിന്റെ റോമൻ പ്രേഷിതത്വം തിരുസ്സഭാവിരോധികൾ പോലും ചോദ്യംചെയ്യാത്ത ഒരു ചരിത്രവസ്തുതയാണു്. എന്നാൽ മതത്തോടുള്ള വിപ്രതിപത്തി മൂലവും പ്രത്യേകിച്ചു റോമാസഭയുടെ പ്രാമുഖ്യം അംഗീകരിക്കുന്നതിലുള്ള വൈമുഖ്യം ഹേതുവായും ചില ആധുനികന്മാർ പത്രോസിന്റെ റോമാനിവാസത്തെ ചോദ്യംചെയ്യുവാൻ ഉത്സുകരായി കാണുന്നുണ്ടു്.

ശ്ലീഹന്മാരുടെ കാലംമുതൽ നിലനിന്നുപോരുന്ന അവിച്ഛിന്നമായ പാരമ്പര്യവും, ആദ്യശതകങ്ങളിലെ സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും, ആധുനികകാലത്തു റോമയിലും വത്തിക്കാനിലും നടത്തപ്പെട്ടിട്ടുള്ള പുരാതത്വഗവേഷണങ്ങളും വി. പത്രോസിന്റെ റോമാനിവാസത്തെയും രക്തസാക്ഷിത്വത്തെയും അവിതർക്കിതമാംവണ്ണം തെളിയിക്കുന്നുണ്ടു്.

ആദ്യത്തെ തെളിവു് വി. പത്രോസിന്റെ പ്രഥമലേഖനത്തിൽ നിന്നുതന്നെയാണു് ലഭിക്കുന്നതു്. പ്രസ്തുതലേഖനം 5-ാം അദ്ധ്യായം 13-ാം വാക്യത്തിൽ അപ്പസ്തോലൻ ഇപ്രകാരം പറയുന്നു. "ദൈവത്തിന്റെ തിരുവുള്ളത്താൽ നിങ്ങളോടുകൂടി ഒന്നായിരിക്കുന്ന ഈ ബാബിലോണിലെ സഭ നിങ്ങൾക്കു അവളുടെ അഭിവാദനങ്ങൾ അയക്കുന്നു." ചരിത്രപ്രസിദ്ധമായ ബാബിലോൺ മെസപ്പൊട്ടേമിയായിലെ ഒരു പുരാതനനഗരമായിരുന്നു. ഈ ലേഖനം എഴുതുന്ന കാലത്തു പ്രസ്തുതനഗരം നാശമടഞ്ഞുകഴിഞ്ഞിരുന്നു. കൂടാതെ റോമാനഗരത്തെ പശ്ചിമബാബിലോൺ എന്നു് അക്കാലത്തു് സാധാരണയായി വിളിച്ചുവന്നിരുന്നു. അതുകൊണ്ടു് "ബാബിലോൺ" എന്ന സംജ്ഞകൊണ്ടു് അപ്പസ്തോലൻ വിവക്ഷിക്കുന്നതു് റോമാനഗരത്തെയാണെന്നാണു് ചരിത്രകാരന്മാരുടെ അഭിപ്രായം. അതിനാൽ വി. പത്രോസ് തന്റെ പ്രഥമലേഖനം രചിച്ചതു് റോമയിൽ പ്രേഷിതവൃത്തി നടത്തിക്കൊണ്ടിരുന്നപ്പോഴാണെന്നു് അനുമാനിക്കപ്പെടുന്നു.

വി. ക്ലെമന്റ് മാർപ്പാപ്പാ A. D. 96 ലോ 97 ലോ റോമയിൽനിന്നും കൊറിന്ത്യക്കാർക്കയച്ച ലേഖനത്തിൽ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വത്തേയും അപ്പസ്തോലന്മാർ "നമ്മുടെ മദ്ധ്യത്തിലായിരുന്നപ്പോൾ" പ്രകടിപ്പിച്ച ധീരതയേയും പററി അനുവാചകന്മാരെ അനുസ്മരിപ്പിക്കുന്നു. ഈ ലേഖനം രചിക്കപ്പെട്ടതു് ശ്ലീഹന്മാർ മരിച്ചിട്ടു് കഷ്ടിച്ചു മുപ്പതുവർഷം മാത്രം കഴിഞ്ഞപ്പോളാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. വി. ഇഗ്നേഷ്യസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽ തന്റെ ജീവനെ രക്ഷിക്കുവാൻ വേണ്ടി അവർ റോമാചക്രവർത്തിയോടപേക്ഷിക്കരുതെന്നും അങ്ങനെ തന്റെ രക്തസാക്ഷിത്വത്തിനു് വിഘ്നംവരുത്തരുതെന്നും അഭ്യർത്ഥിക്കുന്നു. പ്രസ്തുത ലേഖനം ഇങ്ങനെ തുടരുന്നു: "ഇതു ഒരു അഭ്യർത്ഥനമാത്രമാണു്. പത്രോസിനേയും പൗലോസിനേയും പോലെ ഞാൻ ആജ്ഞാപിക്കയല്ല. അവർ അപ്പസ്തോലന്മാരായിരുന്നു. ഞാനോ മരണത്തിനു വിധിക്കപ്പെട്ട ഒരു മനുഷ്യൻ." പത്രോസ് റോമയിൽ വന്നിട്ടില്ലായിരുന്നു എങ്കിൽ ഈ വാക്കുകൾ നിരർത്ഥകങ്ങളായിത്തീരുന്നു.

രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. ഇറനേയൂസ് (St. Irenaeus) യോഹന്നാൻ അപ്പസ്തോലന്റെ ശിഷ്യനായ വി. പോളിക്കാർപ്പിന്റെ (St. Polycarp) ശിഷ്യനായിരുന്നു. വി. ഇറനേയൂസ് സന്ദേഹലേശം കൂടാതെ സാക്ഷ്യപ്പെടുത്തുന്നതു് റോമയിലെ സഭ പത്രോസ് പൗലോസ് ശ്ലീഹന്മാരാൽ സ്ഥാപിക്കപ്പെട്ട എന്നാണു്. അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പത്രോസും പൗലോസും റോമയിൽ ക്രിസ്തുവിനെപ്പററി പ്രസംഗിക്കുകയും സഭയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ വി. മത്തായി തന്റെ സുവിശേഷം രചിച്ചു." അലക്സാണ്ഡ്റിയായിലെ ക്ലെമന്റ് (150—215) "റോമയിൽ പത്രോസ് പ്രസംഗിച്ചതും മർക്കോസ് എഴുതിയതുമായ സുവിശേഷം" എന്നു പ്രസ്താവിച്ചിരിക്കുന്നു. 170 A. D. യോടടുത്തു് കൊറിന്ത്യയിലെ ഡയനീഷ്യസ് പ്രസ്താവിക്കുന്നതു് റോമാക്കാരും കൊറിന്ത്യക്കാരും അവരുടെ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം പത്രോസിനോടും പൗലോസിനോടും കടപ്പെട്ടിരിക്കുന്നു എന്നാണു്.

മൂന്നാംശതകത്തിലേക്കു കടന്നാൽ തെളിവുകൾ സുലഭങ്ങളാണു്. പത്രോസിന്റെ സിംഹാസനം റോമയിലാണു് സ്ഥാപിക്കപ്പെട്ടതെന്നും, ടൈബർ നദിയിലെ ജലംകൊണ്ടു് അപ്പസ്തോലൻ ജ്ഞാനസ്നാനം നൽകിവന്നു എന്നും, ഒടുവിൽ റോമയിൽ വച്ചു രക്തസാക്ഷിയായി മരിച്ചു എന്നും തെർത്തുല്യൻ (Tertullion) പ്രസ്താവിച്ചിരിക്കുന്നു. കാർത്തേജിലെ മെത്രാനായ വി. സിപ്രിയാൻ (St. Cyprian) റോമയിൽ സ്ഥാപിതമായ പത്രോസിന്റെ മെത്രാസനത്തെപ്പററി സാക്ഷ്യംവഹിക്കുന്നു. പത്രോസിനെ തലകീഴായിട്ടാണു് ക്രൂശിൽ തറച്ചതെന്നു് ഒറിജൻ (Origen) പറയുന്നു. സെഫിറിനസ് (Zephyrinus) മാർപ്പാപ്പായുടെ ഭരണകാലത്തു് (202—209 A. D.) റോമാനഗരത്തിൽ വച്ചു് കായസ് (Caius) എന്ന പണ്ഡിതൻ രചിച്ച ഒരു രേഖയിൽ ഇങ്ങനെ കാണുന്നു: "പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ സ്മാരകങ്ങളെ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചുതരുവാൻ എനിക്കു കഴിയും. വത്തിക്കാനിലേക്കു ചെന്നാലും, ഒസ്റ്റിയാ വീഥി (Via Ostia) യിലേക്കു ചെന്നാലും, എവിടെയും നമ്മുടെ സഭയുടെ സ്ഥാപകന്മാരെ സംബന്ധിക്കുന്ന സ്മാരകങ്ങളായിരിക്കും നിങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതു്." പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ശവകുടീരങ്ങളെപ്പററിയാണു് 200-ാമാണ്ടോടടുത്തു ജീവിച്ചിരുന്ന ഒരു റോമൻ വൈദികനായിരുന്ന കായസ് പ്രതിപാദിക്കുന്നതെന്നുള്ളതിനു സംശയമില്ല.

വത്തിക്കാനിലും റോമാനഗരത്തിലും ഈ അടുത്തകാലത്തു് നടത്തപ്പെട്ടിട്ടുള്ള പുരാതത്വഗവേഷണങ്ങൾ വി. പത്രോസിന്റെ റോമൻ പ്രേഷിതത്വത്തെ സംശയരഹിതമാംവണ്ണം സ്ഥിരീകരിക്കുന്നുണ്ടു്. റോമാനഗരപ്രാന്തത്തിലുള്ള അപ്പിയൻ വീഥിആ (Via Appia)യിലെ വി. സെബസ്ത്യാനോസിന്റെ (San Sebastiano) ദൈവാലയത്തിൽ ഈ അടുത്തകാലത്തു നടത്തപ്പെട്ടിട്ടുള്ള അന്തർഭൗമികഗവേഷണങ്ങൾ വി. പത്രോസിനെ സംബന്ധിക്കുന്ന റോമൻ പാരമ്പര്യത്തെ സാധൂകരിക്കുന്നു.

കൂടാതെ പുരാതനകാലങ്ങളിൽ റോമാസഭയോടു് മതപരമോ രാഷ്ട്രീയമോ ആയ കാര്യങ്ങളിൽ ബദ്ധശത്രുത്വം കൈക്കൊണ്ടിരുന്നവരിൽ ആരുംതന്നെ റോമാമെത്രാന്മാർ വി. പത്രോസിന്റെ അനന്തരാവകാശികളായിരുന്നു എന്നുള്ള വസ്തുതയെ ഒരിക്കലെങ്കിലും ചോദ്യംചെയ്തിട്ടില്ലെന്നുള്ള സംഗതിയും പ്രത്യേകപരിഗണനയെ അർഹിക്കുന്നുണ്ടു്.

## വിനോദവീഥി



"സഖാക്കളേ! നിങ്ങളിങ്ങനെ പിരിവു് പിരിവു് എന്നു പറഞ്ഞാലതിനെന്റടുക്കൽ ചില്ലറ വേണ്ടേ—പത്തിന്റെ ഒരു നോട്ടേ എന്റടുക്കലൊള്ളൂ."

"ഞങ്ങൾക്കതുതന്നെയാ വേണ്ടതു്. പത്തു രൂപ നിങ്ങളുടെ പേർക്കു സംഭാവന."

* * *

വക്കീൽ— എന്റെ ചെറുപ്പകാലത്തു കൊള്ളക്കാരേയും പിടിച്ചുപറിക്കാരേയുംപററി എനിക്കു വലിയ മതിപ്പായിരുന്നു. അവരുടെ ധീരകൃത്യങ്ങളെ ഞാൻ അനുമോദിക്കുമായിരുന്നു.

കക്ഷി— അങ്ങനെയാണോ? എന്നാൽ സാറിനെ ഞാൻ അത്യധികം അനുമോദിക്കണമല്ലോ.

* * *

ഫോൺ ഓപ്പറേറർ— ഫോണിൽക്കൂടി നിങ്ങൾക്കു സംസാരിക്കുന്നതിനു ഒരു മിനിട്ടു നേരത്തേക്കു രണ്ടണയാണു് ചാർജ്ജ്. എന്താ, ഞാനാളെ വിളിക്കണമോ?

ഗ്രാമീണർ— സാറെ, വളരെ സന്തോഷം. ആളെ വിളിച്ചാൽ മതി. എനിക്കൊന്നും സംസാരിക്കേണ്ട. അതെന്റെ ഭാര്യയാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ‖ ERNAKULAM, JANUARY 20, 1954 ‖ No. 21


# ഐക്യവാരാചരണം

"നിന്റെ വചനമാകുന്ന സത്യം. ആകയാൽ സത്യംവഴി അവരെ പരിശുദ്ധരായി കാക്കണമേ. നിന്റെ സന്ദേശവുമായി നീ എന്നെ ലോകത്തിലേക്കയച്ചു; എന്റെ സന്ദേശവുമായി അവരെ ഞാനും ലോകത്തിലേക്കയക്കുന്നു. സത്യവഴി അവർ വിശുദ്ധീകരിക്കപ്പെടുന്നതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. അവർക്കുവേണ്ടി മാത്രമല്ല ഞാൻ പ്രാർത്ഥിക്കുന്നത്. അവരുടെ വചനവഴിയായി എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിത്തീരുന്നതിനത്രെ ഞാൻ പ്രാർത്ഥിക്കുന്നത്."

വി. യോഹന്നാൻ
XVII. 17—22.

ജനവരി 18-ാം തീയതി മുതൽ 25-ാം തീയതിവരെയുള്ള എട്ടു ദിവസങ്ങൾ ഐക്യവാരം എന്ന പേരിലാണ് അറിയപ്പെടുന്നത്. അതു ക്രിസ്തുവിന്റെ വികാരിയും അപ്പസ്തോലപ്രമുഖനുമായ "വിശുദ്ധ പത്രോസിന്റെ റോമാസിംഹാസന"ത്തിരുനാളിൽ സമാരംഭിച്ചു പുറജാതിക്കാരുടെ അപ്പസ്തോലനായ "വിശുദ്ധ പൗലോസിന്റെ മാനസാന്തര"ത്തിരുനാളിൽ സമാപിക്കുന്നു. ക്രിസ്തുസഭയിലെ എല്ലാ വിഭാഗങ്ങളും ഈ വാരം ഫലപ്രദമായി ആചരിക്കുന്നതിനു ഉത്സാഹം പ്രകടിപ്പിക്കുന്നുണ്ട്. ക്രിസ്തുവിന്റെ അനുയായികളെന്നഭിമാനിക്കുന്ന എല്ലാ ക്രിസ്ത്യാനികളും ഒരേഒരു സഭയിൽ ഒന്നിക്കുക എന്നുള്ളതാണ് ഐക്യവാരാചരണത്തിന്റെ ലക്ഷ്യം. മഹനീയമായ ഈ ലക്ഷ്യം സഫലമാകുന്നതിനുവേണ്ടി സഭാസ്ഥാപകനായ ക്രിസ്തു അത്യധികം അഭിലഷിച്ചു. അവിടുന്നു പ്രസ്തുതോദ്ദേശ്യത്തിനുവേണ്ടി ദൈവപിതാവിനോടു അപേക്ഷിച്ച പ്രാർത്ഥനാഭാഗമാണ് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽനിന്നു ഞങ്ങൾ മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

## ഐക്യവാരത്തിന്റെ ചരിത്രം

1908-ൽ അമേരിക്കയിലാണ് ഈ വാരാചരണം രൂപം പ്രാപിച്ചത്. കത്തോലിക്കാസഭയിൽനിന്നു ഓരോ കാലങ്ങളിൽ വേദവിപരീതങ്ങൾമൂലമോ അധികാരവടംവലി മൂലമോ പിരിഞ്ഞുപോയിട്ടുള്ള ക്രിസ്തീയവിഭാഗങ്ങളുടെ പ്രത്യാഗമനത്തിനുവേണ്ടി സഭ എക്കാലത്തും തീക്ഷ്ണമായ പ്രാർത്ഥനകളും തീവ്രമായ പരിശ്രമങ്ങളും നടത്തിക്കൊണ്ടാണിരിക്കുന്നത്. ഐക്യവാരാചരണത്തിലും തിരുസഭ സന്ദർഭോചിതമായ വ്യഗ്രത പ്രദർശിപ്പിക്കുന്നുണ്ട്.

പ്രോട്ടസ്റ്റൻറ് എപ്പിസ്കോപ്പൽ സഭാവിഭാഗത്തിൽപ്പെട്ട "സൊസൈററി ഓഫ് അറോൺമെൻറ്" (Society of Atonement) എന്ന സന്യാസസമൂഹമാണ് ഈ പ്രസ്ഥാനം സമാരംഭിച്ചത്. ഐക്യത്തിന്റെ ആവശ്യകത എല്ലാവർക്കും അനുഭവപ്പെട്ടുകൊണ്ടിരുന്ന ഒന്നായതുകൊണ്ട് അതിനു വളരെ വേഗത്തിൽ സാർവ്വത്രികമായ പ്രചാരം സിദ്ധിച്ചു. 1910-ൽ എഡിൻബർഗ്ഗിൽവച്ചു നടന്ന ഈ സംഘടനയുടെ ഒരു പൊതുസമ്മേളനത്തിൽ ലോകത്തിലുള്ള എല്ലാ ക്രൈസ്തവരുടേയും ഏകീകരണത്തെ ലക്ഷ്യമാക്കി അതൊരു സാർവ്വദേശീയ പ്രസ്ഥാനമായി രൂപപ്പെടുത്തി. രണ്ടു ശാഖാപ്രവർത്തനങ്ങൾ വഴിക്കാണ് അതിന്റെ പരിപാടികൾ ക്രമപ്പെടുത്തപ്പെട്ടത്. ക്രിസ്തീയജീവിതത്തേയും പ്രവർത്തനങ്ങളേയും സംഘടിപ്പിക്കുന്നതിനു ഒരു ശാഖ; ക്രിസ്തീയവിശ്വാസത്തേയും ക്രമപരിപാലനത്തേയും കൈകാര്യം ചെയ്യുന്നതിനു മറെറാരു ശാഖ.

ഒന്നാമത്തെ ശാഖ തത്വപരമായ സിദ്ധാന്തങ്ങളെ സ്പർശിക്കുകയില്ല. സാമൂഹ്യവും പരസ്പരസഹകരണപരവുമായ പ്രവർത്തനങ്ങളിൽ സഭാവിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിനും അതുവഴി ക്രിസ്തീയ പ്രവർത്തനങ്ങളുടെ ഐക്യം സാധിക്കുന്നതിനുമാണ് ഈ വിഭാഗത്തിന്റെ ശ്രദ്ധ. 1925-ൽ സ്റ്റോക്ക്ഹോമിൽവച്ചും 1937-ൽ ഓക്സ്ഫോർഡിൽവച്ചും ഈ ശാഖയുടെ വിപുലമായ പരിപാടികളോടുകൂടിയ പൊതുസമ്മേളനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാമത്തെ ശാഖ വിശ്വാസസത്യങ്ങളേയും ക്രമാനുഷ്ഠാനങ്ങളേയും സംയോജിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്. ഈ വിഭാഗത്തിന്റെ പൊതുയോഗങ്ങൾ 1927-ൽ ലൗസേൻ (Lausanne)നിൽ വച്ചും 1937-ൽ എഡിൻബർഗ്ഗിൽ വച്ചും 1952-ൽ സ്വീഡനിലുള്ള ലണ്ട് (Lund) എന്ന സ്ഥലത്തുവച്ചും നടത്തപ്പെട്ടു.

ഈ രണ്ടു ശാഖകളേയും സംബന്ധിക്കത്തക്കവണ്ണം "സഭകളുടെ അഖിലലോക കൗൺസിൽ" (World Council of Churches) എന്ന ഒരു പൊതുസംഘടന നിലവിലുണ്ട്. 1948-ൽ ആംസ്റ്റർഡാമിൽ സമ്മേളിച്ച അതിന്റെ പ്രഥമയോഗത്തിൽ 147 "സഭ"കളിൽനിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചിരുന്നു. കൂടാതെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള "സഭാ" കാര്യങ്ങളെ പരാമർശിക്കുന്നതിനും, ഐക്യത്തിനുവേണ്ടിയുള്ള ഈ പ്രാർത്ഥനാമനസ്ഥിതി പരിപോഷിപ്പിക്കുന്നതിനുംവേണ്ടി ഒരു പൊതുപ്രസിദ്ധീകരണം സമാരംഭിക്കണമെന്നും തീരുമാനിക്കപ്പെട്ടു. വിപുലമായ ഈ പ്രവർത്തനപരിപാടികൾ എന്താണ് വിശദമാക്കുന്നത്? വിഭിന്നങ്ങളായ ക്രിസ്തീയസഭകളുടെ ഇടയിൽ ഐക്യത്തിനുവേണ്ടിയുള്ള അടങ്ങാത്ത വ്യഗ്രത പ്രവൃത്തിയിലൂടെയും നിഴലിക്കുന്നു എന്നു.

## കത്തോലിക്കാസഭയുടെ നില

സഭകളുടെ മാതാവായ കത്തോലിക്കാസഭ ഭിന്നിച്ചുകഴിയുന്ന സഭാവിഭാഗങ്ങളുടെ പുനരൈക്യത്തിനുവേണ്ടിയുള്ള പ്രവണതകളേയും പ്രത്യാഗമനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളേയും ഉദാരമായ അനുഭാവത്തോടും തീവ്രമായ ഉത്സുകതയോടുംകൂടിയാണ് വീക്ഷിക്കുന്നത്. അതിനു സഹായകമായ എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നതിൽ അവൾ ഒരുകാലത്തും അലംഭാവം പ്രദർശിപ്പിക്കുകയില്ല. ഐക്യവാരത്തിന്റെ ആദർശശുദ്ധിയെ അംഗീകരിക്കുന്നതിനും അതു ഫലപ്രദമാക്കുവാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ കാണിച്ചുകൊടുക്കുന്നതിനും കത്തോലിക്കാസഭ അവസരോചിതം ശ്രമിച്ചിട്ടുണ്ട്. "പരിഹാരസമൂഹ" (Society of Atonement) ത്തിന്റെ സ്ഥാപകനും പാവനചരിതനുമായ ഫാദർ പോളും പ്രസ്തുത സന്യാസസമൂഹത്തിലെ എല്ലാ അംഗങ്ങളും

പാലാ മെത്രാൻ
മൌററ് റവ. ഡോക്ടർ
സെബാസ്റ്റ്യൻ വയലിൽ



തിരുമനസ്സിലെ
നാമകാരണദിനം ജനു. 20.

ഒരുമിച്ച 1909 ഒക്ടോബർ 17-ാം-നു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഈ സംഭവത്തെത്തുടർന്നു പത്താംപിയൂസ് മാർപ്പാപ്പാ ഐക്യവാരാചരണത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും അനുഗ്രഹിച്ചാശീർവദിക്കുകയും ചെയ്തു. 1916-ൽ പരിശുദ്ധ പിതാവ് 15-ാം ബനഡിക്ടാസ് തിരുമനസ്സുകൊണ്ട് കത്തോലിക്കാലോകം മുഴുവനും അതു ആചരിക്കണമെന്നു വ്യവസ്ഥചെയ്തു. ഇപ്പോൾ തിരുസഭയെ ഭരിച്ചുകൊണ്ടിരിക്കുന്ന 12-ാം പീയൂസ് സന്ദർഭോചിതമായി പലപ്രാവശ്യം ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എല്ലാ ക്രിസ്ത്യാനികളുടേയും ഒന്നിപ്പിനുവേണ്ടി ഐക്യവാരത്തിൽ പ്രത്യേകമായ പരിപാടികൾ തിരുസഭയിൽ നടത്തപ്പെട്ടുപോരുന്നു. "പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിത്തീരുന്നതിന്" അഭിലഷിച്ച ക്രിസ്തുവിന്റെ ഇംഗിതം സഫലമാക്കുന്നതിനുള്ള പരിശ്രമത്തിൽ അവിടുത്തെ മണവാട്ടിയായ തിരുസഭ ഒരിക്കലും അലംഭാവം പ്രദർശിപ്പിക്കയില്ല. "ഒരു തൊഴുത്തും ഒരിടയനും" ഇതാണവളുടെ ആദർശം.

## ഒത്തുതീർപ്പല്ല, പ്രത്യാഗമനമാണ് മാർഗ്ഗം

ക്രൈസ്തവരെല്ലാം ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളും ആ നല്ല ഇടയന്റെ ഏക ആട്ടിൻപററത്തിൽപ്പെട്ടവരും ആയിരിക്കണമെന്നു ക്രിസ്തു അത്യധികം അഭിലഷിക്കുന്നു. അതിനുവേണ്ടി അവിടുന്നു ദൈവപിതാവിനോടു തീവ്രമായി പ്രാർത്ഥിച്ചിരിക്കുന്നു. കത്തോലിക്കാസഭ അവളുടെ ദിവ്യനാഥന്റെ ഈ ഇംഗിതം സാധിക്കുന്നതിനു, ഭിന്നിച്ചു പിരിഞ്ഞുപോയ സഭാവിഭാഗങ്ങളോടു ഉദാരമായ അനുഭാവത്തോടും തീവ്രമായ സ്നേഹത്തോടുംകൂടി വർത്തിക്കുന്നു. മാത്രമല്ല, അവരെ ക്ഷേമകരമായ ഏകതൊഴുത്തിലേക്കു സ്വാഗതം ചെയ്യുന്നു. അകത്തോലിക്കാ സഭാവിഭാഗങ്ങളും അവരുടെ നിലപാടിൽ അസംതൃപ്തരും ആകുലചിത്തരുമായി സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽ ശ്രദ്ധാവധാനരായിരിക്കുന്നു. അഭികാമ്യമായ ഈ പരിവർത്തനം എങ്ങനെയാണ് സഫലമാക്കേണ്ടതു?

വിഭിന്നമായ ചില ചിന്താഗതികൾ ഈ കാര്യത്തിൽ മാർഗ്ഗതടസ്സങ്ങളാകുന്നുണ്ട്. ആധുനികകാലം സംഘട്ടനങ്ങളുടേയും ഒത്തുതീർപ്പുകളുടേയും കാലമാണല്ലോ. ഭിന്നതകൾ ഉളവാകുക; കക്ഷികൾ മർക്കടമുഷ്ടിപിടിക്കുക; മൂന്നാമന്റെ മദ്ധ്യസ്ഥതയിൽ ഒരു ഒത്തുതീർപ്പിലെത്തുക—ഇതാണ് സാധാരണഗതി. പലപ്പോഴും ഈ ഒത്തുതീർപ്പുകൾ സത്യത്തേയും നീതിയേയും ബലികഴിച്ചുകൊണ്ടുള്ളതും സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടു ദുർബ്ബലൻ സമ്മതത്തിനു നിർബ്ബന്ധിക്കപ്പെടുന്നതുമായിട്ടാണ് അനുഭവം. ഈ വിധത്തിലുള്ള ഒരു ഒത്തുതീർപ്പുമനസ്ഥിതി സഭകളുടെ ഏകീകരണവിഷയത്തിലും ചിലർ ഉന്നയിച്ചുകാണുന്നു. ഈ മനോഭാവം എത്രമാത്രം ഗർഹണീയമാണെന്നു മനസ്സിലാക്കാൻ വലിയ വിഷമമില്ല. ദൈവമായ ക്രിസ്തു ലോകത്തിൽ ഒരു സഭ സ്ഥാപിച്ചു. സഭ ഒരു ദിവ്യസ്ഥാപനമാണ്. അതു പരിപൂർണ്ണമാണ്. ലോകത്തിന്റെ അവസാനംവരെയും അതു നിലനില്ക്കേണ്ടതും തലമുറതലമുറയായി എല്ലാ മനുഷ്യർക്കും അതു സ്വർഗ്ഗമാർഗ്ഗം കാണിച്ചുകൊടുക്കേണ്ടതുമാണ്. മറിച്ച് ആ സ്ഥാപനം അപൂർണ്ണമാണെന്നോ, മനുഷ്യരുടെ അഭിപ്രായഗതികൾക്കനുസരിച്ചു വ്യത്യാസപ്പെടുത്തപ്പെടാവുന്നതാണെന്നോ, കാലാന്തരത്തിൽ അലങ്കോലപ്പെട്ടു നാമാവശേഷമാകുന്നതാണെന്നോ സങ്കല്പിക്കുന്നതു അതിന്റെ ദിവ്യസ്ഥാപനത്തെ നിഷേധിക്കുന്നതിനു തുല്യമാണ്. ഇത്ര ആക്ഷേപകരമായ ഒരു അനാദരം ക്രിസ്തു അർഹിക്കുന്നുണ്ടോ?

ക്രിസ്തീയസഭകളുടെ ഐക്യത്തിൽ ഓരോ സഭാവിഭാഗങ്ങളും തത്വപരമായും ചരിത്രപരമായും സ്വയം പരിശോധിക്കുകയും അതതിന്റെ തെററുകളേയും കുറവുകളേയും പരിഹരിച്ച് മാതൃസഭയിലേക്കു പ്രത്യാഗമിക്കുകയുമാണ് ചെയ്യേണ്ടതു. ഇതാണ് സത്യത്തിനനുയോജ്യവും അഭിമാനാവഹവുമായ നടപടി. അതുകൊണ്ടാണ് കത്തോലിക്കാസഭ ഒത്തുതീർപ്പുകൾക്കു വിലകല്പിക്കാത്തതും, മാതൃസഭയിലേക്കുള്ള പ്രത്യാഗമനത്തിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നതിനു ഉദാരത പ്രദർശിപ്പിക്കുന്നതും. ന്യായയുക്തമായ ഈ നിലപാട് ചോദ്യംചെയ്യപ്പെടാവുന്നതോ കുററപ്പെടുത്തപ്പെടാവുന്നതോ അല്ല. അതു മർക്കടമുഷ്ടിയാണെന്നോ, സഹിഷ്ണുതയില്ലായ്മയാണെന്നോ, ഏസ്വാവിക്ഷണമാണെന്നോ ആരെങ്കിലും കുററം ആരോപിക്കുന്നെങ്കിൽ അതിൽ എന്തർത്ഥമാണുള്ളത്? അങ്ങുന്നോട്ടു സഹതപിക്കയല്ലാതെ ഒന്നും ചെയ്യാനില്ല.

## കേരളത്തിലെ സഭാവിഭാഗങ്ങൾ

ഐക്യവാരാചരണത്തിൽ കേരളീയക്രിസ്ത്യാനികളെ പ്രത്യേകം ബാധിക്കുന്ന ഒരു പ്രശ്നമാണ് കേരളസഭയിലെ ഭിന്നതകൾ. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായാൽ ബീജാവാപം ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ വിയർപ്പുതുള്ളികളാലും സജീവരക്തത്താലും വളം ചേർക്കപ്പെടുകയുംചെയ്ത കേരളസഭ ഇന്നു ചിന്നഭിന്നമായി വിവിധവിഭാഗങ്ങളിലായി ചിതറിക്കിടക്കുന്നു എന്നുള്ളതു സങ്കടകരമായ ഒരു വസ്തുതയാണ്. അതിനു തക്കതായ പ്രതിവിധികൾ കണ്ടെത്തേണ്ടതു നമ്മുടെ പ്രധാനകർത്തവ്യമല്ലേ? മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശത്തിന്റെ 19-ാം ശതാബ്ദപൂർത്തി സമുചിതമായി നാം ആഘോഷിച്ചു. ഇടക്കാലത്തു നമുക്കു നഷ്ടീഭവിച്ച പിതാവിന്റെ പൂജ്യാവശിഷ്ടങ്ങളിൽ ഗണ്യമായൊരു ഭാഗം നമുക്കു വീണ്ടും ലഭിച്ചു. ഇവയിൽ നാം കൃതകൃത്യരും ആഹ്ലാദഭരിതരുമായിരിക്കുന്നു. എന്നാൽ കേരളസഭാഗാത്രത്തിൽ സംജാതമായിട്ടുള്ള മാരകമായ ആ മുറിവു പരിപൂർണ്ണമായി പൊറുക്കുന്നതുവരെ നമുക്കു സംതൃപ്തരായി ആനന്ദിക്കാൻ സാധിക്കയില്ല. ദൈവഗത്യാ മഹത്തായ ഒരു പുനരൈക്യപ്രസ്ഥാനം അനേകനൂററാണ്ടുകളിലെ പരിശ്രമങ്ങളുടേയും എണ്ണമില്ലാത്ത ത്യാഗാനുഷ്ഠാനങ്ങളുടേയും ഫലമായി നമുക്കൊക്കെ പണ്ടേ കഴിഞ്ഞിരിക്കുന്നു. എല്ലാ സഭാവിഭാഗങ്ങളുടേയും സന്മനസ്സും സഹകരണവുംകൊണ്ട് അതു അനുദിനം പരിപുഷ്ടിപ്രാപിച്ച് അതിന്റെ സൗഭാഗ്യദായകമായ പരമലക്ഷ്യത്തിലേക്കു വിജയപൂർവ്വം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ അഭിലാഷപൂർത്തിക്കും അവിടുത്തെ അനുയായികളായ എല്ലാ ക്രിസ്ത്യാനികളുടെയും നിത്യരക്ഷയ്ക്കും നിദാനമായ ഈ പ്രസ്ഥാനം പരിപൂർത്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഇത്തവണത്തെ ഐക്യവാരാചരണത്തിന്റെ ഒരു പ്രത്യേകപരിപാടിയായി പരിണമിക്കുന്നതു സമീചീനവും സമാദരണീയവുമായിരിക്കും.

## പ്രസാധകക്കുറിപ്പുകൾ

### "കത്തോലിക്കരോട്"—രണ്ടു കത്തോലിക്കാ നേതാക്കന്മാരുടെ ഉപദേശം"

എക്സ് എം. എൽ. ഏ. യായ ഒരു കത്തോലിക്കന്റേയും എക്സ് എം. എൽ. സി. യായ വേറൊരു കത്തോലിക്കന്റേയും ഒപ്പോടുകൂടിയുള്ള ഒരു പ്രസ്താവന മേലുദ്ധരിച്ച ശീർഷകത്തിൽ ഒരു ഇടതുപക്ഷപത്രം ഈയിടെ പ്രസിദ്ധീകരിച്ചുകണ്ടു. അതിലെ സംഗതമായ അവസാനഭാഗം ഇങ്ങനെയാണ്:-

"ക്രൈസ്തവ സമുദായതാല്പര്യങ്ങളേയും വിശിഷ്യ കത്തോലിക്കാ സമുദായതാല്പര്യങ്ങളേയും തീരെ അവഗണിച്ചും ഉത്തരവാദപ്പെട്ടവരോട് ചോദിക്കാതെയും സ്ഥാനാർത്ഥികളെ നിശ്ചയിച്ചിട്ടുള്ള സ്ഥിതിക്കു എല്ലാ ക്രൈസ്തവരും എല്ലാ കത്തോലിക്കരും ഒററക്കെട്ടായി കോൺഗ്രസ്സിനു വോട്ടുചെയ്യണമെന്നു പറയുന്നതു ന്യായമല്ല. എന്നുമാത്രമല്ല പ്രജായത്തഭരണനടപടിയും അനുസരിച്ചു നിയമസഭയിൽ പ്രബലമായ ഒരു എതിർകക്ഷി ഉണ്ടാ

കുന്നതു് പൊതുജനതാല്പര്യങ്ങൾക്ക അത്യാവശ്യമാണു്. അല്ലാത്തപക്ഷം റഷ്യയിലെമാതിരി ഏകകക്ഷിഭരണം നടപ്പിൽ വരും.

"ഞങ്ങളുടെ അഭിപ്രായത്തിൽ കോൺഗ്രസ്സു് സ്ഥാനാർത്ഥികളിൽ പ്രാപ്തരും സത്യസന്ധരുമായവർക്ക വോട്ടുചെയ്തു അവരെ വിജയിപ്പിക്കേണ്ടതാണു്. അതുപോലെതന്നെ മതനിഷേധമല്ലാത്ത വേറെ ഏതെങ്കിലും കക്ഷികളിലെ സ്ഥാനാർത്ഥികൾക്കും പ്രാപ്തരായ സ്വതന്ത്രന്മാർക്കും വോട്ടുചെയ്തു ജയിപ്പിക്കയന്നെവേണം. നമ്മുടെ നാട്ടിലെ ഭരണം പ്രജായത്തസമ്പ്രദായമനുസരിച്ചു കാര്യക്ഷമമായി ഇടന്നു നടത്തുന്നതിനു പ്രാപ്തിയുള്ള ഒരു മന്ത്രിസഭ രൂപീകരിക്കുവാൻ കാര്യവിവരവും ധാർമ്മിക മൂല്യങ്ങളിൽ വിശ്വാസവുമുള്ള സ്ഥാനാർത്ഥികൾക്കുതന്നെ വോട്ടുചെയ്യണമെന്നും അവസരസേവകരും ധ്വംസകരുമായവർക്കു് വോട്ടുചെയ്യരുതെന്നും ഞങ്ങൾ അപേക്ഷിക്കുന്നു."

ഈ രണ്ടു മാന്യന്മാരിൽ ഒരാൾ കോൺഗ്രസ്സു് പാർട്ടിയിൽനിന്നു രാജിവച്ചുകൊണ്ടു് പത്രങ്ങൾക്ക നൽകിയ ദീർഘമായ ഒരു വിശദീകരണപ്രസ്താവനയിൽനിന്നെടുത്തതെന്നുപറഞ്ഞു് അതേപത്രം അതേലക്കത്തിൽ റിപ്പോർട്ടുചെയ്തിട്ടുള്ള മററു പ്രസ്താവങ്ങളിലൊന്നിങ്ങനെയാണു:- "അടുത്തകാലത്തൊന്നും മതനിഷേധസംഘടനകളുടെ ഭരണം ഇവിടെ വരുമെന്നു ഭയപ്പെട്ടു് എല്ലാവരും കോൺഗ്രസ്സിൽതന്നെ കട്ടിനില്ക്കേണ്ടകാര്യമില്ല."

* * *

## ഉപദേശം വിവേകപൂർവ്വകമോ?

ഈ പ്രസ്താവങ്ങൾ വായിച്ചപ്പോൾ ഞങ്ങളുടെ ഉള്ളിലുദിച്ചതും മററു വായനക്കാരുടെ ഉള്ളിൽ ഉദിക്കാൻ എളുപ്പമുള്ളതുമായ ചില ചോദ്യങ്ങളുടെ വെളിച്ചത്തിൽ ആ പ്രസ്താവങ്ങളിലടങ്ങിയിരിക്കുന്ന ഉപദേശം വിവേകപൂർവ്വകമാണോയെന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. "മതനിഷേധമല്ലാത്ത വേറെ ഏതെങ്കിലും കക്ഷികൾ" എന്നു പറയുന്നതു് തിരു-കൊച്ചിയെ സംബന്ധിച്ചിടത്തോളം ആരെ പരാമർശിച്ചാണു്? അടുത്ത തിരഞ്ഞെടുപ്പിലേക്ക ഈ ജനുവരി 8-ാംനു നോമിനേഷൻപേപ്പർ സമർപ്പിച്ച കക്ഷികൾ ഏതെല്ലാമെന്നു നമുക്കറിയാം. —കോൺഗ്രസ്സു്, ത: നാ: കോൺഗ്രസ്സു്, പി. എസ്സു്. പി, കെ. എസ്സു്. പി, ആർ. എസ്സു്. പി, കമ്മ്യൂണിസ്റ്റു്. ഇവയിൽ കോൺഗ്രസ്സും ത: നാ: കോൺഗ്രസ്സും മതനിഷേധമല്ലാത്ത കക്ഷികളാണെന്നു തീർച്ചതന്നെ. കമ്മ്യൂണിസ്റ്റു്, ആർ. എസ്സു്. പി, കെ. എസ്സു്. പി എന്നീ കക്ഷികൾ മതവിരുദ്ധങ്ങളോ സന്മാർഗ്ഗവിരുദ്ധങ്ങളോ മനുഷ്യാവകാശവിരുദ്ധങ്ങളോ ആയ മാർക്സ്യൻ തത്വങ്ങളും ആദർശങ്ങളും പരിപാടികളും സ്വീകരിച്ചിരിക്കുന്നതിനാൽ അവ മൂന്നും കത്തോലിക്കർക്കു് നിഷിദ്ധങ്ങളാകുന്നു. പി. എസ്സു്. പി. ജനാധിപത്യകക്ഷി എന്ന നിലയിൽ മാർക്സ്യൻ സിദ്ധാന്തങ്ങളെ തത്വത്തിൽ നിരാകരിച്ചിരിക്കുകയാണെന്നും അങ്ങനെ കത്തോലിക്കർക്കു് നിഷിദ്ധമല്ലെന്നും തെളിഞ്ഞാൽത്തന്നെയും തിരു-കൊച്ചിയിലെ പി. എസ്സു്. പി. നിഷിദ്ധങ്ങളായ മററു മൂന്നുമാർക്സ്യൻ കക്ഷികളുമായി തിരഞ്ഞെടുപ്പുസംബന്ധിച്ചു് പരസ്പരധാരണയിലോ ഐക്യത്തിലോ ഏർപ്പെട്ടിരിക്കുകയാണു്. ഈ ഐക്യകക്ഷികൾക്കു് തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുകയും, തൽഫലമായി അവർ ഭരണഭാരം ഏറെറടുക്കുവാൻ സന്നദ്ധരാകയുംചെയ്യുന്നപക്ഷം പി. എസ്സു്. പി. ആ സംയുക്തഗവമ്മെൻറിലെ ഒരു ഘടകമായിരിക്കയില്ലയോ? ഈ ഐക്യകക്ഷികൾ തിരഞ്ഞെടുപ്പിൽ നിർത്തിയിട്ടുള്ള സ്ഥാനാർത്ഥികളുടെ ആകെത്തുകയിൽ പി. എസ്സു്. പി. യുടേതു താരതമ്യേന ന്യൂനപക്ഷമാണെന്നു കാണാം. തന്മൂലം സംയുക്തഗവമ്മെൻറിലും പി. എസ്സു്. പി. ന്യൂനപക്ഷമായിരിക്കും. കമ്മ്യൂണിസ്റ്റുനേതൃത്വത്തിലുള്ള മാർക്സ്യൻ പാർട്ടികളായിരിക്കും അതിൽ വലിയ ഭൂരിപക്ഷം. അങ്ങനെയെങ്കിൽ "അടുത്തകാലത്തൊന്നും മതനിഷേധസംഘടനകളുടെ ഭരണം ഇവിടെ വരുമെന്നു് ഭയപ്പെടേണ്ടകാര്യമില്ല" എന്ന പ്രസ്താവം ശരിയായിരിക്കുമോ? പ്രജായത്തഭരണസമ്പ്രദായമനുസരിച്ചു് നിയമസഭയിൽ പ്രബലമായ ഒരു എതിർകക്ഷിയുണ്ടാകുന്നതു് പൊതുജനതാല്പര്യങ്ങൾക്കു് അത്യാവശ്യമാണെന്നു സമ്മതിക്കാം. എന്നാൽ കമ്മ്യൂണിസ്റ്റുകൾ ഉൾപ്പെടേയുള്ള ഇവിടത്തെ മാർക്സ്യൻകക്ഷികൾ സാക്ഷാൽ പ്രജായത്തഭരണസമ്പ്രദായം അനുസരിക്കുന്നവരല്ലാത്തതിനാൽ, ഇംഗ്ലണ്ടിലും അമേരിക്കയിലും മററുമുള്ളപോലെ നിയമസഭയിലെ ശരിയായ എതിർകക്ഷിയായിരുന്നു പൊതുജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കൊള്ളുന്നവരാണോ അവർ? പ്രസ്തുത ഐക്യകക്ഷികൾ തിരഞ്ഞെടുപ്പിൽ ജയിച്ചു് സംയുക്തഗവമ്മെൻറു് രൂപീകരിക്കാനിടവരുന്നപക്ഷം കാലാന്തരത്തിൽ ഏകകക്ഷിഭരണമായിത്തീരുകയില്ലേ ഇവിടെ നടപ്പിൽവരുക? ഭൂരിപക്ഷമുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പിടിയിലായിരിക്കുമെന്നതിനാൽ ആ ഏകകക്ഷിഭരണം ഏതാണ്ടു് റഷ്യയിലെമാതിരിയായിരിക്കുകയുമില്ലേ?

* * *

## കമ്മ്യൂണിസ്റ്റും പി. എസ്സു്. പി. യും—നെഹ്റുവിൻെറ അപലപനം

കോൺഗ്രസ്സു് പ്രവർത്തകന്മാരുടെ ഒരു വലിയ സംഘത്തെ അഭിസംബോധനചെയ്തു്, ജനുവരി 4-ാംനു നാഗപ്പൂരിൽവച്ചു് പ്രധാനമന്ത്രി നെഹ്റു പ്രസംഗിക്കുകയായിരുന്നു. കോൺഗ്രസ്സിനെക്കൂടാതെ ഇന്ത്യക്ക പുരോഗതിയില്ലെന്നും, കോൺഗ്രസ്സിൻെറ അഭാവത്തിൽ രാജ്യത്തെ കയ്യിലെടുക്കുവാൻ പ്രാപ്തമായ മററുപാർട്ടികൾ ഇന്നില്ലെന്നും, കോൺഗ്രസ്സു് ദുർബലമാകുന്നതു രാജ്യത്തിനു് വിപത്താണെന്നും പ്രസ്താവിച്ചശേഷം അദ്ദേഹം ഇങ്ങനെ തുടർന്നു-

കമ്മ്യൂണിസ്റ്റുകാരുടെ വേരും മനസ്സും ഇന്ത്യക്ക പുറത്താണു്. അക്രമവും നശീകരണവുംകൊണ്ടു് എന്തൊക്കെയോ സാധിക്കാമെന്നു് അവർ വ്യാമോഹിക്കുന്നു. അക്രമത്തെ അടിസ്ഥാനമാക്കി ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചാൽ രാജ്യം ഛിന്നഭിന്നമാകുമെന്നു് തനിക്കു യാതൊരു സംശയവുമില്ല. ആന്ധ്രാസംസ്ഥാനം രൂപീകരിക്കുന്നതിനുമുമ്പുണ്ടായ സംഭവങ്ങളേയും അടുത്തകാലത്തെ വിദ്യാർത്ഥിപ്രക്ഷോഭണങ്ങളേയുംപററി പരിശപിച്ചുകൊണ്ടു് നെഹ്റു പറഞ്ഞു, അക്രമം യാതൊരു പ്രശ്നത്തിനും പരിഹാരമല്ലായെന്നു്. കമ്മ്യൂണിസ്റ്റുകാരുടെ ഒന്നാമത്തെ കുഴപ്പം അവരെ പുറത്തുനിന്നുള്ള പ്രേരണ നയിക്കുന്നു എന്നുള്ളതാണു്. രണ്ടാമത്തെ കുഴപ്പം അക്രമംകൊണ്ടു് നേട്ടമുണ്ടാക്കാമെന്നുള്ള അവരുടെ വിശ്വാസമാണു്. ഈ രണ്ടു പ്രവണതകളും രാജ്യത്തിൻെറ പുരോഗതിക്കു് വിപത്താകുന്നു. പ്രജാസോഷ്യലിസ്റ്റു് പാർട്ടിയിൽ തൻെറ പലപഴയസഹപ്രവർത്തകരുമുണ്ടെന്നു് നെഹ്റു പറഞ്ഞു. എന്നാൽ വിദേശകാര്യത്തിലോ ആഭ്യന്തരകാര്യത്തിലോ യഥാർത്ഥ്യത്തോടു ബന്ധമില്ലാതെ അവർ നീണ്ടപ്രമേയങ്ങൾ പാസാക്കുന്നതുകണ്ടു് അദ്ദേഹം ആശ്ചര്യപ്പെടുകയാണു്. അവരുടെ ശക്തി വളരുന്നില്ല എന്ന ഖേദം അദ്ദേഹം പ്രകടിപ്പിച്ചു.

* * *

## നെഹ്റുവിൻെറ ഈ അപലപനം കമ്മ്യൂണിസ്റ്റുനേതാക്കന്മാർ പണ്ടേ സമ്മതിച്ചിട്ടുണ്ടു്

കമ്മ്യൂണിസ്റ്റുകാരുടെ വേരും മനസ്സും ഇന്ത്യക്ക പുറത്താണെന്നും പുറത്തുനിന്നുള്ള പ്രേരണയാണു് അവരെ നയിക്കുന്നതെന്നും നെഹ്റു അപലപിച്ചിരിക്കുന്നതു് അക്ഷരംപ്രതി വാസ്തവമാണെന്നു് വിദേശങ്ങളിലെ ഒന്നാംകിടയിലുള്ള കമ്മ്യൂണിസ്റ്റുനേതാക്കന്മാർ പണ്ടേ സമ്മതിച്ചിട്ടുള്ളതാണു്. ബൾഗേറിയായിലെ കമ്മ്യൂണിസ്റ്റു് ഭരണകർത്താവായ ഡിമിട്രോവു് പ്രഖ്യാപിച്ചു: "ഞങ്ങൾ മോസ്കോയിൽനിന്നല്ല ഉത്തരവുവാങ്ങുന്നതെന്നു പറയുന്നവർ തൊഴിലാളിരാഷ്ട്രത്തിനു് എതിരാണു്. മോസ്കോയിൽനിന്നു ഉത്തരവു വാങ്ങുന്നതു് ലെനിൻേറയും സ്റ്റാലിൻേറയും മാതൃക അംഗീകരിക്കുകയാണു്." ഫ്രാൻസിലെ തോറസ്സും ഇററലിയിലെ തൊഗ്ലിയാത്തിയും പ്രഖ്യാപിച്ചിട്ടുണ്ടു്, റഷ്യക്കെതിരായി തങ്ങളുടെ രാജ്യങ്ങൾ യുദ്ധത്തിലേർപ്പെട്ടാൽ തങ്ങൾ റഷ്യയുടെ ഭാഗത്തുനിന്നു പൊരുതുമെന്നു്. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സിക്രട്ടറിയായ മി. ഹാരി പൊള്ളിററു് (Pollitt) 3000 നാഴിക യാത്രചെയ്തു് ഇന്ത്യയിലെത്തി, കഴിഞ്ഞമാസം മധുരയിൽ കൂടിയ കമ്മ്യൂണിസ്റ്റു് കോൺഗ്രസ്സിനു് മോസ്കോയിൽ നിന്നുള്ള പ്രചോദനം നൽകി. 1938 ഏപ്രിൽ 3-ാംനു ലണ്ടനിൽ സമ്മേളിച്ച "യൂണിററി ക്യാമ്പെയിൻ"യോഗത്തിൽ പൊള്ളിററു് ചെയ്ത കുപ്രസിദ്ധ പ്രഖ്യാപനം ഇങ്ങനെയായിരുന്നു: "ഞാൻ സ്റ്റാലിനിൽനിന്നു് ഉത്തരവുകൾ വാങ്ങുന്നുവെന്നാണു് ആക്ഷേപം. ഞാൻ അതു സമ്മതിക്കുന്നു." ബ്രിട്ടീഷ് ലേബർപാർട്ടിയുടെ എക്സിക്യൂട്ടിവു് സമിതി ഈ സമ്മതം ഉദ്ധരിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റുകളെ ആ പാർട്ടിയണികളിൽനിന്നു് ബഹിഷ്കരിച്ചു. "കമ്മ്യൂണിസ്റ്റുപാർട്ടി അതിനുവേണ്ട പണം മാത്രമല്ല ഉത്തരവുകളും മോസ്കോയിൽ നിന്നാണു് വാങ്ങുന്നതു്. ആ ഉത്തരവുകൾ അടിമത്തത്തോടുകൂടി അനുസരിക്കാതെ അവർക്കു് നിവൃത്തിയുമില്ല" എന്നാണു് ബഹിഷ്കരണത്തിനുള്ള കാരണമായി ലേബർ പാർട്ടി പ്രസ്താവിച്ചതു്. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രസിദ്ധീകരണങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന ആർക്കും ബോദ്ധ്യമാണു്, മോസ്കോയുടെ താളത്തിനു് തുള്ളാൻ ഏതു രാജ്യത്തിലേയും കമ്മ്യൂണിസ്റ്റുകാർ തയാറാണെന്നു്. ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ ഇതിനു് വ്യത്യസ്തമല്ലതന്നെ. അതുകൊണ്ടാണല്ലോ അവരുടെ യോഗങ്ങളിലും റാലികളിലും ചെങ്കൊടിക്കും സോവ്യററു് നേതാക്കൾക്കും പ്രാധാന്യം നൽകുന്നതു്.

* * *

## ഇടതുപക്ഷങ്ങൾക്കു് വോട്ടു് ചെയ്യരുതെന്നു് അഖിലേന്ത്യാ മുസ്ലിം ലീഗിൻെറ നിർദ്ദേശം

തിരുക്കൊച്ചിയിലെ അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ അവിടത്തെ മുസ്ലീങ്ങൾ സ്വീകരിക്കേണ്ട നിലയെപ്പററി ഉപദേശം നൽകാൻ മലബാർ ഡിസ്ട്രിക്ടു് മുസ്ലിംലീഗു് കഴിഞ്ഞ ഒക്ടോബറിൽ ഒരു "അഡ് ഹോക്കു്" കമ്മിററിയെ നിയമിച്ചിരുന്നു. ഈ കമ്മിററിയിൽ എം. പി., എം. എൽ. എ, ഡിസ്ട്രിക്ടു് മുസ്ലിം ലീഗു് പ്രസിഡൻറു്, അതിൻെറ സിക്രട്ടറി മുതലായി പ്രമാണപ്പെട്ടവരും ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിൻെറ വർക്കിംഗു് കമ്മിററി അംഗങ്ങളുമായ മുസ്ലീങ്ങൾ ഉൾപ്പെട്ടിട്ടുണ്ടു്. കമ്മിററി നൽകിയിട്ടുള്ള ഉപദേശം ഇങ്ങനെയാണു്:-

ഇന്ത്യൻ റിപ്പബ്ലിക്കിൻെറ പൊതുവിലും, തിരു-കൊച്ചി സ്റ്റേററിൻേറയും അവിടത്തെ മുസ്ലീമുകളുടേയും മററു ന്യൂനപക്ഷങ്ങളുടേയും പ്രത്യേകിച്ചുമുള്ള ഉത്തമതാല്പര്യങ്ങളെ പരിഗണിച്ചു്, കമ്മ്യൂണിസ്റ്റുപാർട്ടിയുടേയും പ്രജാസോഷ്യലിസ്റ്റു് പാർട്ടിയുടേയും കേരളാസോഷ്യലിസ്റ്റു് പാർട്ടിയുടേയും റവല്യൂഷണറി സോഷ്യലിസ്റ്റു് പാർട്ടിയുടേയും ഔദ്യോഗിക സ്ഥാനാർത്ഥികൾക്കും ഈ പാർട്ടികൾ ഒററയ്ക്കോ കൂട്ടായോ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന സ്ഥാനാർത്ഥികൾക്കും, തിരുക്കൊച്ചിയിലെ മുസ്ലീങ്ങൾ യാതൊരു കാരണവശാലും യാതൊരുവിധ പിൻതുണയും നൽകരുതു്."

ഡിസ്ട്രിക്ടു് മുസ്ലിംലീഗു് ചുമതലപ്പെടുത്തിയ കൃത്യം നിർവഹിക്കുവാൻ ആഡ്ഹോക്കു് കമ്മിററിയെ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിൻെറ പ്രസിഡൻറു് അധികാരപ്പെടുത്തിയിരിക്കുന്നതിനാൽ കമ്മിററിയുടെ പ്രസ്തുതോപദേശത്തിനു് മുസ്ലിംലീഗിൻെറ മുഴുവനും അംഗീകാരമുണ്ടെന്നു് വിചാരിക്കാം.

* * *

## കോൺഗ്രസ്സിനെ വിജയിപ്പിക്കണമെന്നു് കത്തോലിക്കാ കോൺഗ്രസ്സിൻെറ അഭ്യർത്ഥന

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സു് പ്രസിഡൻറു് ശ്രീ ടി. ജെ. മാത്യുവിൻെറ അദ്ധ്യക്ഷതയിൽ ജനുവരി 10-ാം തീയതി കൂടിയ പ്രതിനിധിസഭ (ജനറൽബോഡി)? സമ്മേളനത്തിൽ വർക്കിംഗ്കമ്മിററിയുടെ താഴെ കാണുന്ന പ്രമേയം ജനറൽ സിക്രട്ടറി അവതരിപ്പിക്കുകയും, വോട്ടിനിട്ടു് ബഹുഭൂരിപക്ഷത്തോടെ പാസാക്കപ്പെടുകയും ചെയ്തു.

"തിരുക്കൊച്ചിയിലെ ഇപ്പോഴത്തെ രാഷ്ട്രീയനിലപാടും വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനപരിപാടികളും ആദർശങ്ങളും മുൻനിർത്തി ആലോചിച്ചതിൽ, സുസ്ഥിരമായ ഒരു ഗവർമ്മെൻറു് ഈ രാജ്യത്തുണ്ടാകേണ്ടതു് രാജ്യത്തിൻേറയും സമുദായങ്ങളുടേയും രക്ഷയ്ക്കു് അത്യാവശ്യമായിരിക്കുന്നതുകൊണ്ടും, കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തന്ത്രങ്ങൾ പ്രബലപ്പെടുകയും കമ്മ്യൂണിസ്റ്റു്, ആർ. എസ്സ്. പി., കെ. എസ്സ്. പി., പി. എസ്സ്. പി. മുതലായ ഇടതുപക്ഷങ്ങളുടെ കൂട്ടുകെട്ടിൽപ്പെട്ട സ്ഥാനാർത്ഥികളോ സ്വതന്ത്രരോ വിജയംവരിക്കുകയും ചെയ്താൽ ദൈവവിശ്വാസമുള്ള സമുദായങ്ങൾക്കും വ്യക്തികൾക്കും രക്ഷയില്ലാതെ വരുന്നതിനു് ഇടയാകാവുന്നതുകൊണ്ടും, വിശുദ്ധമായ സന്മാർഗ്ഗാചാരങ്ങൾ നാട്ടിൽ സംരക്ഷിക്കേണ്ടിയിരിക്കുന്നതുകൊണ്ടും ഇപ്പോഴത്തെ പരിതസ്ഥിതിയിൽ അടുത്തു നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ സ്ഥാനാർത്ഥികളെ വിജയിപ്പിക്കുന്നതിനു് കത്തോലിക്കാസമുദായത്തിൻെറ സർവ്വവിധമായ സഹായസഹകരണങ്ങളും നൽകേണ്ടതാണെന്നു് ഈ കോൺഗ്രസ്സു്യോഗം സമുദായാംഗങ്ങളോടു് അഭ്യർത്ഥിക്കുന്നു."

ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയെ ഈ കോൺഗ്രസ്സു് അനുകൂലിക്കണമെന്നു പറയുന്നതു് രാഷ്ട്രീയപരിപാടിയായി വരുമോയെന്നുള്ള പോയിൻറു് ആഫ് ഓർഡർ ഉന്നയിക്കപ്പെട്ടതിനു് രാഷ്ട്രീയപരിപാടിയാകയില്ലെന്നു് പ്രസിഡൻറു് റൂളിംഗ് നൽകി.

## അടുത്തയാഴ്ചയിൽ

ജനുവരി

24 ഞാ: ദനഹാ 3-ാംഞായർ
25 തി: പൗലോസിൻെറ മാനസാന്തരം
26 ചൊ: പൊലിക്കാർപ്പോസു്
27 ബു: ജോൺ ക്രിസോസ്തോമോസു്
28 വ്യാ: പീററർ നൊലാസ്കോ
29 വെ: ഫ്രാൻസീസു് ഡെസാലെസു്
30 ശ: മത്തിന

സത്യദീപം വരിസംഖ്യ


പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ മകളുടെ സുഖക്കേടു ഭേദമായതിനു കൃതജ്ഞത.

കരികയിൽ വക്കോ പേതൃ,
ചെറായി




For favour received
By M. Paul Joseph
Poultry officer, Mannuthy

Thanksgiving to Sr. Alphonsa for favours received. Excuse delay.
K. A. Ittyannam,
Trichur

വി. യൂദാ തദ്ദേവൂസു് പുണ്യവാൻെറ മാദ്ധ്യസ്ഥംവഴി ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കെ. ജെ. പോൾ

# അഖിലേന്ത്യാ വിദ്യാഭ്യാസ സമ്മേളനം

അഖിലേന്ത്യാ വിദ്യാഭ്യാസ സംഘടന ഇൻഡ്യയിലെ മികച്ച വിദ്യാഭ്യാസപ്രവർത്തകർ ചേർന്നു നടത്തുന്നതും കേന്ദ്രഗവർമ്മെൻറിൻെറ പരിപാലനയിൻ കീഴിൽ പ്രവർത്തിക്കുന്നതുമാണ്. ഇക്കൊല്ലത്തെ സമ്മേളനം കല്ക്കട്ടയിൽ അസ്സീറേറഷ്സ് കോളെജിൽവച്ച് കഴിഞ്ഞയാഴ്ച നടക്കുകയുണ്ടായി. ഇതിൻെറ പ്ലീനറി സെഷൻ ഹസാരപാർക്കിലുള്ള പ്രത്യേകപന്തലിൽ സമ്മേളിച്ച പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനു ഇൻഡ്യാഗവർമ്മെൻറിൻെറ വിദ്യാഭ്യാസമന്ത്രി തൻെറ സെക്രട്ടറി കെ ജി. സെയിഡിനെ അയച്ചു എന്നുള്ളതു് പ്രശംസാർഹമാണു്.

പൊതുസമ്മേളനത്തിനു പുറമെ വിദ്യാഭ്യാസത്തിൻെറ വിവിധവശങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള ശാഖാസമ്മേളനങ്ങളുമുണ്ടായിരുന്നു. പ്രൈമറി, സെക്കൻഡറി, കലാശാല, പബ്ലിക് സ്കൂൾ, പിന്നോക്കസമുദായങ്ങൾ, അംഗഹീനന്മാർക്കു മതപരവും സദാചാരപരവുമായ വിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം തുടങ്ങിയ പലതും ഇവയിലെ വിഷയങ്ങളായിരുന്നു.

പ്രൈമറിവിഭാഗത്തിൻെറ പ്രത്യേകസമ്മേളനത്തിൽ തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജ് പ്രൊഫസർ റവ. ടി.



എൻ. സിക്വൈറ എസ്. ജെ. ആദ്ധ്യക്ഷം വഹിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ ഫാദർ സിക്വൈറ ഏതാണ്ടിപ്രകാരം പ്രസ്താവിച്ചു:

പ്രൈമറി വിദ്യാഭ്യാസംകൊണ്ടു് ഒരുത്തനു സിദ്ധിക്കുന്ന സംസ്കാരം അവൻെറ ജീവിതത്തിൽ മുഴുവനും ഉപകരിക്കത്തക്കവിധം അത്ര സ്ഥായിയായിരിക്കണം. എന്നാൽ ആധുനികവിദ്യാഭ്യാസരീതി അതിനുപകരിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇതിനു പല കാരണങ്ങളുണ്ടു്. ഒന്നാമതു് വിദ്യ അഭ്യസിപ്പിക്കുന്നവിധം അപൂർണ്ണമാണു്. പോരെങ്കിൽ ആകർഷണീയമായരീതിയിൽ ആശയങ്ങൾ അദ്ധ്യേതാക്കളിലേക്കു് പകർത്തത്തക്ക പുസ്തകങ്ങളുടെയും മററുപാധികളുടെയും അഭാവം. തുടർന്നു ഫാദർ സെക്വൈറ മദ്രാസ് ഗവർമ്മെൻറു പുതുതായി ഉന്നയിച്ചിട്ടുള്ള വിദ്യാഭ്യാസരീതിയുടെ ഗുണദോഷങ്ങളെ പരാമർശിക്കുകയുണ്ടായി. യോഗ്യന്മാരായ അദ്ധ്യാപകന്മാർ താഴ്ന്നക്ലാസുകളിലാണു് പ്രത്യേകിച്ചു ആവശ്യമെന്നും അപ്രകാരമുള്ള അദ്ധ്യാപകന്മാർ അവരുടെ ശമ്പളംകൊണ്ടു മാത്രമല്ല പ്രത്യുത അവരുടെ ജോലിയുടെ മാഹാത്മ്യം ഒന്നുകൊണ്ടുമാത്രം ആകർഷിക്കത്തക്കതായി വേണം അവരുടെ കൃത്യം നടത്തേണ്ടതെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു അവർ അവരുടെ ശിക്ഷണത്തിലേല്പിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക മാതാപിതാക്കളും

യിരിക്കണം.

തുടർന്നുണ്ടായ ചർച്ചയിൽ സ്കൂളുകൾ ഗവർമ്മെൻറു് ഏറെറടുക്കണമെന്നുള്ള വാദഗതിയെ ഫാദർ സിക്വൈറ സധീരം എതിർക്കുകയുണ്ടായി മദ്രാസ് പദ്ധതിയേയും അദ്ദേഹം കാര്യകാരണസഹിതം എതിർത്തു.

സാന്മാർഗ്ഗികവിഭാഗ സമ്മേളനം പ്രൊഫ. ദിവാകരുടെ അദ്ധ്യക്ഷതയിൽ കൂടി. ഈ സമ്മേളനത്തിൽ പ്രൊഫ ഇന്ദ്രസേൻ വിദ്യാർത്ഥികൾക്കു എല്ലാ മതങ്ങളെയും സംബന്ധിച്ച് ഒരു സാധാരണജ്ഞാനം നൽകണമെന്നും പ്രത്യേകമതപഠനം ആവശ്യമില്ലെന്നും ഉന്നയിച്ച ഫാദർ സിക്വൈറ ഇതിനെ എതിർക്കുകയുണ്ടായി. ഓരോ വിദ്യാർത്ഥിയും അവൻെറ മതത്തിൻെറ പഠനത്തിലും നടത്തിപ്പിലും പരിപൂർണ്ണമായ ജ്ഞാനം കൊടുക്കയാണുത്തമമെന്നു വാദിച്ചു. സാക്ഷരൻ മതബോധമില്ലാത്തവരാണു് വഴക്കുകൾ സൃഷ്ടിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തുടർന്നു ഫാദർ സിക്വൈറ മതവും സദാചാരവും തമ്മിലുള്ള വ്യത്യാസവും വെളിപ്പെടുത്തുകയുണ്ടായി

ഈ സമ്മേളനം സംബന്ധിച്ചു് വിദ്യാഭ്യാസപരമായ ഒരു വലിയ പ്രദർശനമുണ്ടായിരുന്നു 3000 ൽ ചില്വാനം പ്രതിനിധികൾ ഇതിൽ സംബന്ധിക്കുകയുണ്ടായി. യൂറോപ്പിൽനിന്നും ചില പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

## തിരുക്കൊച്ചിവാർത്തകൾ

### സ്ഥാനാർത്ഥികളുടെ അവസാനലിസ്റ്റ്

അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ തിരുകൊച്ചി നിയമസഭയിലെ 117 സ്ഥാനങ്ങളിലേക്കായി വിവിധ പാർട്ടി സ്ഥാനാർത്ഥികളും സ്വതന്ത്രന്മാരുമുൾപ്പെടെ 265 പേർ മത്സരിക്കുന്നതാണു്. അവസാനലിസ്റ്റ് അനുസരിച്ചു് 115 സ്ഥാനങ്ങളിൽ കോൺഗ്രസ് സ്ഥാനാർത്ഥികളെ നിർത്തിയിട്ടുണ്ടു് കമ്മ്യൂണിസ്റ്റ് പാർട്ടി 46-ം പി. എസ്. പി 40-ം ആർ എസ്. പി 12-ം കെ എസ്. പി. 8-ം റവലൂഷണറി കമ്മ്യൂണിസ്റ്റ്പാർട്ടി 2-ം ജനസംഘം 1-ം തമിഴ്നാട്ടുകോൺഗ്രസ് 16-ം സ്വതന്ത്രന്മാർ 25-ം സ്ഥാനങ്ങളിൽ മത്സരിക്കുന്നു.

### കോൺഗ്രസ് കൺവൻഷൻ

തിരുകൊച്ചി പ്രദേശ് കോൺഗ്രസ് കൺവൻഷൻ ജനു. 15, 16 17 എന്നീ തിയതികളിൽ കൊല്ലത്തുവച്ചു് വിപുലമായ തോതിൽ നടത്തപ്പെട്ടിരിക്കുന്നു. മദ്രാസ് മുഖ്യമന്ത്രി ശ്രീ രാജഗോപാലാചാരിയാണു് കൺവൻഷൻ ഉൽഘാടനം ചെയ്തതു്.

### സിററിമേയർ

ജനു. 12-ാംനു നടന്ന തിരുവനന്തപുരം സിററി മേയർ തിരഞ്ഞെടുപ്പിൽ സ്വതന്ത്രസ്ഥാനാർത്ഥി മി കൃഷ്ണപിള്ള വിജയിയായിരിക്കുന്നു. അദ്ദേഹത്തിനു് 21 വോട്ടും എതിർസ്ഥാനാർത്ഥി മി സി. എസ്. നീലകണ്ഠൻനായർക്ക് (പി. എസ്. പി )16 വോട്ടുമാണു ലഭിച്ചതു്.

### മാററിവെച്ചു

കൊല്ലത്തു് ഫ്രാൻസിസ്കൻ റാലി ജനുവരി 16, 17, ഈ തിയതികളിൽ നടത്തുവാൻ വിചാരിച്ചിരുന്നെങ്കിലും ആ തിയതികളിൽത്തന്നെ കൊല്ലത്തുവെച്ചു തിരുകൊച്ചി കോൺഗ്രസ് മഹാസമ്മേളനം നടത്തുന്നതിനാൽ ഫ്രാൻസിസ്കൻറാലി മാററിവെച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### കമ്മ്യൂ. വിരുദ്ധകൗൺസിൽ

കമ്മ്യൂണിസത്തെ പ്രതിരോധിക്കുന്നതിനായി മദ്രാസിലെ കോൺഗ്രസ്സ് പ്രവർത്തകരുടേയും കമ്മ്യൂണിസ്റ്റേതര തൊഴിലാളി സംഘടനകളുടേയും തമിഴ്നാട്ടു് ഐ. എൻ. ടി. യു. സി. യുടേയും ആഭിമുഖ്യത്തിൽ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി കേന്ദ്രസംഘടന മദ്രാസിൽ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു.

### പെപ്സുവിൽ

തിരുകൊച്ചിയോടൊപ്പം അടുത്തുതന്നെ പൊതുതിരഞ്ഞെടുപ്പു നടത്താൻപോകുന്ന മറെറാരു ഇൻഡ്യൻ സ്റ്റേററാണല്ലോ പെപ്സു. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഒരു കോൺഗ്രസേതരമന്ത്രിസഭ അധികാരത്തിൽ വന്ന ഇൻഡ്യയിലെ ഏകസംസ്ഥാനം ഇതായിരുന്നു. എന്നാൽ അവിടത്തെ ഇടതുപക്ഷത്തിനു് ഭരണം തുടർന്നുകൊണ്ടുപോകാൻ നിവൃത്തിയില്ലാതെ വന്നതിനാൽ ഇക്കാലത്തു് അവിടത്തെ ഭരണം പ്രസിഡണ്ടു് ഏറെറടുക്കുകയാണുണ്ടായതു്. പെപ്സു അസംബ്ലിയിൽ ആകെ 60 സ്ഥാനങ്ങളാണുള്ളതു്. അതിലേക്കു് 444 സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രിക സമർപ്പിച്ചിട്ടുള്ളതായറിയുന്നു.

### പരേതനായ ശ്രീ വർക്കി മാമ്പിള്ളി



മലബാർ ഹെറാൾഡ് പത്രത്തിൻെറ ജോയിൻറു് എഡിററായിരുന്ന ശ്രീ വർക്കി മാമ്പിള്ളി അവർകൾ ജാനുവരി 9-ാംനു തൻെറ 69-ാമത്തെ വയസ്സിൽ എറണാകുളത്തുവച്ചു നിര്യാതനായിരിക്കുന്നു.

R. I. P.

## വിദേശവാർത്തകൾ

### കൊറിയൻപ്രശ്നം

ഇൻഡ്യൻ നിഷ്പക്ഷകമ്മീഷൻെറ മേൽനോട്ടത്തിൽ കൊറിയൻ യുദ്ധത്തടവുകാർക്കു് വിശദീകരണം നൽകുന്നതിനായി അനുവദിക്കപ്പെട്ടിരിക്കുന്ന 90 ദിവസത്തെ അവധി ജാനുവരി 22-ാംനു കൊണ്ടവസാനിക്കുന്നതാണു്. ഇനിയും സ്വന്തം നാട്ടുകളിലേക്കു് തിരിച്ചുപോകുവാൻ വിസമ്മതംകാണിക്കുന്ന ഇരുകക്ഷികളിലുംപെട്ട 22000 ത്തോളം യുദ്ധത്തടവുകാരെ ജാനു 22ഓടുകൂടി യു. എൻ-ം കമ്മ്യൂണിസ്റ്റും കമാൻറുകളെ തിരികെ ഏല്പിക്കുന്നതാണെന്നു് ഇൻഡ്യ ഇരുഭാഗക്കാരേയും അറിയിച്ചിരിക്കുന്നു. കൊറിയൻ പ്രശ്നം സംബന്ധിച്ച് ഇനി എന്തുനടപടിയാണു സ്വീകരിക്കേണ്ടതെന്നാലോചിക്കു വാൻ ഐക്യരാഷ്ട്രജനറൽ അസംബ്ലിയുടെ ഒരു സമ്മേളനം ഫെബ്രു. 9-ാംനു വിളിച്ചുകൂട്ടണമെന്നു് ഇൻഡ്യ ആവശ്യപ്പെട്ടിരിക്കുന്നു.

### ഇററലിയിൽ

ഇററലിയിൽ ക്രിസ്ത്യൻ ഡെമോക്രാററു് പാർട്ടിനേതാവായ സിഞ്ഞോർ ഗിസെപ്പി പെല്ലയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജിവയ്ക്കുകയും ഒരു പുതിയ മന്ത്രിസഭ രൂപവൽക്കരിക്കാനുള്ള ഇററാലിയൻ പ്രസിഡൻറിൻെറ നിർദ്ദേശം സിഞ്ഞോർ പെല്ല നിരാകരിക്കുകയും ചെയ്തിരിക്കുന്നു. ഇതേത്തുടർന്നു ക്രിസ്ത്യൻ ഡെമോക്രാററ് പാർട്ടിയിലെ ഇടതുപക്ഷനേതാവായ സിഞ്ഞോർ എ. ഫാൻഫാനി ഒരു മന്ത്രിസഭ രൂപവൽകരിക്കാൻ തീരുമാനിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

## ഇടവകവാർത്തകൾ

പൂന— കേ. ക. കോൺഗ്രസ് പൂനാ കിർക്കി ശാഖയുടെ എട്ടാംവാർഷികം പൂനാ വാഡിയാ കോളേജ് ഹാളിൽവച്ച് മേജർ ജെ പി. ആൻറണിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. കൈമാപറമ്പൻ നാലരമണിക്കൂർ ദീർഘിച്ച സരസമായ കഥാപ്രസംഗത്തിൽ കാഥികൻ കത്തോലിക്കാ സമുദായാംഗങ്ങളുടെ ശ്രദ്ധേയമായ പല പ്രശ്നങ്ങളും ഹൃദ്യമായി പരാമർശിക്കുകയുണ്ടായി. സെക്രട്ടറി മി. ടി വി. മാണി കൃതജ്ഞതാപ്രകടനം നടത്തി.

ഡിനോബിലി കോളേജിൽ കൈമാപറമ്പൻെറ കഥാപ്രസംഗത്തിനു മുമ്പായി റവ. ഫാദർ പി. സി. ആൻറണി എസ്. ജെ. സ്വാഗതപ്രസംഗം നടത്തി കഥാപ്രസംഗഭാഗം ഈശോസഭാവൈദികർ എന്നതായിരുന്നു പ്രസ്തുത ഭാഗം റിക്കാർഡു ചെയ്യുകയുണ്ടായി.

ബോംബേ— പോദാർ കോളേജിൽവച്ചു് കേരളകാത്തലിക്കു് ലീഗിൻെറ ആഭിമുഖ്യത്തിൽ നടത്തിയ കഥാപ്രസംഗത്തിൽ മി. കൈമാപറമ്പനു് ലീഗിൻെറ വകയായി ഒരു സ്വർണ്ണമെഡൽ സമ്മാനിക്കപ്പെട്ടു.

മററം— ഇവിടത്തെ യുവജനങ്ങൾ "സെൻറു് വിൻസെൻറു് ഡി പോൾ സംഘ"ത്തിൻെറ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലതയോടുകൂടി നടത്തിത്തുടങ്ങിയിരിക്കുന്നു. ഇവർ കൂട്ടംകൂട്ടമായി ജാതിമതഭേദമെന്യേ ഓരോ വീടും സന്ദർശിച്ചു് സംഭാവനകൾ പണമായും, ധാന്യമായും, കാർഷികോല്പന്നങ്ങളായും സ്വീകരിച്ചു് അർഹിക്കുന്ന സാധുകുടുംബങ്ങളെ പുലർത്തിപ്പോരുന്നു. ഏതു വീട്ടിലും ഇവർക്കു് വേണ്ടത്ര പ്രോത്സാഹനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഇവരുടെ ഉണർവ്വു് അശരണർക്കും രോഗികൾക്കും ആശ്വാസപ്രദമാണു്.

തൃശ്ശൂർ— സ്ഥലത്തെ പ. വ്യാകുലമാതാവിൻ പുത്തൻപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വൈ. എം. സി. ഏ ലീഗിൻെറ ആഭിമുഖ്യത്തിൽ കൊല്ലംതോറും നടത്തിവരാറുള്ള ക്രിസ്തുരാജത്തിരുനാളും ലീഗിൻെറ വാർഷികവും ജനുവരി 10-ാംനു ഞായറാഴ്ച നടത്തപ്പെടുകയുണ്ടായി. രാവിലെ 6-15 നു് തൃശ്ശൂർ മെത്രാൻ തിരുമേനി ദിവ്യബലി അർപ്പിച്ചു ഉച്ചകഴിഞ്ഞു 5 45 നു് സ്ഥലത്തെ വിവിധ കത്തോലിക്കാ സ്ഥാപനങ്ങളിൽനിന്നു് ഘോഷയാത്രകൾ പള്ളിയങ്കണത്തിൽ വന്നുചേർന്നു. കമനീയമായി അലങ്കരിച്ചിരുന്ന പള്ളിയങ്കണത്തിൽ കൂടിയ പൊതുയോഗത്തിൽ എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മൊററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു തൃശ്ശൂർമെത്രാൻ തിരുമേനിയും യോഗത്തിൽ സന്നിഹിതനായിരുന്നു. യോഗാവസാനത്തിൽ തൃശ്ശൂർ മെത്രാൻ തിരുമേനി പ. കുർബാനയുടെ വാഴ്വു് നൽകി. വെ. റവ. ഫാ. ഫെലിക്സ്, ഒ. സി. ഡി. യും ശ്രീ ഏ. ജി. അഗസ്റ്റിനും ശ്രദ്ധേയമായ പ്രസംഗങ്ങൾ ചെയ്തു. അദ്ധ്യക്ഷൻ തിരുമേനിയുടെ അർത്ഥസംപുഷ്ടമായ ഉപസംഹാരപ്രസംഗാനന്തരം യോഗം പിരിഞ്ഞു.

കത്തേടം— പള്ളിയിലെ കത്തോലിക്കാ പ്രവർത്തനസംഘത്തിൻേറയും സി. ഇ. സി. യുടേയും 13-ാമതു് സംയുക്തവാർഷികാഘോഷം ജനുവരി 10-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. യോഗത്തിൽ റവ. ഫാ. പീററർ വടക്കുംറി എം. ഏ. ആദ്ധ്യക്ഷം വഹിച്ചു. ശ്രീ പി. എ. ഡാനിയേൽ ബി. എസ്സ്സി. കത്തോലിക്കാ പ്രവർത്തനങ്ങളെക്കുറിച്ചു് പ്രസംഗിച്ചു യോഗത്തിൽ കലാപരിപാടികൾ മുതലായവയുമുണ്ടായിരുന്നു.

ഇരിങ്ങാലക്കട— ഡിസം. 20-ാംനു ഇരിഞ്ഞാലക്കട സെൻറു് വിൻസെൻറു ഡി പോൾ സംഘത്തിൻെറ 6-ാം വാർഷികം സെൻറു് മേരിസ് പള്ളി അങ്കണത്തിൽവച്ചു് റവ. ഫാദർ ജോർജ്ജ് അക്കരയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

കളത്തൂർ— ചെറുപുഷ്പ പമഷ്യൻ ലീഗിൻെറയും സത്യാരാധനാസഖ്യത്തിൻെറയും ദ്വിതീയവാർഷികം 1953 ഡി. 27-ാം തീയതി ഞായറാഴ്ച പകൽ 1 മണിക്കുശേഷം സ്ഥലം പ്രൈമറിസ്കൂൾ ഹാളിൽവച്ചു് വെ. റവ ഫാ. ജേക്കബ് വെള്ളരിങ്ങാട്ടു് അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അതോടനുബന്ധിച്ചു് കാർഷികപ്രദർശനം നടന്നു. തദവസരത്തിൽ മെ. പോൾ തെങ്ങുംപള്ളിൽ, ഡോമനിക്കു് ജെ. വരക്കുകാലാ, കെ. ജെ. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

## ചരമവാർത്തകൾ

പുത്തൻചിറയിലെ ഒരു പുരാതനകുടുംബാംഗമായ മാളിയേക്കൽ ക്ലൂനൻ പൈലി കുഞ്ഞുവറീതു് ജനുവരിമാസം പത്താം തീയതി 72-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു പരേതൻ റവ. ഫാ. ജോൺ മാളിയേക്കൽ(Jun), റവ. ഫാ. കലിസ്റ്റസ് റാണി ഒ. സി. ഡി., തിരുക്കുടുംബസഭാംഗങ്ങളായ റവ. സിസ്റ്റർ വിക്ടറി, റവ. സിസ്റ്റർ എത്തൽറെഡു് എന്നിവരുടെ പിതാവാണു്."

അരിക്കുഴ— ഈ ഇടവകക്കെപ്പുളശ്ശേരിൽ അറയ്ക്കൽ ജോസഫ ഭാര്യ റോസമ്മ വാർദ്ധക്യസഹജമായ സുഖക്കേടുകൾ നിമിത്തം ഡിസം. 24-ാംതീയതി 71-ാമത്തെ വയസ്സിൽ നിര്യാതയായി.

വെള്ളൂർ— മലയപ്പിള്ളിലായ തോട്ടപുറത്തു ശ്രീ ചാക്കോ ഔസേപ്പു് അവർകൾ ജനുവരി 5-ാംനു 76-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ എല്ലാം സുബോധത്തോടെ കൈക്കൊണ്ടു് കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിപ്പാനപേക്ഷ.

പരേതരുടെ ആത്മാവുകളുടെ ആത്മശാന്തിക്കു് പ്രാർത്ഥിപ്പാൻ അപേക്ഷ.

R. I. P.

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## XII അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസിന് അയച്ച കത്ത്

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

മാർ ഈവാനിയോസ്, മാർ തീയോഫിലോസ് എന്നി അഭിവന്ദ്യതിരുമേനിമാർ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും, അങ്ങനെ കേരളത്തിൽ പുനരൈക്യപ്രസ്ഥാനം സമാരംഭിക്കുകയും ചെയ്ത കാലത്തു യാക്കോബായസഭയുടെ പാത്രിയർക്കീസായി അന്ത്യോഖ്യയിൽ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നതു മാർ ഏലിയാസു തൃതീയനായിരുന്നു. കേരളത്തിലെ യാക്കോബായ സഭ "പാത്രിയർക്കീസുകക്ഷി" എന്നും "മെത്രാൻകക്ഷി" എന്നുമുള്ള രണ്ടു കക്ഷികളായി പിരിയുന്നതിനു കാരണഭൂതന്മാരായിത്തീർന്ന മാർ അബ്ദുള്ള, മാർ അബ്ദേദ് മ്ശീഹാ എന്നീ പാത്രിയർക്കീസന്മാർ ഇതിനകം 1915-ൽ നിര്യാണം പ്രാപിച്ചു. അതിനുശേഷം മാർ ഏലിയാസു തൃതീയൻ യാക്കോബായ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു അദ്ദേഹം 16 വർഷക്കാലത്തോളം യാക്കോബായസഭയെ ഭരിച്ചുകൊണ്ടിരുന്നു. ഇവിടത്തെ യാക്കോബായസഭയിൽ സമാധാനം കൈവരുത്തുന്നതിനായി 1931-ൽ അദ്ദേഹം ഇവിടെ വരുകയും ഒരു വർഷത്തോളം പല പള്ളികളിലും സഞ്ചരിച്ചു സമാധാനസ്ഥാപനാർത്ഥം കഴിവതു പരിശ്രമിക്കയുമുണ്ടായി. അവസാനം മദ്ധ്യതിരുവിതാംകൂറിൽ പത്തനംതിട്ടയ്ക്കടുത്തുള്ള മഞ്ഞനിക്കര പള്ളിയിൽ താമസിച്ചുകൊണ്ടിരിക്കവേ ഹൃദയസ്തംഭനംമൂലം അദ്ദേഹം 1932-ൽ ചരമമടയുകയാണുണ്ടായതു. തുടർന്നു മാർ എഫ്രേംപാത്രിയർക്കീസു യാക്കോബായ സഭാഭരണഭാരം ഏറെറടുക്കുകയും അദ്ദേഹം ഇപ്പോൾ പ്രസ്തുത സഭയെ ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

മാർ ഈവാനിയോസുതിരുമേനി തന്റെ കത്തോലിക്കാ പുനരൈക്യത്തിനുശേഷം ആദ്യമായി സമാഗതമായ അഷ്ടദിനപ്രാർത്ഥനാവാരത്തിൽ യാക്കോബായസഭയുടെ കത്തോലിക്കാ പുനരൈക്യത്തെ പ്രധാനമായി ഉദ്ദേശിച്ചുകൊണ്ടു പ്രസ്തുത സഭയെ അന്നു ഭരിച്ചുകൊണ്ടിരുന്ന മാർ ഏലിയാസു പാത്രിയർക്കീസിനു അയച്ചുകൊടുത്ത സുദീർഘമായ ഒരു കത്തു ചുവടെ ചേർത്തുകൊള്ളുന്നു.

നിദാന്തവന്ദ്യ മഹിമശ്രീ അന്ത്യോഖ്യാ യാക്കോബായ സഭയുടെ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക്.

വന്ദ്യനായ തിരുമേനി, വിശുദ്ധ റൂഹായുടെ കാരുണ്യപൂർവ്വകമായ നടത്തിപ്പിനാൽ ശ്ലീഹന്മാരുടെ തലവനും വി. പത്രോസിന്റെ അനന്തരഗാമിയുമായ മാർപ്പാപ്പാ തിരുമനസ്സിലേക്കു ഞാൻ കീഴ്‌വഴങ്ങുകയും, തല്ഫലമായി, കാതോലികവും, വിശുദ്ധവും, അപ്പോസ്തോലികവുമായ ഏകസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തിട്ടുള്ള വിവരം അവിടുന്നു ഇപ്പോൾ കേട്ടിട്ടുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവമായ കർത്താവിൽനിന്നു ഈയൊരു അനുഗ്രഹം ലഭിക്കാനിടയായതിൽ ഞാൻ സംതൃപ്തനും അനുഗൃഹീതനുമായിത്തീർന്നിരിക്കയത്രേ. എന്നിരുന്നാലും, അവിടുന്നും എല്ലാ യാക്കോബായക്കാരും ശീശ്മയെ പരിത്യജിച്ചു ഏകസത്യസഭയുമായുള്ള ഐക്യത്തിൽ ചേരുന്നതുവരെയും എന്റെ സൗഭാഗ്യവും ആനന്ദവും പരിപൂർണ്ണമാകുവാൻ ഇടയുള്ളതല്ലല്ലോ.

നമ്മുടെ കർത്താവു ഒരേ ഒരു സഭയെ മാത്രമേ സ്ഥാപിക്കുകയുണ്ടായുള്ളു. അതു വി. പത്രോസിന്മേൽ തന്നെ ആണുതാനും. ആ സാമ്രാജ്യത്തിന്റെ താക്കോൽ അവിടുന്നു വി. പത്രോസിന്റെ കൈകളിൽ ഏല്പിച്ചു. സ്വസഹോദരന്മാരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുന്നതിനുള്ള അധികാരവും അവിടുന്നു വി. പത്രോസിനു നൽകി സാർവ്വത്രികഭരണാധികാരം അവിടുന്നു വി. പത്രോസിനെത്തന്നെ ഭരമേല്പിക്കുകയും ചെയ്തു വി. പത്രോസിന്റെ സാക്ഷാലുള്ള അനന്തരഗാമി മാർപ്പാപ്പാ തിരുമേനിതന്നെ. ക്രൈസ്തവസാമ്രാജ്യത്തിന്റെ സാർവ്വത്രികമേല്പട്ടക്കാരനും, ദൈവികനിവേശനത്താൽ ഭൂലോകത്തിലുള്ള ദൃശ്യസഭയുടെ ഐക്യകേന്ദ്രവും കാതോലിക്കാ വിശ്വാസത്തിന്റെ അപ്രമാദിത്വസംരക്ഷകനും ആ തിരുമേനിതന്നെയാണല്ലോ.

ഭൂമണ്ഡലത്തിന്റെ നാലു കോണുകളിലുമായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണമെന്നും, അവരുടെ തലവനും നേതാവും റോമായിലെ പാത്രിയർക്കീസായിരിക്കണമെന്നും ബർ എബ്രായയുടെ ഹൂദായാ കാനോൻ ഏഴാം അദ്ധ്യായം ഒന്നാം പാദോസായിൽ വിശദപ്പെടുത്തിട്ടുണ്ടല്ലോ. അവിടുന്നും യാക്കോബായസഭയും പ്രമാണഗ്രന്ഥമായി സ്വീകരിച്ചിട്ടുള്ള പ്രസ്തുത കാനോനിലെ ഈയൊരു വാക്യം ദൃശ്യസഭയുടെ സാമുദായികജീവിതവും ഘടനയും ഏകമായിരിക്കണമെന്നുള്ള സിദ്ധാന്തത്തെ വ്യക്തപ്പെടുത്തുന്നു.

അവിടത്തെ സഭയിൽ നിത്യോപയോഗത്തിലിരിക്കുന്നസുറിയാനി നമസ്കാരപുസ്തകത്തിലാണെങ്കിൽ ഈ പ്രകാരം കാണുന്നുണ്ട്. "പഴയ നിയമത്തിന്റെ തലവൻ മോശയാകുന്നു. പുതിയ നിയമത്തിന്റേതോ, ശീമോനത്രേ. ഇവർ ഇരുവർക്കും പരസ്പരസാമ്യമുണ്ട്. ഇവർ ഇരുവരിലും ദൈവം അധിവസിക്കുകയും ചെയ്യുന്നു മോശ ദൈവത്തിൽനിന്നു കല്പനകൾ—എഴുതപ്പെട്ട പലകകളെ—സമ്പാദിച്ചു. ശീമോനോ, ദൈവത്തിന്റെ പക്കൽനിന്നു രാജ്യത്തിന്റെ താക്കോലും കൈക്കൊണ്ടു. മോശ മസ്സിൽ സംബന്ധം പണിതു. ശീമോൻ തിരുസഭയേയും പണിതു. കർത്താവേ, പഴയനിയമത്തിൽനിന്നും പുതിയ നിയമത്തിൽനിന്നും അങ്ങേക്കു മഹത്വമുണ്ടാകട്ടെ—ഹാലേലൂയ്യ—അവരുടെ പ്രാർത്ഥനകൾ ഞങ്ങൾക്കു സഹായവുമായിരിക്കട്ടെ." തിരുസഭ തന്നെത്താൻ പറയുന്നതായതു:- "ശ്ലീഹന്മാരിൽ തലവനായ ശീമോനാകുന്ന പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. എന്റെമേൽ തിരമാലകളും കൊടുങ്കാറ്റുകളും അടിച്ചു. അവയ്ക്കു എന്നെ ഇളക്കുവാൻ കഴിഞ്ഞില്ല. ഇടത്തൂട്ടുകാർ (ഓരോ ഇടത്തൂട്ടുകാരുടേയും പേരുകൾ ഇവിടെ മാറിമാറി ചൊല്ലും) എന്നോടു യുദ്ധംചെയ്തു. അവർ തോററുപോയതേയുള്ളൂ."

മിശിഹായുടെ നിഗൂഢശരീരമാകുന്ന സഭയെ നിന്ദിക്കുന്നവൻ ആരോ അവൻ അതിന്റെ തലവനെ നിന്ദിക്കുന്നു. ആയതു, മിശിഹാതമ്പുരാനെത്തന്നെ. നമ്മുടെ കർത്താവിന്റെ നീയോഗത്താൽ സത്യത്തിന്റെ അടിസ്ഥാനവുംസ്ഥൂണവുമായ അപ്പോസ്തോലികസാർവ്വത്രികസഭയെ ഭരിക്കുന്നതു പത്രോസിന്റെ അനന്തരഗാമിയായ മാർപ്പാപ്പാ തിരുമേനിയാണല്ലോ.

തിരുമേനിയോടായി ഞാൻ മട്ടിന്മേൽ നിന്നുകൊണ്ടു വിനയപൂർവ്വം അപേക്ഷിക്കുന്നതിനെ വെവിക്കൊണ്ടാലും! വേദപുസ്തകത്തിൽ സ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതും, മുന്നുദ്ധരിച്ച വസ്തുപ്രമേ അവിടത്തെ സഭയുടെ പ്രമാണഗ്രന്ഥത്തിലും മതസംബന്ധമായ പുസ്തകങ്ങളിലും ബഹുലബഹുലമായി കാണുന്ന വാക്യങ്ങളാൽ സ്പഷ്ടീകൃതവുമായ പ്രസ്തുത സത്യസിദ്ധാന്തത്തെ അവധാനപൂർവ്വം ചിന്തിപ്പാൻ അങ്ങേക്കു തിരുവുള്ളമുണ്ടായാലും! അതിനുതക്ക മനോവിനയത്തിന്റെ കൃപാവരം ലഭിക്കുന്നതിനുവേണ്ടി അവിടുന്നു യേശുതമ്പുരാനോടു അപേക്ഷിക്കണമേ! അതിനു മാത്രമേ സത്യം കാണുവാനുള്ള പ്രകാശവും ദൈവതിരുവിഷ്ടത്തിനു പരിപൂർണ്ണമായി കീഴ്പ്പെടുന്നതിനുള്ള പ്രേരണയും നൽകുവാൻ കഴികയുള്ളുവല്ലോ. ഏതനുപാതം കർത്താവിന്റെ ശരീരത്തിലെ മുറിവുകൾ കരിയുവാൻ ഇടയാകുകയും ചെയ്യും.

ഏതദ്വിഷയത്തെപ്പററി തിരുമനസ്സുകൊണ്ടു പ്രാർത്ഥനാപൂർവ്വം വിചിന്തനം ചെയ്യുന്നതായാൽ നിശ്ചയമായും അങ്ങേക്കു ദൈവകൃപ ലഭിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്. എന്തെന്നാൽ ക്രിസ്തീയസഭകളുടെ പുനരൈക്യമെന്നതു ദൈവത്തിന്റെ തിരുവുള്ളമാണല്ലോ. വിശിഷ്യാ ഈ ആഴ്ചവട്ടത്തിൽ ഭിന്നിച്ചുപോയ സഹോദരങ്ങളേവരും മിശിഹായുടെ സത്യസഭയിലേക്കു തിരിച്ചുവരുന്നതിനുവേണ്ടി പരിശുദ്ധപിതാവായ മാർപ്പാപ്പാ തിരുമേനിയും സമസ്തകത്തോലിക്കരും പ്രത്യേക പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അവിടുന്നു ഒരേ ഒരു പ്രവൃത്തി ചെയ്യുന്നതായാൽ തന്മൂലം രണ്ടു ശീശ്മകൾക്കു പരിഹാരമുണ്ടാകുന്നതത്രേ ഇവയിൽ പ്രഥമവും പ്രധാനവുമായതു സിറിയായിലും തുർക്കിയിലുമുള്ള അവിടത്തെ സ്വന്തം ജനങ്ങളെ അപേക്ഷിച്ചുടത്തോളംതന്നെ. അതു അഞ്ചാംശതവർഷത്തിന്റെ മദ്ധ്യത്തിൽ എവുത്തിക്കുസിന്റേയും ദിയസ്കോറോസിന്റേയും അനുഗാമികളായിത്തീർന്നവർ കാതോലിക്കാസഭയേയും മാർപ്പാപ്പയേയും കൽക്കദോനിയായിലെ സാർവ്വത്രികസുനഹദോസിനേയും പരിത്യജിച്ചതുനിമിത്തം വന്നുകൂടിയ മഹാ ശീശ്മയത്രേ. യാക്കോബായക്കാർ പിൽക്കാലത്തു എവുത്തിക്കുസിനെ ശപിക്കുക മാത്രമല്ല കല്ക്കദോനിയായിലെ സുനഹദോസ് നിശ്ചയങ്ങളെ ആന്തരാർത്ഥത്തിൽ സ്വീകരിക്കുകപോലുമുണ്ടായെങ്കിലും അന്നത്തെ ആ ശീശ്മ ഇന്നയോളവും നിലനില്ക്കാനാണല്ലോ ഇടയായിട്ടുള്ളതു.

രണ്ടാമത്തെ ശീശ്മയെന്നു ഞാൻ ഉണർത്തിക്കുന്നതു മലങ്കരയിലുള്ള മാർ തോമാ നസ്രാണികളെ സംബന്ധിച്ചിടത്തോളമത്രേ. 17-ാം നൂററാണ്ടിൽ കേവലം വ്യക്തിപരവും സാമുദായികവുമായ കാരണങ്ങളാൽ മലങ്കരനസ്രാണികളിൽ ഒരുക്കൂട്ടർ കാതോലിക്കാ തിരുസഭയുമായി മറുതലിച്ചു നിന്നു. അതു ലവലേശവും വിശ്വാസസത്യങ്ങളെ അടിസ്ഥാനമാക്കിയായിരുന്നില്ല. ഈവിധത്തിൽ ശീശ്മക്കാരായിരുന്നവർ പിന്നീടു യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരത്തെ സ്വീകരിക്കുകയും, അവർ യാക്കോബായ നാമധാരികളാവുകയുംചെയ്തു. ഈ ശീശ്മയ്ക്കു പെട്ടന്നുണ്ടായ കാരണം പരദേശരാജ്യത്തിൽനിന്നു മലങ്കരയിലേക്കു വന്ന ഒരു മേല്പട്ടക്കാരനെ പറങ്കികൾ കടലിൽ കെട്ടിത്താഴ്ത്തിക്കൊന്നുവെന്നുള്ള വ്യാജപ്രസ്താവന മാത്രമായിരുന്നു. ഈ മേല്പട്ടക്കാരനാകട്ടെ ഒരു യാക്കോബായക്കാരനോ, യാക്കോബായക്കാരാൽ അയക്കപ്പെട്ട ആളോ ആയിരുന്നില്ലതാനും.

പ്രഥമ ചരമവാർഷികം



വടയാറു പഴുക്കൽ
വർക്കി കൊച്ചുവർക്കി
ജനനം 21—4—1883
മരണം 21—1—1953
"ദയാപരനായ ഈശോ, ഈ ആത്മാവിനു നിത്യാശ്വാസം നൽകേണമേ"
(300 ദി ദ. വി.)
R. I. P.

അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കാസിംഹാസനവുമായുള്ള മലങ്കരസുറിയാനിക്കാരുടെ രണ്ടുനൂററാണ്ടുകാലത്തെ ബന്ധം അവർക്കു നിരവധി കഷ്ടനഷ്ടങ്ങൾ അനുഭവിക്കുവാൻ ഇടയാക്കിത്തീർത്തു അവയിൽ ഏററം വലിയതോ, അവർക്കു കത്തോലിക്കാ ഐക്യം നഷ്ടപ്പെട്ടതുതന്നെ. ഈ കേരളീയനസ്രാണികളിൽ കുറേപ്പേർ 19-ാം ശതവർഷത്തിൽ ആംഗ്ലേയ പ്രോട്ടസ്റ്റൻറുകാരുടെ പ്രലോഭനങ്ങൾക്കു വശംവദരായിച്ചമഞ്ഞു. തന്നിമിത്തം അവർ പ്രോട്ടസ്റ്റൻറു മതസിദ്ധാന്തങ്ങളെ സ്വീകരിക്കുകയും ചർച്ചുമിഷ്യണറിസമൂഹത്തിന്റെ അംഗങ്ങളായിത്തീരുകയുംചെയ്തു. വേറെ ചിലർ 'മാർ തോമാ സഭ' എന്ന പേരിൽ ഒരു സ്വതന്ത്രസഭയുണ്ടാക്കിക്കൊണ്ടു വേർപിരിഞ്ഞുപോയി. ഇവരുടെ മതവിശ്വാസങ്ങൾ ചർച്ചുമിഷ്യണറിസമൂഹക്കാരുടേതുപോലെ പ്രോട്ടസ്റ്റൻറുമല്ലത്രേ. മാർത്തോമ്മാക്കാരായ ഇവർ ജനസംഖ്യയിൽ ഒരുലക്ഷത്തോളം വരുമായിരിക്കാം. ശിഷ്ടം മൂന്നു ലക്ഷത്തോളം വരുന്ന യാക്കോബായക്കാരാകട്ടെ, ഇരുപതാം ശതവർഷത്തിന്റെ ആരംഭ ല്ലോ.

ത്തിൽ ഇതാ, വീണ്ടും രണ്ടായി ഭിന്നിക്കുകയും ചെയ്തിരിക്കുന്നു. പരസ്പരകലഹത്താലും സുദീർഘവ്യവഹാരങ്ങൾമൂലവും അവരുടെ ശക്തി വളരെ ക്ഷയിച്ചുപോയിരിക്കുകയാണു. തുടരെത്തുടരെയുണ്ടായ ശീശ്മകളുടേയും ആഭ്യന്തരകലഹത്തിന്റേയും ദുഷ്ഫലം അവരുടെ ആദ്ധ്യാത്മിയജീവിതത്തെ തുരലം അധഃപതിപ്പിക്കുകയും ചെയ്തിരിക്കുന്നു.

യാക്കോബായസഭയുടെ അഭിവൃദ്ധിയേയും ആത്മോൽക്കർഷത്തേയും ധ്യാനിച്ചുകൊണ്ടു ഇക്കാലംവരെയുള്ള എന്റെ ആയുസ്സിനെ ഞാൻ വിനിയോഗിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം തിരുമനസ്സിലേക്കു അറിവുള്ളതാണല്ലോ. എന്നാൽ ഒടുവിൽ പരിശുദ്ധറൂഹാ അത്ഭുതകരമായവിധം ഒരു കാര്യം എന്നെ പഠിപ്പിച്ചിരിക്കുന്നു. അതു ശീശ്മയുള്ള സഭയിൽ യഥാർത്ഥമായ ഉപവിപ്രാപിപ്പാൻ ശക്യമല്ലെന്നും, ദൈവഹിതത്തോടെതിർക്കുന്നവരും മർക്കടമുഷ്ടിയോടുകൂടി ശീശ്മയിലും ഇടത്തൂട്ടിലും ജീവിക്കുന്നവരുമായവർ നിത്യശിക്ഷയ്ക്കു അർഹരാകുമെന്നുംതന്നെ.

ദൈവം എന്നെ വഴിനടത്തിക്കൊണ്ടിരുന്നതിന്റെ ഫലമായി കേവലം അഹങ്കാരവും അനുസരണമില്ലായ്മയുമാകുന്ന അസ്ഥിവാരത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന യാക്കോബായ സഭയിൽ താഴ്മയുടേയും മതപരമായ അനുസരണത്തിന്റേയും പരിപൂർത്തി ലഭിക്കാവതല്ലെന്നു പരിശുദ്ധറൂഹാ എന്നേയും എന്റെ സഹോദരനായ മാർ തീയോഫിലോസ് തിരുമേനിയേയും, മാത്രമല്ല, ദൈവഹിതാനുസരണം ഞാൻ സ്ഥാപിച്ചിട്ടുള്ള സന്യാസിനീസന്യാസസമൂഹാംഗങ്ങളേയും ഗ്രഹിപ്പിച്ചിരിക്കയാണു. എന്നുതന്നെയല്ല, ഞങ്ങൾ ഇന്നലയോളം യാക്കോബായസഭയിൽ ചെയ്ത പ്രവൃത്തികൾ കേവലം മണലിന്മേൽ പണിയുകയായിരുന്നുവെന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെടുകയും ചെയ്തു.

നമ്മുടെ കർത്താവു അവിടത്തെ സഭയെ പാറമേൽ സ്ഥാപിച്ചു അതേ, വി. പത്രോസാകുന്നപാറമേൽത്തന്നെ. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വി. പത്രോസിന്റെ യഥാർത്ഥ അനന്തരഗാമിയായിരിക്കുന്ന സ്ഥിതിക്കു മാർപ്പാപ്പാ തിരുമേനിയിൽനിന്നും വേർപെട്ടു എന്തെങ്കിലും ഉദ്യമിക്കുന്നതു മിശിഹായിൽനിന്നു വേർപെട്ടു പണിയാൻ ഉദ്യമിക്കുകയാണു.

വന്ദ്യതിരുമേനി, അവിടുന്നു സത്യസഭയിലേക്കു തിരിയേവരണമേ എന്നു ഏററം താഴ്മയോടുകൂടിത്തന്നെ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. പരദേശരായ ശീശ്മക്കാരെ സസന്തോഷം സ്വീകരിപ്പാനും തിരുസഭയുടെ ഐക്യത്തിലേക്കു തിരിയേചേരുന്ന വിഷയത്തിൽ അവർക്കു സർവ്വവിധ ആനുകൂല്യങ്ങളും നൽകുവാനുമായി പരിശുദ്ധസിംഹാസനം എന്നുമാത്രം സന്നദ്ധതയോടിരിക്കുന്നുവെന്നു ഞാൻ ഉണർത്തിക്കേണ്ടതില്ലല്ലോ. കാതോലിക്കാസഭയിൽ ചേരാൻ ആഗ്രഹിക്കുന്നു എന്ന വിവരത്തിനെഴുതിയ ഞങ്ങളുടെ അപേക്ഷയെ വിശേഷവിധിയായ അനുകമ്പയോടുകൂടിത്തന്നെ തിരുസിംഹാസനം സ്വീകരിക്കുകയുണ്ടായി. സിറിയാരാജ്യത്തുള്ള സാക്ഷാൽ സിറിയൻ റീത്തുകാരായ കത്തോലിക്കരെ പരിശുദ്ധപിതാവു എത്രയോ സ്നേഹപൂർവ്വകമായിട്ടായിരുന്നു അംഗീകരിക്കുകയുണ്ടായതെന്നുള്ളതു തിരുമനസ്സിലേക്കു അറിവുള്ളതാണല്ലോ. വിശുദ്ധ കർബാനമദ്ധ്യേ

യും ശുശ്രൂഷക്രമങ്ങളും അവർ ഇന്നും ഉപയോഗിച്ചുവരുന്നത് യാക്കോബായക്കാർ ഉപയോഗിച്ചുവരുന്നതുതന്നെയാണ്. സ്വന്തമായി അവർക്ക് ഒരു ഹൈറാർക്കിയും ലഭിച്ചിട്ടുണ്ട്. പരിശുദ്ധ സിംഹാസനവുമായി അവർ പുനരൈക്യപ്പെട്ടതിൻറശേഷം പലവിധത്തിലും അവർക്ക് ഐശ്വര്യം ലഭിക്കുവാനേ സംഗതിയായിട്ടുള്ളൂ. പ്രത്യുത, ശീശ്മയിൽ ഉറച്ചുനില്ക്കുന്നവരോ, ക്രമേണ ക്ഷയോന്മുഖരായും തീർന്നിരിക്കുന്നു. ആത്മീയമായ അധഃപതനത്തിൻറ ഫലം സാമൂഹികവും സാമ്പത്തികവുമായ വിനാശംതന്നെ.

ശീശ്മക്കാരെ അപേക്ഷിച്ചേടത്തോളം ദൈവകൃപയെ തുടരെ തുടരെ പരിത്യജിച്ചുള്ള അവരുടെ പ്രവൃത്തികളുടെ ഫലം അവർക്ക് കിട്ടിക്കഴിഞ്ഞിരിക്കയാണ്.

തിരുമേനി ഈ സ്ഥാനത്തിൽ ആരോഹിതനായിട്ടുള്ളതു ദൈവപരിപാലനയാൽ തന്നെയാണ്. ക്രൈസ്തവസാമ്രാജ്യത്തിൻറെ ഐക്യകേന്ദ്രമായ മാർപ്പാപ്പാതിരുമേനിക്കു കീഴ്പ്പെട്ടു കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളെല്ലാം അംഗീകരിക്കുന്നതിന് ആ സഭയിൽ പ്രവേശിപ്പാൻതക്കവണ്ണമുള്ള ദൈവത്തിൻറെ നിർദ്ദേശത്തിനു അവിടുന്ന് സ്വയം അധീനനായിത്തീരുവാൻ പരിശുദ്ധ റൂഹാ അവിടുത്തെ ക്ഷണിക്കുന്നുണ്ടെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

ക്രിസ്തുവിൻറെ സഭ ഒന്നുമാത്രം. അതു അവിഭക്തമത്രെ. അതു് വിശ്വാസത്തിൽ ഒന്ന്. സംഘടനയിലും ഒന്നുതന്നെ. അതിനു ജീവൻ ഒന്നേയുള്ളൂ. ആ ജീവൻ തിരുസഭയുടെ മണവാളനുമായുള്ള നിഗൂഢമായ ഐക്യത്തിൽ ആഭ്യന്തരേണ അന്തർലീനമായിരിക്കുന്നു. എന്നാൽ ദൃശ്യസഭയുടെ അംഗങ്ങൾ തമ്മിലുള്ള ബാഹ്യപരമായ സാമൂഹ്യസംയോജിപ്പിൽ തിരുസഭയുടെ ഏകജീവൻ ബാഹ്യമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഈ വിധം തിരുസ്സഭ ഭൂമിയിൽ കർത്താവിൻറെ ഏകസാമ്രാജ്യമായി വർത്തിക്കയും ചെയ്യുന്നു. കാതോലിക്കാസഭയുടെ ഹൈരാർക്കിയിൽ ഉൾപ്പെട്ട സർവ്വപാത്രിയർക്കീസന്മാരുടേയും മെത്രാപ്പോലീത്താമാരുടേയും മെത്രാന്മാരുടേയും സന്തോഷപൂർവ്വകമായ സഹകരണത്തോടും വിശ്വസ്തതയോടുംകൂടി സഹായത്തോടുംകൂടെ ഭൂമിയിലുള്ള സഭയെ മുഴുവനായും ക്രിസ്തുവിൻറെ വികാരിയായ മാർപ്പാപ്പാ നയിക്കുകയും ഭരിക്കുകയും ചെയ്യുന്നു.

വന്ദ്യതിരുമേനി, ദൈവത്തിൻറെ സാക്ഷാലുള്ള ഭവനത്തിലേക്ക് തിരിയെ വരുവോളവാൻ തക്കവണ്ണമുള്ള താഴ്മ അങ്ങേക്ക് ലഭിക്കുമാറാകട്ടെ! അപ്പോൾ അനേകായിരം ശീശ്മക്കാരെ കാതോലിക്കാസഭയിലേക്ക് ചേർക്കുവാൻ അങ്ങേക്ക് കഴിവുണ്ടാകുമെന്നുതന്നെയല്ല, അവർ രക്ഷപ്പെടുകമൂലം നമ്മുടെ കർത്താവാം യേശുമിശിഹാ പൂർവ്വാധികം മഹത്വപ്പെടുവാൻ ഇടയാകുന്നതുമായിരിക്കും.

തിരുമനസ്സിലേപേക്ക് ഈ വിധത്തിൽ വിനീതമായ ഒരു കത്തയപ്പാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപാതിരേകം മാത്രമാണെന്നു് അവിടുന്നു് അറിഞ്ഞിരിക്കേണ്ടതാണ്. എൻറെ കഴിവിനു തക്കവിധമുള്ള മനസ്താഴ്മയോടുകൂടി ഞാനിതാ അങ്ങയോടപേക്ഷിച്ചുകൊള്ളുന്നു. ഭിന്നിച്ചിരിക്കുന്ന എല്ലാ യാക്കോബായക്കാരും കാതോലികവും അപ്പസ്തോലികവുമായ ഏക വിശുദ്ധസഭയുടെ ഐക്യത്തിൽ ലയിക്കത്തക്കവണ്ണം യാക്കോബായ ശീശ്മക്കാരുടെ പരിഹാരമുണ്ടാക്കുവാനായി അവിടുന്നു അവിടുത്തെ സർവ്വശക്തികളും ഉപയോഗപ്പെടുത്തിയാലും! നമ്മുടെ കർത്താവിൻറെ പ്രാർത്ഥനയും അഭിലാഷവും "അവർ എല്ലാവരും ഒന്നായിരിക്കണം" എന്നുള്ളതാണല്ലോ.

ഈ വിഷയത്തിൽ വന്ദ്യതിരുമേനിയെ പരിശുദ്ധ റൂഹാ ഉൾബോധിപ്പിക്കുമാറാകട്ടെ എന്നുള്ള ഏറെപൂർവ്വകമായ പ്രാർത്ഥനയോടും അവിടുത്തോടുള്ള അത്യധികമായ സ്നേഹാദരങ്ങളോടുംകൂടെ,

കർത്താവായ യേശുമിശിഹായിൽ അങ്ങയുടെ വിനീതനായ
തിരുവല്ല, ഈവാനിയോസ്
19. ജനു: 1931

# പൊതുജനനേതൃത്വം

(എ. റ്റി. ദേവസ്യാ, എം. എ.)

നൂററാണ്ടുകൾ കഴിഞ്ഞുപോയി ശോകനിർഭരമായ ആ സംഭവം നടന്നിട്ട്. അതിൻറശേഷം പ്രകൃതി പലവട്ടം മന്ദഹാസം തൂകുകയും കണ്ണീർക്കണങ്ങൾ പൊഴിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ വേദനാജനകമായ പ്രസ്തുത നാടകത്തിൻറ രംഗം തെല്ലും മാററമില്ലാതെ ഇന്നുവരെയും മനുഷ്യരാശി അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ബോധമുള്ളവരെ ചിന്തിപ്പിക്കാനും, ഹൃദയമുള്ളവരെ കരയിപ്പിക്കുവാനും, വികാരമുള്ളവരെ കോരിത്തരിപ്പിക്കുവാനും ഉതകുന്ന ഉജ്ജ്വലമായ ഒരു സംഭവം, രണ്ടായിരംകൊല്ലത്തോളം പൊതുജനനേതൃത്വത്തിൻറ നേരെ ചോദ്യചിഹ്നമുയർത്തിക്കൊണ്ട്, ഭാവിയിലെ നേതൃമ്മന്യന്മാരെ വെല്ലുവിളിച്ചുകൊണ്ട് നില യുറപ്പിച്ചിരിക്കുകയാണ്. അന്തരീക്ഷത്തിൻറ മകർപ്പരപ്പിലും അലയാഴിയുടെ അടിത്തട്ടിലും നേതാക്കന്മാർ ഓടിയൊളിച്ചാലും, മേഘഗർജ്ജനവും, തിരമാലകളുടെ ഇരമ്പൽശബ്ദവും ആ വഞ്ചന അവരെ ഓർമ്മിപ്പിച്ചുകൊണ്ട് പിഞ്ചെല്ലാതിരിക്കയില്ല.

സന്താപസമ്മിശ്രമായ പ്രസ്തുത സംഭവത്തിൻറ സാഹചര്യമിതാണ്. പീലാത്തോസിൻറ അംബരചുംബിയായ മഹാസൗധത്തിൻറ മുമ്പിൽ ആയിരക്കണക്കിനു ജനങ്ങൾ തടിച്ചുകൂടിയിരിക്കുന്നു. "ദൈവപുത്രനെന്നു സ്വയം സംബോധനചെയ്തിരുന്ന" ക്രിസ്തുവിനെ തടവുകാരനാക്കി പരസ്യവിചാരണയ്ക്കു് ഹാജരാക്കിയിട്ടുണ്ട്. ജനപ്രമാണികളും ആചാര്യന്മാരും തങ്ങളുടെ കുനയങ്ങൾക്കെതിരായി നീതിയുടെ ശബ്ദം ഉയർത്തിയ മിശിഹായെ വധശിക്ഷയ്ക്കു വിധിപ്പിക്കുവാനുള്ള ആലോചനയിൽ മുഴുകിയിരിക്കുകയാണ്. അധികാരഭ്രാന്തനായ പീലാത്തോസ് മനസ്സാക്ഷിയുടെ പ്രേരണയാൽ ജനക്കൂട്ടത്തോട് തദവസരത്തിൽ ചോദിച്ചു: "നിങ്ങൾക്കാരെ വേണം, ക്രിസ്തുവിനെയോ ബാറബാസിനെയോ?" കുരുടന്മാരെയും, ചെകിടന്മാരെയും സുഖപ്പെടുത്തി ആത്മത്രാണനം നിർവ്വഹിച്ച ക്രിസ്തുവിനെതിരായി സ്വരം പുറപ്പെടുവിക്കത്തക്ക മനഃകാഠിന്യം അവർക്കുണ്ടായിരുന്നില്ല. ഓശാനാപാടിയ ആ നാവുകൾ മിശിഹാക്കെതിരായി ചലിച്ചില്ല. തൽഫലമായി സുവിശേഷത്തിൽ നാം വായിക്കുന്നതുപോലെ ഒരു മൂകതയാണനുഭവപ്പെട്ടതു്. തങ്ങളുടെ ഇംഗിതം നിറവേറണമെങ്കിൽ പൊതുജനങ്ങളെ ക്രിസ്തുവിനെതിരായി അണിനിരത്തണമെന്ന ബോധ്യംവന്ന ജനനേതാക്കളും ആചാര്യന്മാരും ക്രിസ്തുവിനെ വധിക്കുവാനും ബാറബാസിനെ വെറുതെ വിടാനും വിളിച്ചുപറയാൻ അവരെ പ്രേരിപ്പിച്ചു. ആ പ്രേരണയുടെ ഫലമായിമാത്രം, നേതാക്കന്മാരുടെ ആവശ്യാനുസരണം അവരുടെ അഭിപ്രായത്തെ ഏററുപാടുക എന്ന കൃത്യം മാത്രമാണ് പൊതുജനങ്ങൾ ചെയ്തതു്. ജനപ്രമാണികൾ ക്രിസ്തുവിനെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ അവിടെ കൂടിയിരുന്ന എല്ലാം മനുഷ്യരും അതേ പല്ലവിതന്നെ ആവർത്തിക്കുമായിരുന്നു. ക്രിസ്തു നിരപരാധനാണെന്ന ബോധം ശക്തിയായി ഉണ്ടായിരുന്ന "നേതാവും ന്യായാധിപനുമായ" പീലാത്തോസ് തൻറ ഉദ്യോഗത്തെയും, സ്ഥാനമാനത്തെയും ലക്ഷ്യമാക്കി ദൈവപുത്രനെ കൊലയ്ക്കു വിധിച്ചു. അവിടുന്നു പരിഹാസരാജാവിൻറ വേഷം അണിഞ്ഞു് യാതനയുടെ മുൾക്കിരീടവും വഹിച്ചു്, പാപമാകുന്ന സ്ലീവായും ചുമന്നു കാൽവരിഗിരിമുകളിൽ ആത്മബലി അർപ്പിച്ചു.

ഒരുകാര്യം ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. അന്നത്തെ പൊതുജനനേതൃത്വത്തിൻറ അധഃപതിച്ച നില! ആട്ടിൻതോലിട്ട ചെന്നായ്ക്കൾ! നിരപരാധനായ ക്രിസ്തുവിനെതിരായി അനീതിയുടെ മൂർത്തിഭാവമായ ബാറബാസിനനുകൂലമായി പൊതുജനാഭിപ്രായം സൃഷ്ടിച്ചു. സർവ്വസംഗപരിത്യാഗിയായ ദിവ്യരക്ഷകനെക്കാൾ അന്യരുടെ മുതൽ കൊള്ളയടിച്ചിരുന്ന കള്ളനെയാണവർക്കു പ്രിയം! ശുദ്ധതയുടെ ഇരിപ്പിടമായിരുന്ന മിശിഹായെക്കാൾ പാപിയായിരുന്ന അപരനെയാണവർ ഇഷ്ടപ്പെട്ടതു. കൊലപാതകിയെ ബഹുമാനിക്കാൻ മുതിർന്ന പ്രസ്തുത നേതാക്കൾ മരിച്ചവർക്കുപോലും ജീവദാതാവായി വർത്തിച്ച ദൈവത്തെ ഉപേക്ഷിച്ചു. സർവ്വഗുണപൂർണ്ണനായ മഹാപുരുഷനെ അവഗണിച്ചു അവർ ദുർഗ്ഗുണപൂരിതനായ അപരനെ ബഹുമാനിക്കുന്നു! സൃഷ്ടവസ്തുവിനു സ്വാതന്ത്ര്യം നൽകാൻ കളമൊരുക്കിയ അവർ സ്രഷ്ടാവിനെ കൊലവേദിയിലേക്കു നയിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. നോക്കുണേ, പൊതുജനനേതാക്കളുടെ പ്രവർത്തനങ്ങൾ!

രണ്ടായിരംകൊല്ലങ്ങൾക്കപ്പുറം ഈശ്വരനെതിരായിപ്പോലും പൊതുജനാഭിപ്രായം സൃഷ്ടിച്ചു് അവിടുത്തെ ഹോമിക്കാൻ മുതിർന്ന നേതാക്കന്മാർ വേഷംമാറി ഇന്നും പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. അന്നു ദൈവപുത്രനെ പിടിപ്പിക്കുവാനും വധിക്കുവാനും വെമ്പൽകൊണ്ട നേതാക്കളെപ്പോലെ ആധുനികകാലത്തെ നേതൃമ്മന്യന്മാരും ദൈവത്തെയും അവിടുത്തെ നാമത്തേയും ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനം ചെയ്യുവാനും പുരോഹിതന്മാരെയും വിശ്വാസികളേയും തേജോവധം ചെയ്യുവാനും പുറപ്പെട്ടിരിക്കുന്നു. മൂന്നാം ഇൻറർനാഷണലിൻറെ പ്രസിഡണ്ടും റഷ്യൻ പൊളിററു് ബ്യൂറോവിലെ ഒരു പ്രമുഖാംഗവുമായിരുന്ന സീനോവീവ് പറയുന്നു: "നമുക്ക് യഥാകാലം ദൈവവുമായി സമരം നടത്താം. അത്യുന്നതങ്ങളിൽനിന്നു നമുക്കവനെ ആട്ടിപ്പായിക്കാം. അവൻ എവിടെ അഭയം പ്രാപിക്കുന്നുവോ അവിടെവച്ചു എന്നന്നേക്കുമായി നമുക്കവനെ കീഴടക്കുകയും ചെയ്യാം!" അന്നു രക്ഷകനായ ക്രിസ്തുവിനെ ക്രൂശിക്കാൻ മുതിർന്ന യഹൂദനേതാക്കന്മാരെപ്പോലെ ഇന്നത്തെ സീനോവീവും അത്തരത്തിലുള്ള നേതാക്കന്മാരും ഈശ്വരനെ ഇവിടെനിന്നും ഉച്ചാടനം ചെയ്യുവാൻ ശ്രമിക്കുകയാണ്.

ആഗോളവ്യാപകമായി കമ്മ്യൂണിസ്റ്റ് നേതാക്കൾ ഈ നിലപാടാണ് സ്വീകരിച്ചുകാണുന്നത്. നാസിസത്തിലും ഫാസിസത്തിലും മററുപോലുള്ള രാഷ്ട്രീയ തത്വസംഹിതകളിലും വിശ്വസിക്കുന്നവരും ഇതിൽനിന്നും വിഭിന്നമല്ലാത്ത ആദർശത്തോടെയാണ് പ്രവർത്തിച്ചുവരുന്നതു്. ഇന്ത്യയിലെ സ്ഥിതിഗതികളെ പൊതുവെയും തിരു-കൊച്ചിയിലെ ചുററുപാടുകളെ പ്രത്യേകിച്ചും അപഗ്രഥനംചെയ്താൽ സംഭ്രമജനകവും ഹൃദയഭേദകവുമായ വസ്തുതകളാണ് ദൃശ്യമാകുന്നതു്. ഉന്നതവിശ്വാസം സിദ്ധിച്ചിട്ടുള്ളവരും ഈശ്വരവിശ്വാസത്തിനു യാതൊരുവിധ കോട്ടവുംതട്ടാതെ പ്രവർത്തിക്കാവുന്ന വളരെനല്ല നിയമാവലിയോടുകൂടിയ രാഷ്ട്രീയസംഘടനകളിൽ അംഗമായി നേതൃസ്ഥാനത്തു് എത്തിയിട്ടുള്ളവരുമായ വ്യക്തികൾപോലും ഏതുവിധത്തിലുള്ള നേതൃത്വമാണു സാധാരണക്കാർക്ക് നൽകുന്നതു? തങ്ങളുടെ സ്വാർത്ഥതയ്ക്കും ദുർമ്മോഹങ്ങൾക്കും കൂട്ടുനിൽക്കാത്ത ആദർശയോഗ്യമായ ജീവിതം നയിക്കുന്ന വ്യക്തികളെ പാലംവലിച്ചും, കുതികാൽവെട്ടിയും, താറടിച്ചു പ്രദർശിപ്പിക്കുന്ന ചിത്രമല്ലേ കൺമുമ്പിൽ കാണുന്നതു? ക്രിസ്തുവിനെ പുറംതള്ളിയശേഷം ബാറബാസിനെ മുമ്പിലേററിക്കൊണ്ടുപോകുന്ന സംസ്കാരവും, പാരമ്പര്യവും, സ്വഭാവവിശേഷവുമല്ലേ ഇവരിൽ അനേകർക്കുമുള്ളതെന്നു ഇവിടത്തെ സ്ഥിതിഗതികൾ വച്ചുനോക്കി നിങ്ങൾ നിശ്ചയിക്കുവിൻ.

സീസറിൻറ ഭാര്യ സംശയാതീതയായിരിക്കണമെന്നു പറയുന്നതുപോലെ നമ്മുടെ പൊതുജീവിതത്തിൽ ഉന്നതമണ്ഡലങ്ങളിലെത്തിയിരിക്കുന്ന നേതാക്കന്മാരുടെ പിമ്പിൽ കാപൂരണ ചരിത്രം ഉണ്ടെങ്കിൽ അതു സംഗതികളുടെ ദുരവസ്ഥിതിയെ സൂചിപ്പിക്കുന്നു. ആശേസ്യഭിലമായ സംഘടനകളിൽ ചേർന്നു പ്രവർത്തിക്കുന്ന നേതാക്കന്മാർ അഴിമതി, കൈക്കൂലി, അശുദ്ധമായ ജീവിതചര്യ മുതലായവയ്ക്കു അടിമപ്പെട്ടെന്നെങ്കിൽ അപ്പോൾ അവർ ക്രിസ്തുവിനെ ഉപേക്ഷിച്ചു ബാറബാസിനെ ശുശ്രൂഷിക്കുകയാണു ചെയ്യുന്നതു. ഒട്ടിയ വയറോടും കുഴിഞ്ഞ കണ്ണുകളോടുംകൂടി കൈക്കുമ്പിളയർത്തി ഭിക്ഷയാചിക്കാൻ വരുന്ന അർദ്ധനഗ്നരായ പാവങ്ങളെ ആട്ടിപ്പായിക്കുന്ന നേതാക്കന്മാരും നമ്മുടെനാട്ടിൽ അപൂർവമല്ല. പട്ടിണിക്കാർക്കുവേണ്ടി പകലന്തിയോളം മൈതാനങ്ങളിൽ പ്രസംഗിച്ചുനടക്കുന്ന പ്രധാനികളിൽ പലരും അവശന്മാർക്കുവേണ്ടി സ്വന്തം പോക്കററിൽനിന്നു ഒരു ഓട്ടമുക്കാലുപോലും ചിലവാക്കാൻ തയാറാകാത്തവരാണ്. ഇപ്രകാരം പൊതുകാര്യത്തിൽ ഒട്ടും ആത്മാർത്ഥത പ്രകടിപ്പിക്കാതെ, വെള്ളയടിച്ച കുഴിമാടങ്ങളെപ്പോലെ പെരുമാറുകയും, ഇത്തിക്കണ്ണികൾപോലെ പററിപ്പിടിച്ചുകഴിയുകയും ചെയ്യുന്ന നേതാക്കന്മാരാൽ ഇന്നു അനേകം നല്ല സംഘടനകൾ ശ്വാസംമുട്ടുകയാണ്. സംഗതികൾ ഇതേവിധത്തിൽ മുമ്പോട്ടുനീങ്ങിയാൽ, അന്ധൻ അന്ധനെ നയിക്കുമ്പോൾ ഇരുവരും അത്യഗാധമായ ആപത്തിൽ നിപതിക്കുന്നതുപോലെ സമുദായവും രാഷ്ട്രവും അധഃപതിക്കാതിരിക്കയില്ല.

നമ്മുടെ പൊതുജീവിതം ശുദ്ധീകരിക്കപ്പെടണമെങ്കിൽ പൊതുജനങ്ങളെ നയിക്കുന്നവർ സ്വയം ശുദ്ധീകരിക്കണം. ഒരു പൊതുജനനേതാവിനുണ്ടായിരിക്കേണ്ട സർവ്വപ്രധാനമായ യോഗ്യതകൾ താഴെക്കാണിക്കുന്നു. ഈശ്വരവിശ്വാസം; പരസ്നേഹം; സേവനതല്പരത; ആത്മാർത്ഥത; നിസ്വാർത്ഥത; വിപത്തിധൈര്യം; സഹിഷ്ണുത. ഇവയിൽ ഈശ്വരനിൽ അടിയുറച്ച വിശ്വാസമുള്ള ഒരു വ്യക്തിക്കു മററു പ്രധാനപ്പെട്ട ഗുണങ്ങളായ പരസ്നേഹവും സേവനസന്നദ്ധതയും ഉണ്ടായിക്കൊള്ളും. പത്തു പ്രമാണങ്ങൾ രണ്ടു പ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്നുവെന്നു പറയുന്നതുപോലെ സകലതിൻറയും ഉടയവനും മരണാനന്തരം നമ്മോടു് കണക്കുചോദിക്കുന്നവനുമായ ഈശ്വരനിലുള്ള വിശ്വാസവും, ക്രിസ്തീയപരസ്നേഹവും സർവ്വപ്രധാനങ്ങളാണ്.


ബാറബാസിനെ മോചിപ്പിക്കുന്നതിനും രക്ഷകനെ ക്രൂശിക്കുന്നതിനും പ്രേരണനൽകി പൊതുജനങ്ങളെ ആ മനസ്ഥിതിക്കാക്കിയ അന്നത്തെ യഹൂദനേതാക്കൾക്ക് മുകളിൽ സൂചിപ്പിച്ച യോഗ്യതകൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ലോകത്തിൻറ ഭാവിയെത്തന്നെ ബാധിക്കുന്ന ഒരു പ്രശ്നത്തിൽ അപ്രകാരമുള്ള നിലപാട് അവർ സ്വീകരിച്ചതു്. ഇക്കാലത്തു നേതൃസ്ഥാനത്തിരിക്കാൻ യോഗ്യതയില്ലാത്തവർ പല സമുദായങ്ങളുടെയും ഭാവിയെ പന്താടുന്നുണ്ട്. കമ്മ്യൂണിസ്റ്റുകൾ ഈശ്വരനെതിരായും സകല സദാചാരത്തിനെതിരായും പടവാൾ ഉയർത്തിയിരിക്കുമ്പോൾ മററു സംഘടനകളിലെ പുഴുക്കുത്തുപിടിച്ച നേതാക്കൾ അക്രമവും അധർമ്മവും പ്രവർത്തിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യൽഫലങ്ങൾ ഭയാനകങ്ങളായിരിക്കും. അവർ ക്രിസ്തുവിനെ വിററു ബറാബാസിനു വിലകൊടുക്കുന്നതുപോലുള്ള പാതകമാണു ചെയ്യുന്നതു്. നിരക്ഷരകുക്ഷികളായ ബഹുഭൂരിപക്ഷംവരുന്ന സാധാരണക്കാർ കമ്മ്യൂണിസ്റ്റ് നേതാക്കളുടെയും, കരിഞ്ചന്തക്കാരും വഞ്ചകന്മാരും സ്വഭാവശുദ്ധിയില്ലാത്തവരുമായ കമ്മ്യൂണിസ്റ്റേതര നേതാക്കളുടെയും ചതുരംഗപ്പലകയിലെ കരുക്കളായി തരംതാഴുന്നു. അതുകൊണ്ട് സംഘടനകളുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കുമ്പോൾ അവർ നീതിയാകുന്ന പടവാളും, ധർമ്മമാകുന്ന പടച്ചട്ടയും ധരിച്ചു്, ബാറബാസിനുവേണ്ടി നിലകൊള്ളുന്ന നിരീശ്വരവാദികളെയും, അവസരസേവകരെയും പുറമ്പോക്കിലേക്ക് പിന്തള്ളുവാൻതക്ക പ്രാപ്തിയുള്ളവരാണോ എന്നു പരിശോധിക്കണം. പൊതുജനങ്ങൾ ഈ കാര്യത്തെപ്പററി ചിന്തിച്ചു, ബറബാസിനെ താലോലിക്കുന്ന നേതാക്കളെ കററതീരിക്കാനും, പൊതുജീവിതം ശുദ്ധീകരിച്ചു്, വർദ്ധമാനമായി വരുന്ന ആധുനികവിപത്തുകൾക്കെതിരായി സദാചാരനിഷ്ഠരായ നേതാക്കളോടുചേർന്നു പോരാടുവാനും സന്നദ്ധരാകുക.

# കത്തോലിക്കാസഭയിൽ—

## അനുഭവകഥനം

(എം. ചാക്കോമാസ്റ്റർ, കൈതവന)

കത്തോലിക്കാസഭാംഗങ്ങളേ! സത്യദീപവായനക്കാരേ! എന്റെ വിനീതമായ കൂപ്പുകൈ! ഞാൻ യാക്കോബായസഭയിൽ ജനിച്ചുവളന്ന ഒരു വ്യക്തിയാണു്. പുരാതനമായ തുമ്പമൺ കൈതവന കുടുംബത്തിന്റെ ഒരു ശാഖയായ കൈപ്പട്ടൂർ ചക്കാലയിൽ കുടുംബത്തിൽ മത്തൻ അച്ചാമ്മ ഇവരുടെ കനിഷ്ഠപുത്രനായി 1084-ൽ ഞാൻ ജനിച്ചു. എന്റെ ചെറുപ്പത്തിൽത്തന്നെ മാതാപിതാക്കന്മാർ കൈപ്പട്ടൂർനിന്നും ഈ സ്ഥലത്തേക്കു് താമസം മാററിയതിനാൽ അവരോടുകൂടി ഈ സ്ഥലത്തു് താമസമായി. വിദ്യാഭ്യാസാനന്തരം ഈ സ്ഥലത്തു് 1102-ൽ ഞാൻ ഒരു പ്രൈമറിസ്കൂൾ സ്ഥാപിച്ചു് ഹെഡ് മാസ്റ്ററായി ഇരുപതുവർഷം ജോലിനോക്കി. മാതാപിതാക്കന്മാരുടെ പരിശീലനഫലമായി സഭാകാര്യങ്ങളിലും, പള്ളിയിൽ പോകുക,



നോമ്പുകൾ ആചരിക്കുക, വി. കർബാന അനുഭവിക്കുക ഈ കാര്യങ്ങളിലും എനിക്കു് ബാല്യത്തിലേ നിഷ്ഠയുണ്ടായിരുന്നു. 111ൽ- അദ്ധ്യാപകട്രയിനിംഗിനു് മെലപ്ര ട്രയിനിംഗ് സ്കൂളിൽ പോകുകയും അവിടെവച്ചു് സൽസ്വഭാവത്തിനു് വെള്ളിമെഡൽ സമ്മാനം ലഭിക്കുകയുംചെയ്തു.

അദ്ധ്യാപകജോലിക്കുടാതെ കുടുംബയോഗസെക്രട്ടറി, സൺഡേസ്കൂൾ ഹെഡ് മാസ്റ്റർ, സൺഡേസ്കൂൾ ഇൻസ്പെക്ടർ, ളാക്കൂർ പള്ളി ട്രസ്റ്റി-സെക്രട്ടറി ഈ നിലകളിൽ സമുദായസേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഞാൻ കുടുംബയോഗസെക്രട്ടറി ആയിരിക്കുമ്പോൾ എന്റെ കുടുംബത്തിൽപ്പെട്ട ശമ്പക്കുളത്തു് കുന്നിൽ വീട്ടിൽ ഞങ്ങൾ കുടുംബയോഗത്തിനു് പോകുകയും ശമ്പക്കുളത്തു് കത്തോലിക്കാ പള്ളിയിൽ പോയി ആരാധന കാണുകയും ചെയ്തു. അന്നാണു് ഞാൻ ആദ്യമായി കത്തോലിക്കാ പള്ളിയും പട്ടക്കാരേയും കാണുന്നതു്.

122-ൽ തിരുവിതാംകൂർ ഗവമ്മെൻറിൽനിന്നും എന്നെ സക്കാർ സർവ്വീസിൽ ഒരു അദ്ധ്യാപകനായി നിയമിച്ചു. നിയമനം കിട്ടിയതു് പാലാഡിസ്ട്രിക്ടിൽ കൊണ്ടൂർ എം. പി. ജി. സ്കൂളിൽ ആയിരുന്നു. അതിന്റെ മുൻവശത്തായിക്കാണുന്ന പ്ലാശനാൽ കത്തോലിക്കാദേവാലയം എന്റെ ജന്മദേശത്തുള്ള കൈപ്പട്ടൂർ പള്ളിയോടു് സാദൃശ്യം ഉള്ളതായിരുന്നു. ഞാൻ ആ പള്ളിക്കടുത്തു് കൊച്ചുപ്പറമ്പിൽ ദേവസ്യാ ഉലഹന്നാൻ എന്ന ആളിന്റെ വസതിയിൽ താമസിക്കുകയും അദ്ദേഹത്തിന്റെകൂടെ എല്ലാ ഞായറാഴ്ചയും പ്ലാശനാൽ പള്ളിയിലും ഭരണങ്ങാനം പള്ളിയിലും പോയി വി. കർബാനയിൽ സംബന്ധിക്കുകയും ചെയ്യുമായിരുന്നു. ഇന്നു് അത്യന്തം പ്രശസ്തി ആർജ്ജിച്ചിരിക്കുന്ന ഭരണങ്ങാനത്തു് അൽഫോൻസാമ്മയുടെ കബറുങ്കൽപോയി കുമ്പിട്ടു പ്രാർത്ഥിക്കുന്നതിനും മെഴുകുതിരി കത്തിച്ചുവയ്ക്കുന്നതിനുമുള്ള ഭാഗ്യം പലതവണ എനിക്കു ലഭിച്ചിട്ടുണ്ടു്. അന്നു ഞാൻ യാക്കോബായസഭയിൽനിന്നും പിരിഞ്ഞുണ്ടായ ഓർത്തഡോക്സുകാരനായിരുന്നു. ഒരു വർഷക്കാലം ആ പുണ്യസ്ഥലം സന്ദർശിച്ചതിന്റെ ഫലമായിരിക്കാം ഞാൻ ഇപ്പോൾ കത്തോലിക്കനാകാൻ ഇടയായതു്. കൂടാതെ കട്ടക്കയം ചെറിയാൻമാപ്പിളയുടെ കുടുംബത്തെപ്പററി അറിയുന്നതിനും അദ്ദേഹത്തിന്റെ ശ്രീയേശുവിജയം മഹാകാവ്യം നല്ലതുപോലെ വായിക്കുന്നതിനും അന്നാണു് എനിക്കു് സൗകയ്യം ലഭിച്ചതു്. വിശിഷ്യ അവിടെവച്ചാണു് "സത്യദീപം" എന്ന കത്തോലിക്കാ പ്രസിദ്ധീകരണം കാണുവാൻ ഇടയായതു്. അതിലെ ഓരോ ലേഖനങ്ങളും എനിക്കു അത്യന്തം ഹൃദ്യമായി തോന്നിയതിനാൽ അതു് തുടരെ വായിക്കുന്നതിനുള്ള ആഗ്രഹം ജനിച്ചു. ബ. സത്യദീപം മാനേജർ അവർകളോടു് ഞാൻ ആവശ്യപ്പെട്ടതിൽ അതിന്റെ ഒരു പ്രതി എനിക്കു് സൗജന്യമായി അയച്ചുതന്നു് അദ്ദേഹത്തിന്റെ ഔദാര്യം വെളിപ്പെടുത്തി. ഇങ്ങനെ സത്യദീപം കുറെ മാസങ്ങൾ വായിച്ചുകഴിഞ്ഞപ്പോൾ കത്തോലിക്കാസഭയെക്കുറിച്ചു അറിയണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായി.

ഒരുകൊല്ലത്തിനുശേഷം എനിക്കു് സ്ഥലംമാററംകിട്ടി സ്വദേശത്തേക്കു പോന്നു എങ്കിലും സത്യമാഗ്ഗം തെളിയിച്ചുതരുന്നതിനായി സത്യദീപവും ഇവിടെ വന്നുചേന്നു. അപ്പോഴാണു് ആത്മാക്കളെ യഥാത്ഥമായി സ്നേഹിക്കുന്ന കത്തോലിക്കാ സഭാംബികയോടു് എനിക്കു് കൂടുതൽ ബഹുമാനം തോന്നിയതു്. യാക്കോബായസഭയിലെ വ്യവഹാരം, പള്ളികൾതോറുമുള്ള കലഹം, സുവിശേഷവേലയിലുള്ള അനാസ്ഥ, സാധുജനസേവനമില്ലായ്മ, ദുർഭരണം നിമിത്തമുള്ള അധഃപതനം മുതലായ കാര്യങ്ങൾ ചിന്തിച്ചപ്പോൾ കത്താവിന്റെ വ്യാപാരമുള്ള സഭ അതല്ലെന്നു് നിശ്ചയിച്ചു. കത്തോലിക്കാസഭയും യാക്കോബായസഭയും തമ്മിലുള്ള വ്യത്യാസങ്ങൾ അറിയുന്നതിനും മററുമുള്ള പുസ്തകങ്ങൾ ലഭിക്കുന്നതിനായി ഈ അടുത്തകാലത്തു രണ്ടുതവണ ഞാൻ സത്യദീപത്തിൽ അഭ്യത്ഥന പുറപ്പെടുവിച്ചു. ഉദാരമതികളായ പല മാന്യന്മാരും പുസ്തകങ്ങൾ സൗജന്യമായി അയച്ചുതന്നു് എന്റെ സത്യസഭാന്വേഷണത്തെ സഹായിച്ചു കൂടാതെ കമ്പഴ റവ. ഫാദർ എം. ററി. പീലിപ്പോസ് മേടയിൽ അവർകൾ എനിക്കുവേണ്ട ഉപദേശങ്ങൾ നൽകി. അതിന്റെ ഫലമായി കത്താവു് ഒരു സഭമാത്രമേ ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ളു എന്നും അതു് പത്രോസിന്റെ പരമാധികാരത്തിന്മേൽ സ്ഥാപിച്ചതാണെന്നും സത്യസഭയുടെ നാലു ലക്ഷണങ്ങളും (കാതോലികം, ശ്ലൈഹിക, ഏ.., വിശുദ്ധം) ഉള്ളതു് കത്തോലിക്കാസഭക്കുമാത്രമേയുള്ളു എന്നും യാക്കോബായസഭയെ കൽക്കദോനിയാ സൂനഹദോസിൽവച്ചു് 630-ൽവി. പിതാക്കന്മാർകൂടി മുടക്കിയതാണെന്നും മററുമുള്ള ചരിത്രസത്യങ്ങൾ എനിക്കു മനസ്സിലായി.

എന്നാൽ ഓത്തഡോക്സുകാരായ മററു കൂടിനടപ്പുകാരുടെ ഇടയിൽനിന്നും ഞാൻ തനിച്ചു് സഭമാറുന്നതു് പലവിധത്തിലുള്ള വൈഷമ്യങ്ങൾക്കു് കാരണമാണല്ലോ എന്നു് ഞാൻ ചിന്തിച്ചു പല മനോഭാരങ്ങളും എനിക്കുണ്ടായി. അനേക ദിനരാത്രങ്ങൾ ചിന്താധീനനായി കഴിഞ്ഞുകൂടി അവസാനമായി എത്ര പ്രയാസങ്ങളും നഷ്ടങ്ങളും വന്നാലും ഞാൻ അറിഞ്ഞ സത്യത്തെ മുറുകെ പിടിച്ചുകൊണ്ടു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ തീർച്ചപ്പെടുത്തി. കഴിഞ്ഞ ഒക്ടോബർ മാസം 18-ാംനു- വേദപ്രചാര ഞായറാഴ്ച പൂങ്കാവു് മിഷൻ പള്ളിയിൽവച്ചു് വി. കർബാനയ്ക്കുശേഷം റവ. ഫാദർ വറുഗീസ് വടശ്ശേരിൽ അവർകളുടെ മുൻപാകെ സത്യപ്രതിജ്ഞനടത്തി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അതിനടുത്ത ഞായറാഴ്ച കുടുംബത്തിൽപ്പെട്ട മററു അംഗങ്ങളും ചേന്നു. ഈ വിവരം ഓത്തഡോക്സ്സഭയിലെ പട്ടക്കാരു ജനങ്ങളും അറിഞ്ഞു് എന്നെ പിൻതിരിപ്പിക്കുന്നതിനായി പലവിധപരിശ്രമങ്ങൾ നടത്തി. സാധിക്കയില്ലെന്നുകണ്ടപ്പോൾ പലവിധത്തിൽ എന്നെ ആക്ഷേപിക്കയും ഭീഷണിപ്പെടുത്തുകയും ചെയ്തു. "എനിക്കു് നാലുപെൺകുട്ടികളും രണ്ടു് ആൺകുട്ടികളുമാണുള്ളതു്. അവരെ കല്യാണംചെയ്യിക്കുന്നതിനു് നല്ല സുറിയാനിക്കാരെ കിട്ടുകയില്ലെന്നും, സമീപത്തു കത്തോലിക്കർ ഇല്ലെന്നും അന്യസ്ഥലത്തു താമസിക്കുന്ന കത്തോലിക്കരുടെ യാതൊരു സഹായസഹകരണങ്ങളും ലഭിക്കയില്ലെന്നും വീണ്ടും ഞങ്ങളെ ആശ്രയിക്കേണ്ടതായിവരുമെന്നുംമററും അവരുടെ പലവിധ ഭീഷണികൾക്കു ഞാൻ വിധേയനായിത്തീന്നിരിക്കുന്നു.

കത്തോലിക്കാസഭാമാതാവേ! പരിഭ്രമത്തോടും വികാരാവേശത്തോടുംകൂടി തൃപ്പാദമണഞ്ഞിരിക്കുന്ന ഈ പുത്രനെ കടാക്ഷിക്കണമേ! അവിടുത്തെ ബലിഷ്ഠഹസ്തങ്ങളാൽ ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്നും ഭീഷണികളിൽനിന്നും ഈ പൈതലിനെ രക്ഷിച്ചുകൊള്ളണമേ! അവിടുത്തെ വിസ്തൃതമായ ചിറകിൻമറവിൽ കോടി കോടി ജനങ്ങൾ സ്വൈരവിഹാരം ചെയ്യുമ്പോൾ ഈ കൊച്ചുമകനു് ഭയപ്പെടേണ്ടതായിവരുമോ? മാതൃവിരഹം കൊണ്ടു് ആരോഗ്യമില്ലാതെയും ആത്മധൈര്യമില്ലാതെയും ജീവിച്ച ഈ അവശശിശുവിനെ തൃക്കൈയിൽ എടുത്തു താലോലിച്ചു് അനുഗ്രഹിച്ചാലും! മാതാവേ! മററു സന്താനങ്ങളെ വിളിച്ചു് അവരുടെ ഒരു സഹോദരൻ തിരിച്ചുവന്നിരിക്കുന്ന വിവരം അറിയിച്ചാലും! അനേകകാലം പരിചയമില്ലാതിരുന്ന മററു സഹോദരങ്ങളെ പരിചയപ്പെടുത്തിയാലും!

ഹാ! സത്യദീപമേ! അവിടുത്തെ സേവനം എത്ര മാഹാത്മ്യമേറിയതു്! എത്ര ആത്മാക്കളെ അവിടുന്നു് സമ്പാദിച്ചു. നാം തമ്മിൽ ഉണ്ടായിട്ടുള്ള ബന്ധം എത്ര സുദൃഢമാണു്. എന്റെ ജീവചരിത്രത്തിൽ സത്യദീപം എന്നപേരു് സുവർണ്ണലിപികളിൽ രേഖപ്പെടുത്താതിരിക്കുവാൻ എനിക്കു് നിവൃത്തിയില്ല. അവിടുത്തെന്നേക്കു് എനിക്കുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടും, എനിക്കു് പുസ്തകങ്ങൾ അയച്ചുതന്നു് സഹായിച്ചവരെ സ്മരിച്ചുകൊണ്ടും, സഭാമാതാവിന്റെ പാദപത്മങ്ങളിൽ നമ്രശിരസ്കനായി എല്ലാം സഹായസഹകരണങ്ങൾ അഭ്യത്ഥിച്ചുകൊണ്ടും, ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.


*Just Received*

WEDDING SAREES

WHITE HALL

The Silk Palace

DIRECT IMPORTERS

MATTANCHERRY Cochin | BROADWAY Ernakulam

Maximum Sarees Minimum Price is Our Motto


ആദ്ധ്യാത്മികവീഥി

# മറുപടിക്കത്തു് (5)

(തുടർച്ച)

ദൈവത്തിന്റെ വത്സലമകനേ,

കഴിഞ്ഞ കത്തിൽ ഞാൻ ചില പത്ഥ്യങ്ങൾ നിശ്ചയിച്ചുതരാമെന്നു പറഞ്ഞിരുന്നല്ലോ. തിരുസഭയുടെ ആദ്യശതകങ്ങളിൽ വേദജ്ഞരും ഭയന്നും മററും അനേകമാളുകൾ വനത്തിൽപോയി തപസ്സുചെയ്തിരുന്നതായി കേട്ടിട്ടുണ്ടല്ലോ. അക്കൂട്ടത്തിൽ ഒരു യുവാവു് ഒരു വൃദ്ധസന്യാസിയുടെ അടുക്കൽചെന്നു് തനിക്കുണ്ടായിക്കൊണ്ടിരുന്ന അശുദ്ധപരീക്ഷകളെക്കുറിച്ചു് സങ്കടംപറയുകയും തനിക്കുവേണ്ടി പ്രാത്ഥിക്കണമെന്നു് അഭ്യത്ഥിക്കയും ചെയ്തു വൃദ്ധൻ പ്രാത്ഥന വാഗ്ദാനംചെയ്തു് അയാളെ ആശ്വസിപ്പിച്ചയച്ചു.

ഏതാനും ദിവസത്തിനുശേഷം അയാൾ തിരികെവന്നു. സന്യാസിയുടെ പ്രാത്ഥനകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടായില്ലെന്നുതന്നെയല്ല പ്രലോഭനങ്ങൾ വർദ്ധിച്ചുവരുകയാണെന്നു് പരാതി പറഞ്ഞു. വൃദ്ധസന്യാസി കൂടുതൽ തീക്ഷ്ണതയോടുകൂടി പ്രാത്ഥിക്കാമെന്നും തപസ്സു ചെയ്യാമെന്നും പറഞ്ഞു് അയാളെ ധൈര്യപ്പെടുത്തി അയച്ചു.

നാലഞ്ചുദിവസം കഴിഞ്ഞു് അയാൾ വീണ്ടുംവന്നു പഴയകഥതന്നെ ആവത്തിച്ചു. അതേക്കുറിച്ചു അത്ഭുതപ്പെട്ടു് അദ്ദേഹം വളരെ തീക്ഷ്ണതയോടുകൂടി പ്രാത്ഥിച്ചു് ദൈവത്തോടു ചോദിച്ചു, ഈ സാധുയുവാവിനുവേണ്ടിയുള്ള തന്റെ പ്രാത്ഥനകളും തപസ്സുമെല്ലാം ഇപ്രകാരം വിഫലമായിപ്പോകുന്നതിനു് കാരണമെന്താണെന്നു്. അതു് ആ യുവാവിന്റെ കുററമാണെന്നു് ദൈവം അറിയിച്ചു.

അവൻ കുറെയെല്ലാം പ്രാത്ഥിച്ചിരുന്നെങ്കിലും പാപത്തിനുള്ള സാഹചര്യങ്ങളിൽനിന്നു് മാറിയിരുന്നില്ല. പാപത്തിനു് കാരണമാക്കിയിരുന്ന കാഴ്ചകൾ കാണാതിരിക്കുന്നതിനോ, പാപകരമായ ചിന്തകൾ തള്ളിക്കളയുന്നതിനോ അവൻ നിഷ്കർഷിച്ചിരുന്നില്ല. അതുകൊണ്ടാണു് പ്രലോഭനങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നതു്.

എന്തെങ്കിലും ഗുരുതരമുള്ള സാധനം തിന്നു ദഹനക്കേടു് പിടിച്ച ഒരു മനുഷ്യൻ എത്ര നല്ല മരുന്നുകുടിച്ചാലും വീണ്ടും അതേ സാധനംതന്നെ ഭക്ഷിച്ചുകൊണ്ടിരുന്നാൽ അയാളുടെ സുഖക്കേടു മാറുമോ? ആത്മീയരോഗങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണു്. അതുകൊണ്ടാണല്ലോ പാപസങ്കീർത്തനത്തിനുള്ള ഉത്തമമനസ്താപപ്രകരണത്തിൽ "പിഴപ്പാനുള്ള ഹേതുക്കളെ ഉപേക്ഷിച്ചു"കൊള്ളാമെന്നു കൂടി നാം പ്രതിജ്ഞ ചെയ്യുന്നതു്.

എന്നാൽ പലപ്പോഴും ആ വാക്യം നാം ചൊല്ലുന്നുണ്ടെങ്കിലും അതേക്കുറിച്ചു വേണ്ടതു ചിന്തിച്ചു പ്രവത്തിക്കുന്നില്ല. പല കുമ്പസാരങ്ങളും വിഫലമാകുന്നതിനുള്ള പ്രധാന കാരണമതാണു്. കുഞ്ഞിനറിയാമല്ലോ എന്തെല്ലാം സാഹചര്യങ്ങളാണു് കുഞ്ഞിനെ ഈ സ്ഥിതിയിൽ ആക്കിയിരിക്കുന്നതെന്നു്. അവയെല്ലാം നിവൃത്തിയുള്ളിടത്തോളം ഉപേക്ഷിക്കണം.

നിവൃത്തിയുള്ളിടത്തോളം എന്നു പറഞ്ഞതു കരുതിക്കൂട്ടിയാണു്. ചിലപ്പോൾ നമ്മുടെ പാപകാരണം ഒരുമിച്ചു ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയാകാൻ പാടുണ്ടു്. അയാളെ ആ ക്ലാസ്സിൽനിന്നു പറഞ്ഞയക്കാൻ സാധിച്ചെന്നു വരുകയില്ല. എങ്കിലും അയാളോടുള്ള അടുത്ത സഹവാസം ഉപേക്ഷിക്കാൻ കഴിയും. അതുപോലെ അയാളെ കാണാതിരിക്കാൻ കഴികയില്ലെങ്കിലും അയാളുടെ മുഖത്തു സൂക്ഷിച്ചു നോക്കാതിരിക്കാൻ കഴിയും.

എന്നാൽ പലപ്പോഴും യാതൊരാവശ്യവുമില്ലാതെ വെറും രസത്തിനായിമാത്രം നാം വായിക്കുന്ന ചീത്തപുസ്തകങ്ങളോ, കാണുന്ന പടങ്ങളോ, പുലത്തിക്കൊണ്ടുപോകുന്ന ചില സ്നേഹബന്ധങ്ങളോ മറേറാ ആയിരിക്കാം കുഴപ്പമുണ്ടാക്കുന്നതു്. അവയെല്ലാം യാതൊരു ദാക്ഷിണ്യവും കൂടാതെ ഉപേക്ഷിക്കതന്നെ വേണം. അവ ത്യജിക്കാതെയുള്ള നമ്മുടെ കുമ്പസാരംതന്നെ ശരിയായിട്ടുള്ളതായിരിക്കയില്ല. അതുകൊണ്ടു് യാതൊരു ഗുണവുമുണ്ടാകയില്ലെന്നുതന്നെയല്ല, ദോഷം പോലും ഉണ്ടാകുകയും ചെയ്യും.

മേല്പറഞ്ഞവയെല്ലാം ത്യജിച്ചശേഷവും ദുർവിചാരങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരുന്നെന്നുവരാം. അതിനെന്താണു പ്രതിവിധിയെന്നു് അടുത്ത കത്തിൽ പറയാം.

ദൈവം കുഞ്ഞിനെ അനുഗ്രഹിക്കട്ടെ. എന്നു് പ്രാത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam January 20, 1964 No. 21

# വിവിധവൃത്താന്തങ്ങൾ

## എലിസബത്തു് മിരിബെൽ കർമ്മലീത്താ മഠത്തിൽ

കഴിഞ്ഞ യുദ്ധകാലത്തു ഫ്രാൻസിന്റെ വിമോചനപ്രസ്ഥാനത്തിൽ ജനറൽ ഡിഗോളിന്റെ വലംകൈയായിനിന്നു പോരാടിയ പേരുകേട്ട ഒരു രാഷ്ട്രീയപ്രവർത്തകയാണു് മിസ്സ് എലിസബെത്തു് ഡെ മിരിബെൽ. "ഒരു പടക്കളത്തിൽ ഫ്രാൻസു് തോൽവിയടഞ്ഞു, എന്നാൽ യുദ്ധത്തിൽ തോററിട്ടില്ല" എന്നായിരുന്നു അവരുടെ പോർവിളി. യുദ്ധരംഗങ്ങളിലെല്ലാം മിസ്സ് മിരിബെൽ ജനറൽ ഡിഗോളിനെ അനുഗമിച്ചിരുന്നു. സർവ്വത്ര നിരുപമമായ ധീരോദാത്തത അവർ പ്രദർശിപ്പിച്ചിരുന്നു. വിദേശകാര്യമേധാവിയായി ഇതുവരെ അവർ സ്വരാജ്യത്തെ സേവിച്ചുകൊണ്ടിരിക്കയായിരുന്നു. സർവ്വതും പരിത്യജിച്ചു് ഇപ്പോൾ കർമ്മലമഠത്തിൽ അഭയം തേടുകയാണു് ചെയ്തിരിക്കുന്നതു്.

## കമാൻഡൻറു് മേറി കത്തോലിക്കാസഭയിലേക്കു്

ഒന്നാമത്തെ ലോകമഹായുദ്ധകാലത്തു് ബ്രിട്ടനിൽ വനിതാപോലീസു് രൂപവൽക്കരിക്കുന്നതിൽ ഒരു പ്രധാനപങ്കു വഹിച്ചിട്ടുള്ള ഒരു മഹതിയാണു് കമാൻഡൻറു് മേറി അല്ലെൻ ഒ. ബി. ഇ. ആദ്യത്തെ പോലീസു് മേധാവി മിസ്സ് മാർഗ്ഗററു് ഡോസനായിരുന്നു. അവരുടെ പിൻഗാമിയായി 1920-ൽ ജോലി ഏറേറതു് മിസ്സ് മേറിയാണു്. ഉദ്യോഗസംബന്ധമായ കാര്യങ്ങൾക്കായി യൂറോപ്പിലും അമേരിക്കയിലും അവർ ദീർഘമായ പര്യടനം നടത്തുകയും വനിതാപോലീസിന്റെ പരിശീലനം സംബന്ധിച്ചു പ്രസംഗിക്കയും ചെയ്തിട്ടുണ്ടു്. തദവസരങ്ങളിൽ തനിക്കു സിദ്ധിച്ച പരിജ്ഞാനത്തിന്റെ ഫലമായി ഇപ്പോൾ അവർ കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു.

## അഗസ്റ്റീനിയൻ സഭ റോമിൽ സമ്മേളിച്ചു

മുപ്പതിൽപ്പരം പ്രോവിൻസുകളിലായി ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അഗസ്റ്റീനിയൻ സന്യാസസഭയുടെ പ്രിയോർ ജനറാളിനെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള സമ്മേളനം കഴിഞ്ഞമാസത്തിൽ റോമിൽവച്ചു നടന്നു. ഓരോ പ്രോവിൻസിൽ നിന്നും പ്രോവിൻസ്യാളും ഒരു പ്രതിനിധിയുംവീതം ആകെ 60 ആളുകൾ സമ്മേളനത്തിൽ സംബന്ധിച്ചു. ഇതുവരെയുള്ള പ്രോവിൻസുകളിൽനിന്നു മാത്രം ആൾക്കു വന്നുചേരാൻ കഴിഞ്ഞില്ല. 60 വയസ്സുള്ള ജർമ്മൻകാരനായ ഡോക്ടർ എൻജെൽബെർട്ടു് എബെർഹാർഡു് ഒ. എസ്സ്. എ. എന്ന പ്രസിദ്ധ ദേഹമാണു് പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. സമ്മേളനംകഴിഞ്ഞു പ്രതിനിധികളെല്ലാം കാസ്റ്റൽ ഗൻഡോൾഫോയിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിക്കയുണ്ടായി.

## ആഫ്രിക്കൻ വിപ്ലവകാരികൾ അടിപ്പെട്ടുപോയി

കെനിയായിൽ കമ്മ്യൂണിസ്റ്റുകാർ ഇളക്കിവിട്ട മൗ മൗ വിപ്ലവം പരാജയത്തിൽ കലാശിച്ചിരിക്കുന്നു. യൂറോപ്യൻമാരെ മാത്രമല്ല ഒട്ടേറെ ആഫ്രിക്കാക്കാരെയും വിപ്ലവകാരികൾ കൊന്നൊടുക്കി. ഇങ്ങനെ ജനാവലിയെ ഭയപ്പെടുത്തി കമ്മ്യൂണിസ്റ്റ് ആധിപത്യം ഉറപ്പിക്കാനായിരുന്നു അവരുടെ ശ്രമം. ബ്രിട്ടീഷ് ഗവർണരായ സർ എവെലിൻ ബാറിങ്ങിന്റെ അചഞ്ചലമായ നിലകൊണ്ടു് പ്ലാനെല്ലാം തെററിയെന്നേ പറയാനുള്ളൂ. വിപ്ലവനേതാക്കന്മാരെ ഓരോന്നായി പിടികൂടി മാതൃകായോഗ്യമായ ശിക്ഷകൾ നൽകിവരുന്നു. ആ കൂട്ടരുടെ വസ്തുവകകളെല്ലാം ഗവൺമെൻറിലേക്കു കണ്ടുകെട്ടിക്കഴിഞ്ഞിരിക്കുന്നു.

## അറസ്റ്റുചെയ്യപ്പെട്ട 9-ാമത്തെ പോളിഷ് മെത്രാൻ

ഗ്നീയേസ്നോ(യിലെ സഹായമെത്രാനായ ബെർനാക്കിയേയും പോളണ്ടിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറു് അറസ്റ്റുചെയ്തിരിക്കുന്നു. ബന്ധനസ്ഥനായ ഒൻപതാമത്തെ മെത്രാനാണിദ്ദേഹം. കർഡിനൽ വിഷിൻസ്കി തിരുമേനിയെ അറസ്റ്റുചെയ്ത കൂട്ടത്തിൽ ഇദ്ദേഹത്തെയും പിടികൂടിയതാണു്. എങ്കിലും ഉടനെ വിട്ടയച്ചു. ഇപ്പോൾ വീണ്ടും അറസ്റ്റുചെയ്തു ബന്ധനത്തിലാക്കിയിരിക്കുന്നു. കർദ്ദിനാൾ തിരുമേനിയെ മോസ്കോയിലേക്കു് അയച്ചിരിക്കയാണെന്നാണു് ശ്രുതി. പോളണ്ടിലെ മതമർദ്ദനത്തെക്കുറിച്ചു് ബ്രിട്ടീഷ് കത്തോലിക്കർക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി ലണ്ടനിലെ ആൽബെർട്ടു് ഹാളിൽവച്ചു കഴിഞ്ഞമാസത്തിൽ ഒരു വമ്പിച്ച പൊതുജനസമ്മേളനം നടന്നു. പ്രസംഗകന്മാരിൽ ഒരാൾ കാർഡിനൽ ഗ്രിഫിൻ തന്നെയായിരുന്നു.

## യു. എൻ. ഒ. സംഘടനയിൽ കത്തോലിക്കാ പ്രാതിനിധ്യം

അമേരിക്കയിൽ ഫോർഡാം സർവ്വകലാശാലയിൽ നിയമവകുപ്പിലെ പ്രൊഫസറായ ഡോക്ടർ കോൺസ്റ്റൻറൻ റക്കോസ്റ്റാസു് വാഷിങ്ങ്ടണിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞു: കത്തോലിക്കർക്കും കത്തോലിക്കാ രാജ്യങ്ങൾക്കും യു. എൻ. ഓയിൽ വേണ്ട പ്രാതിനിധ്യം നൽകാത്തതു ഒരു വലിയ അനീതിയാണു്. പശ്ചിമയൂറോപ്പിൽനിന്നു ഫ്രാൻസിനും ബെൽജിയത്തിനും മാത്രമേ ഈ ലോകസംഘടനയിൽ അംഗത്വം അനുവദിച്ചിട്ടുള്ളൂ. ഇററലി, പാശ്ചാത്യ ജർമ്മനി, അയർലണ്ടു്, സ്പെയിൻ, പോർട്ടുഗൽ, ഓസ്ട്രിയ എന്നീ ആറു വൻകിട കത്തോലിക്കാശക്തികൾക്കു ഇന്നും അവിടെ പ്രവേശനം ലഭിച്ചിട്ടില്ല. അതായതു് അവിടങ്ങളിലെ 13 കോടിയോളം കത്തോലിക്കർക്കു് അതിൽ പ്രാതിനിധ്യമില്ലാതാണിരിക്കുന്നതു്. എന്നുവച്ചാൽ ലോകത്തിലാകെയുള്ള കത്തോലിക്കരിൽ 40 ശതമാനവും പുറംതള്ളപ്പെട്ടിരിക്കുന്നു. അത്യന്തം ശ്രദ്ധാർഹവും ദുസ്സഹവുമായ ഒരു വസ്തുതയാണിതു്. മനുഷ്യവർഗ്ഗത്തിനും, ഐക്യരാഷ്ട്രസംഘടനയുടെ പുരോഗതിക്കും അത്യധികം ഹാനികരമായ ഒരു നിലയാണിതു്. കഴിയുന്നത്രവേഗം ഇതു പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു. പുതിയ രാജ്യങ്ങളെ അംഗങ്ങളായി സ്വീകരിക്കുന്ന കാര്യം ആലോചനയ്ക്കെടുക്കുമ്പോൾ ഇതു വിസ്മരിച്ചുകളയരുതു്.

## ഇൻഡൊനേഷ്യൻ ഗതി ഇടതുപക്ഷത്തേക്കു്

ദക്ഷിണപൂർവ്വേഷ്യയിൽ അത്യധികം നയതന്ത്രപ്രാധാന്യമുള്ള ഒരു റിപ്പബ്ലിക്കാണു് ഇൻഡൊനേഷ്യ. 1950 ലാണു് ഡച്ചുകാർ അവിടെ സ്വാതന്ത്ര്യം നൽകി സ്ഥലംവിട്ടതു്. അന്നുമുതൽ രാജ്യത്തെ ഒരു പ്രമുഖപാർട്ടിയായ മസ്ജൂമിയാണു് മന്ത്രിസഭ രൂപവൽക്കരിച്ചു് ഭരണം നടത്തിയതു്. എന്നാൽ കഴിഞ്ഞമാസം അവിടെയുണ്ടായ ഒരു മന്ത്രിസഭാക്കുഴപ്പത്തെ തുടർന്നു് ഭരണഭാരം കൈകയേററിരിക്കുന്ന നാഷണലിസ്റ്റു് പാർട്ടി ഇടതുപക്ഷത്തിന്റെ പിടിയിൽ പെട്ടിരിക്കയാണു്. കമ്മ്യൂണിസ്റ്റു് പത്രങ്ങളെല്ലാം ഈ പുതിയ വ്യതിയാനത്തെ ഹാർദ്ദമായി സ്വാഗതം ചെയ്തിരിക്കുന്നു. എന്നല്ല, പുതിയ ഗവൺമെൻറിനു് മോസ്കോയുമായിട്ടും സമ്പർക്കമുള്ളതായി പറയപ്പെടുന്നു. ഏഷ്യയെ സംബന്ധിച്ചിടത്തോളം ഇതു ഒട്ടും ആശാസ്യമായ ഒരു പരിവർത്തനമല്ലെന്നു പറയേണ്ടതില്ലല്ലോ. തീരെക്കൊച്ചിയിലും നേരത്തെ ഒത്തുപിടിച്ചു ശ്രമിക്കേണ്ടതിന്റെ ആവശ്യകതയാണു് ഇതെല്ലാം വിളിച്ചറിയിക്കുന്നതു്.

## അഖിലലോക "മല്ലൻ" കത്തോലിക്കാസഭയിലേക്കു്

ഒരുകാലത്തു അഖിലലോക "മല്ലൻ" എന്ന പ്രഖ്യാതി സമ്പാദിച്ച ആൽമക്ക്റോയി എന്ന ദേഹം ഗുസ്തിജോലികളിൽനിന്നെല്ലാം വിരമിച്ചു് ഇപ്പോൾ കാലിഫോർണിയായിൽ വിശ്രമിക്കയാണു്. ഷഷ്ടിപൂർത്തിയിലെത്തിയ ആ വിശ്വവിശ്രുതൻ ഈയിടെ കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. 1915-ൽ അദ്ദേഹം യൂറോപ്പുപര്യടനം നടത്തിക്കൊണ്ടിരിക്കയിൽ വത്തിക്കാനിലെത്തി 15-ാം ബെനഡിക്ടു് മാർപ്പാപ്പായെയും സന്ദർശിക്കയുണ്ടായി. അരമണിക്കൂറോളം പരിശുദ്ധ പിതാവു് അദ്ദേഹവുമായി സംസാരിച്ചു. സന്ദർശനാവസാനത്തിൽ തിരുമേനി അദ്ദേഹത്തിനു ഒരു ജപമാലയാണു് സമ്മാനിച്ചതു്. "ആ സന്ദർശനവും ആ ജപമാലയുമാണു് ഇന്നു എന്നെ കത്തോലിക്കാസഭയിലേക്കു് ആനയിച്ചിരിക്കുന്നതു്" എന്നത്രെ തന്റെ മാനസാന്തരം സംബന്ധിച്ചു് ആൽ പ്രസ്താവിച്ചതു്.

## വെള്ളപ്പൊക്കം വത്തിക്കാനിൽ വരുത്തിയ നഷ്ടം

ഇററലിയിലെ വെള്ളപ്പൊക്കം നിമിത്തമുണ്ടായ കഷ്ടനഷ്ടങ്ങളുടെ വിശദവിവരങ്ങൾ ഇപ്പോഴാണു് കിട്ടിക്കൊണ്ടിരിക്കുന്നതു്. 40 അടി ഉയരത്തിൽ വത്തിക്കാനു ചുററുമുള്ള മതിൽക്കെട്ടിന്മേൽ ജലപ്രവാഹം ശക്തിയായി തട്ടി. വത്തിക്കാൻ മ്യൂസിയത്തിലേക്കുള്ള പ്രവേശനത്തിനടുത്താണു് ആദ്യം ഒരു വിടവുണ്ടായതു്. 120 അടി ദൈർഘ്യത്തിൽ മതിൽ മറിഞ്ഞുവീണുപോയി. തെരുവീഥി വിജനമായിരുന്നതിനാൽ ആൾനാശം ഒന്നും ഉണ്ടായില്ല. മ്യൂസിയത്തിലേക്കും വെള്ളം ഇരച്ചുകയറി. എങ്കിലും കെട്ടിടത്തിനു കേടൊന്നും സംഭവിച്ചില്ല. കാർഡിനൽ കനാലിയുടെ അവിടത്തെ വാസസ്ഥലം ഒരു പ്രളയമായി തീർന്നു.

## അർജെൻറീനായിലെ ക്രിസ്ത്യൻ ഡെമോക്രാററു് ലീഡർ അറസ്റ്റിൽ

തെക്കേ അമേരിക്കയിലെ അർജെൻറീനാ റിപ്പബ്ലിക്കു് ഒന്നിനൊന്നു് അധ:പതിച്ചുവരുന്ന മട്ടാണു്. അവിടെ ഭരണം നടത്തുന്ന പേറോൺ എന്ന പ്രധാനമന്ത്രി ക്രമേണ സേഛാധിപത്യത്തിലേക്കു് അടിവെക്കുന്നതായി കാണപ്പെടുന്നു. ജനാധിപത്യക്രമങ്ങൾ അവിടെ നിലച്ചുപോകുന്നതിനു ഒരു പ്രതിപക്ഷകക്ഷിയും അക്ഷീണശ്രമം ചെയ്യുന്നുണ്ടു്. ക്രിസ്ത്യൻ ഡെമോക്രാററിക്കു് കക്ഷിയെ അവിടെ ശക്തിപ്പെടുത്താനാണു് അവരുടെ ശ്രമം. അതിന്റെ നേതാവായ ഡോക്ടർ മാനുവൽ ഒർഡോനെസു് അതിലേക്കു് യൂറോപ്യൻ രാജ്യങ്ങളെല്ലാം ഒരു പര്യടനം നടത്തുകയായിരുന്നു. അദ്ദേഹം തിരികെ സ്വരാജ്യത്തെത്തിയ ഉടനെ പേറോൻ അദ്ദേഹത്തെ അറസ്റ്റുചെയ്തു തടവിലടയ്ക്കുകയാണു് ചെയ്തതു്.

## കൊറിയാരാജ്യത്തെ ഫാത്തിമാനാഥയ്ക്കു സമർപ്പിച്ചു

കഴിഞ്ഞ ഈസ്റ്റർഘോഷങ്ങൾക്കിടയിൽ കൊറിയായിൽ പ്രത്യാശാപൂർവ്വകമായ ഒരു സംഭവമുണ്ടായി. അമേരിക്കൻ ഒന്നാം ഡിവിഷൻ സൈന്യം ഒരു പർവ്വതപ്രാന്തത്തിൽ താവളമുറപ്പിച്ചു കിടക്കുകയായിരുന്നു. ആഘോഷങ്ങളുടെ മദ്ധ്യേ അവർ കൊറിയായെ ഫാത്തിമാനാഥയ്ക്കു പ്രതിഷ്ഠിക്കയും താഴെപ്പറയുന്ന പ്രതിജ്ഞ പരസ്യമായി ഉച്ചരിക്കയും ചെയ്തു: "ഈ സൈന്യവിഭാഗത്തിൽപ്പെട്ട കത്തോലിക്കാഭടന്മാരായ ഞങ്ങൾ, റഷ്യയുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനുംവേണ്ടി ഫാത്തിമാനാഥയോടു് നിത്യം പ്രാർത്ഥിക്കുന്നതാണെന്നു ഇതിനാൽ വാഗ്ദാനം ചെയ്തുകൊള്ളുന്നു."

## കമ്മ്യൂണിസ്റ്റുപത്രം പരുങ്ങലിലായിരിക്കുന്നു

ന്യൂയോർക്കിലെ പ്രസിദ്ധ കമ്മ്യൂണിസ്റ്റുപത്രമായ "ഡെയിലി വർക്കർ" പണദൗർല്ലഭ്യംനിമിത്തം വീണ്ടും കുഴപ്പത്തിലായിരിക്കുന്നു. ഇക്കഴിഞ്ഞ ഒരു ഞായറാഴ്ചപ്പതിപ്പിന്റെ ആദ്യപെയ്ജിൽ വെണ്ടക്കാ അക്ഷരത്തിൽ ഒരു അഭ്യർത്ഥന പ്രസിദ്ധപ്പെടുത്തിയിരുന്നു. പലവകയിലായി കടം വർദ്ധിച്ചിരിക്കയാൽ 60,000 ഡോളർ ഉടനെ ഉണ്ടാകേണ്ടിയിരിക്കുന്നു എന്നും ആഴ്ചയിൽ 10,000 ഡോളർവീതം ആറാഴ്ചകൊണ്ടു് ഈ തുക ഉണ്ടാക്കിത്തരാൻ അഭ്യുദയകാംക്ഷികൾ മുന്നിട്ടുവരാത്തപക്ഷം പത്രം തുടർന്നുപോകാൻ സാധിക്കയില്ലെന്നുമായിരുന്നു ആ വിജ്ഞാപനം. ആദ്യത്തെ ആഴ്ചയുടെ 11 ദിവസങ്ങൾ കഴിഞ്ഞിട്ടും 4000 ഡോളർ മാത്രമാണു് പിരിഞ്ഞുകിട്ടിയതു്. അതിനാൽ ഈ നിലയിൽ മുന്നോട്ടുപോകുക സാദ്ധ്യമല്ലെന്നു കഴിഞ്ഞലക്കത്തിൽ ഇവർ പ്രസ്താവിച്ചിട്ടുണ്ടു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

